## പേജുകളിൽ...


സർക്കുലർ ................................................ 533

സർക്കുലർ ................................................ 541

ലേഖനം .................................................... 546

ലേഖനം .................................................... 552

ലേഖനം .................................................... 559

എൻട്രൻസ് കോച്ചിംഗ് ......................... 565

പൗരോഹിത്യ ചിന്തകൾ ...................... 567

അറിയിപ്പുകൾ ......................................... 575

ആദിലാബാദ് വാർത്തകൾ...................579

വാർത്തകൾ ............................................. 581

നിര്യാതരായി ........................................... 600

Prayer day .................................... 601

പിതാവിന്റെ ഡയറിയിൽ നിന്ന്........... 602

Bishop's Engagements .................. 605


**നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...**
**മനുഷ്യർ നിങ്ങളുടെ സൽപ്രവൃത്തികൾ കണ്ട്,**
**സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ**
**മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം**
**അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ.**

**മത്തായി 5:14-16**

### സാന്ത്വനപ്രകാശമേ, നയിച്ചാലും

# സാന്ത്വനപ്രകാശം

### പാലാ രൂപതാ ബുള്ളറ്റിൻ


Vol. LIX | AUGUST 2009 | No. 8

ˇ

പാലാ രൂപതാ മെത്രാൻ

ഫ്രാൻസിലെ ലിയോൺസിനു സമീപമുള്ള ഡാർഡില്ലി എന്ന ഗ്രാമത്തിലാണ് ജോൺ മരിയ വിയാനി ജനിച്ചത്. മാതാപിതാക്കന്മാർ കർഷകരായിരുന്നു. ജോൺ 1813-ൽ സെമിനാരിയിൽ പ്രവേശിച്ചു. കുട്ടിയുടെ സ്വഭാവം വളരെ വിശിഷ്ടമാണെന്ന് മേലധികാരികൾ രേഖപ്പെടുത്തിയിരുന്നു. സെമിനാരിക്കാരുടെ ഇടയിൽ ഭക്തിയുടെ കാര്യത്തിൽ ഒന്നാംസ്ഥാനം ജോൺ വിയാനിക്കായിരുന്നു. 1815, ആഗസ്റ്റ് 13-നു തിരുപ്പട്ടം സ്വീകരിച്ചു. തുടർന്ന് ആഴ്സിലെ വികാരിയായി. 73-ാമത്തെ വയസ്സിൽ 1859 ആഗസ്റ്റ് 4-ന് നിര്യാതനായി. മരണത്തിന്റെ 150-ാം വർഷമാണിത്. വൈദികവർഷത്തിൽ നമ്മുടെ ആത്മീയ ഉണർവ്വിനായി പരി. പിതാവ് വിയാനിപുണ്യവാളന്റെ ജീവിതമാണ് നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്നത്. വൈദികവർഷം ഉദ്ഘാടനം ചെയ്ത ജൂൺ 19-ന് (തിരുഹൃദയത്തിരുനാൾ) പരി. പിതാവ് വൈദികർക്ക് നല്കിയ കത്തിലെ പ്രസക്തഭാഗങ്ങൾ ചുവടെ ചേർക്കുന്നു: ബഹു. വൈദികരെല്ലാം ഈ ചിന്തകൾ പഠിക്കുകയും വിശ്വാസികളുടെ സമൂഹവുമായി പങ്കുവയ്ക്കുകയും ചെയ്യുമല്ലോ.

## വി. ജോൺ മരിയ വിയാനിയുടെ ചിന്തകൾ

വിയാനിയച്ചൻ എപ്പോഴും പറഞ്ഞിരുന്നത്: "പൗരോഹിത്യം എന്നത് ഈശോയുടെ തിരുഹൃദയത്തിന്റെ സ്നേഹമാണ്."

"പുരോഹിതർ ഏകജാതന്റെ (ഈശോയുടെ) സ്നേഹിതരാണ്."

"ഒരു നല്ല ഇടയൻ, ഈശോയുടെ ഹൃദയത്തിനു യോജിച്ച ഒരു പുരോഹിതൻ, നാഥനിൽനിന്ന് ഒരു ഇടവകയ്ക്ക് ലഭിക്കുന്ന ഏറ്റവും



വലിയ നിധിയാണ്. ദൈവികകാരുണ്യത്തിന്റെ അമൂല്യമായ സമ്മാനമാണ്."

"ഒരു പുരോഹിതൻ ആരാണെന്ന് വേണ്ടവിധം മനസ്സിലാക്കിയാൽ അവൻ മരിക്കും. ദൈവം അവനെ അനുസരിക്കുന്നു. അവൻ (പുരോഹിതൻ) ഏതാനും വാക്കുകൾമാത്രം ഉച്ചരിക്കുന്നു. അവന്റെ ശബ്ദത്തെ മാനിച്ച് ഈശോ സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവരുന്നു. ഒരു ചെറിയ ഓസ്തിയിൽ പൂർണ്ണമായും സന്നിഹിതനായിരിക്കുന്നു."

വി. കൂദാശകളുടെ പ്രാധാന്യം ഇടവകവിശ്വാസികൾക്ക് വിശദീകരിച്ചുകൊണ്ട് വിയാനിയച്ചൻ പറയുന്നു:

"തിരുപ്പട്ടം എന്ന കൂദാശയില്ലായിരുന്നെങ്കിൽ ദിവ്യനാഥനെ നമുക്ക് സ്വീകരിക്കുവാനും അനുഭവിക്കുവാനും സാധിക്കാതെ പോകുമായിരുന്നു."

"നാഥനെ ആരാണ് സക്രാരിയിൽ വയ്ക്കുന്നത്? പുരോഹിതൻ. നീ ഭൂമിയിലേക്ക് പിറന്നുവീണപ്പോൾ നിന്റെ ആത്മാവിനെ സ്വാഗതം ചെയ്തത് (മാമ്മോദീസായിലൂടെ) ആരാണ്? പുരോഹിതൻ.

നിന്റെ ആത്മാവിനെ ശക്തിപ്പെടുത്തുന്നതും യാത്രയിൽ ഭക്ഷണം നല്കുന്നതും ആരാണ്? പുരോഹിതൻ.

ആത്മാവിന്റെ കറകൾ കഴുകി വെടിപ്പാക്കി നാഥന്റെ പക്കൽ നില്ക്കാൻ നിന്നെ ഒരുക്കുന്നത് ആരാണ്? പുരോഹിതൻ.

ഈ ആത്മാവ് പാപംമൂലം മരിക്കുമ്പോൾ അവനെ ഉയിർപ്പിക്കുന്നത് ആരാണ്? പുരോഹിതൻ.

ദൈവം കഴിഞ്ഞാൽ എല്ലാം പുരോഹിതനാണ്. സ്വർഗ്ഗത്തിൽ എത്തുമ്പോൾ മാത്രമേ അവൻ ആരാകുന്നു എന്ന് അവൻ അറിയുന്നുള്ളൂ."

"പുരോഹിതനെക്കൂടാതെ മിശിഹായുടെ സഹനവും മരണവും നമുക്ക് അപ്രാപ്യമാണ്. രക്ഷണീയകർമ്മം ഭൂമിയിൽ തുടരുന്നത് പുരോഹിതനാണ്. ഒരു വീട് നിറയെ സ്വർണ്ണമായിരിക്കുകയും അത് തുറന്നുതരാൻ ആളില്ലാതിരിക്കുകയും ചെയ്താലത്തെ അവസ്ഥ എന്തായിരിക്കും? സ്വർഗ്ഗീയനിധിയുടെ താക്കോൽസൂക്ഷിപ്പുകാരൻ പുരോഹി

തനാണ്. ആ നിക്ഷേപ ഭണ്ഡാരത്തിന്റെ വാതിൽ തുറക്കുന്നത് പുരോഹിതനാണ്. നാഥന്റെ കാര്യസ്ഥനാണവൻ. നാഥന്റെ നന്മകൾ പരികർമ്മം ചെയ്യുന്നവനാണവൻ. ഒരു ഇടവക 20 വർഷത്തേക്ക് ഒരു വൈദികനില്ലാതെ വിടുക, ആ ഇടവകക്കാർ മൃഗങ്ങളെ ആരാധിച്ച് എല്ലാം അവസാനിപ്പിക്കും. ഒരു പുരോഹിതനും തനിക്കുവേണ്ടിയല്ല പുരോഹിതനാകുന്നത്. അപരനുവേണ്ടിയാണ്, നിനക്കുവേണ്ടിയാണ്."

വിയാനിഅച്ചനെ ആർസിലേക്ക് അയച്ചപ്പോൾ മെത്രാൻ പറഞ്ഞു: "ആ ഇടവകയിൽ ദൈവസ്നേഹം തീരെ കുറവാണ്. നീയാണ് അത് അവർക്ക് നല്കേണ്ടത്." വിയാനിയച്ചൻ പ്രാർത്ഥിച്ചു: "നാഥാ, ഈ ഇടവകയുടെ മാനസാന്തരം സാധ്യമാക്കിത്തരണേ. നീ ആഗ്രഹിക്കുന്നിടത്തോളം സഹിക്കാൻ ഞാൻ തയ്യാറാണ്. ജീവിതകാലം മുഴുവൻ ഞാൻ സഹിച്ചുകൊള്ളാം." ഈ യാചനാപ്രാർത്ഥനയോടുകൂടിയാണ് വിയാനിയച്ചൻ ഇടവകപ്രവർത്തനങ്ങളിലേക്ക് ഇറങ്ങിയത്. ആർസിലെ ജനങ്ങളുടെ ക്രൈസ്തവവിദ്യാഭ്യാസപരിശീലനം മാത്രമായിരുന്നു വിയാനിഅച്ചന്റെ ലക്ഷ്യം. പരി. പിതാവ് ബനഡിക്ട് പതിനാറാമൻ പറയുന്നു: വിയാനിയച്ചന് സുവ്യക്തമായ ഒരു pastoral plan (അജപാലന പദ്ധതി) ഉണ്ടായിരുന്നു. അത് എല്ലാ വൈദികരും അനുകരിക്കാൻ പരിശ്രമിക്കണം. അതിനായി ചെയ്യേണ്ടത് ഒന്നുമാത്രമാണ്. പുരോഹിതനും പുരോഹിതശുശ്രൂഷയും തമ്മിൽ പൂർണ്ണമായ ബന്ധവും ഐക്യവും സ്ഥാപിക്കുക. ഈശോയിൽ person-ഉം mission-ഉം തമ്മിൽ അന്തരമില്ല. ദൈവപിതാവിന്റെ തിരുമനസ്സു നിറവേറ്റുകമാത്രമായിരുന്നു ഈശോയുടെ ലക്ഷ്യം. ഓരോ വൈദികനും ഇതിനുവേണ്ടി പ്രയത്നിക്കണം. വിയാനിയച്ചൻ ഇത് സാധ്യമാക്കിയത് സാധിക്കുന്ന സമയങ്ങളിലെല്ലാം തന്നെ ഏല്പിച്ച ഇടവകയായ ആർസിൽതന്നെ കാണും എന്ന നിർബന്ധത്തിലാണ്."

വിയാനിപുണ്യവാന്റെ ആദ്യജീവചരിത്രകാരന്റെ വാക്കുകൾ: "അദ്ദേഹം വന്ന ഉടനെതന്നെ ഇവിടെയുള്ള പള്ളി അദ്ദേഹം സ്വന്തം വീടുപോലെ കരുതി. പുലരിക്കുമുമ്പേ അദ്ദേഹം പള്ളിയിൽ പ്രവേശിക്കും. സന്ധ്യാപ്രാർത്ഥനവരെ പള്ളിക്കകത്തുതന്നെയായിരുന്നു." ഈ സത്യം നിലനിൽക്കേതന്നെ അദ്ദേഹം തന്റെ ഇടവകയിലെ ഭവനങ്ങൾ സന്ദർശിക്കുകയും രോഗികളെ കണ്ട് ആശ്വസിപ്പിക്കുകയും നിർദ്ധനരെക്കണ്ട് അവർക്ക് സഹായം നല്കുകയും, പൊതുസ്വഭാവമുള്ള



മിഷൻപ്രവർത്തനം നടത്തുകയും പള്ളി വലുതാക്കുകയും മനോഹരമാക്കുകയും ദരിദ്രരായ കുട്ടികൾക്ക് പഠനത്തിനായി സാമ്പത്തിക സഹായം നല്കുകയും അൽമായസന്നദ്ധസംഘടനകൾ രൂപീകരിക്കുകയുമെല്ലാം ചെയ്തു. ഇതായിരുന്നു വിയാനിഅച്ചന്റെ അജപാലന പദ്ധതി. വൈദികരും അൽമായരും ചേർന്ന് ഒറ്റ പുരോഹിതജനം എന്നുള്ള ചിന്തയ്ക്കും കൂട്ടായ പ്രവർത്തനങ്ങൾക്കും ഊന്നൽ നല്കണമെന്ന് ബനഡിക്ട് പിതാവ് നിർദ്ദേശിച്ചിരിക്കുന്നു.

വിയാനിയച്ചൻ തന്റെ ഇടവകക്കാരെ പഠിപ്പിച്ചത് പ്രധാനമായും തന്റെ ജീവിതമാതൃക കൊണ്ടാണ്. വിയാനിയച്ചൻ പറയുന്നു: "നന്നായിട്ട് പ്രാർത്ഥിക്കണമെന്ന് ഏറെ പറയേണ്ട കാര്യമില്ല. ഈശോ സക്രാരിയിൽ ഉണ്ട് എന്ന് നമുക്കറിയാം. നമ്മുടെ ഹൃദയങ്ങളെ നമുക്ക് അവന്റെ നേർക്ക് തുറക്കാം. അവന്റെ സജീവസാന്നിദ്ധ്യത്തിൽ നമുക്ക് സന്തോഷിക്കാം. ഇതാണ് ഏറ്റവും നല്ല പ്രാർത്ഥന."

തുടരുന്നു: "എന്റെ പ്രിയപ്പെട്ട സഹോദരങ്ങളെ വി. കുർബാന സ്വീകരിക്കുവാൻ വരുവിൻ. ഈശോയിലേക്ക് വരുവിൻ; അവനോടുകൂടി ജീവിക്കാൻവേണ്ടി അവനിൽനിന്നു ജീവിക്കാൻ പഠിക്കുവിൻ."

"നീ അവനെ സ്വീകരിക്കാൻ യോഗ്യനല്ല; പക്ഷേ നിനക്ക് അവനെക്കൊണ്ട് ആവശ്യമുണ്ട്."

വി. കുർബാനയുടെ വലിയ ഭക്തനായിരുന്നു വിയാനിയച്ചൻ. ദൃക്സാക്ഷികൾ പറയുന്നു: 'വിയാനിയച്ചൻ നടത്തുന്നതിനേക്കാൾ നല്ല ഒരു ആരാധന നമുക്കു ചിന്തിക്കാൻപോലും സാധിക്കുകയില്ല. അഗാധമായ സ്നേഹവായ്പോടെ തിരുവോസ്തിയെ നോക്കി അച്ചൻ ധ്യാനിച്ചിരിക്കുമായിരുന്നു.'

വിയാനിയച്ചൻ പറയുന്നു: "എല്ലാ നന്മപ്രവൃത്തികളും ഒരുമിച്ചുകൂട്ടി നോക്കിയാലും വി. കുർബാനയ്ക്ക് ഒപ്പം ആവുകയില്ല. കാരണം മറ്റെല്ലാ പ്രവൃത്തികളും മനുഷ്യന്റെ ജോലികളാണ്. വി. കുർബാന ദൈവത്തിന്റെ പ്രവൃത്തിയാണ്." "ഒരു വൈദികൻ എന്തുകൊണ്ട് അശ്രദ്ധനായിട്ട് പെരുമാറുന്നു എന്ന് ചോദിച്ചാൽ വി. കുർബാനയ്ക്ക് അവൻ വേണ്ട ശ്രദ്ധ കൊടുക്കുന്നില്ല എന്നതാണ് ഉത്തരം. കേവലം ഒരു ചടങ്ങ് എന്നിലയിൽ വി. കുർബാന അർപ്പിക്കുന്ന വൈദികന്റെ കാര്യം എത്ര കഷ്ടമാണ്."

വിയാനിയച്ചൻ വി. കുർബാന അർപ്പിക്കുന്ന അവസരത്തിൽ തന്റെ ജീവിതംകൂടി ബലിയോട് ചേർത്ത് ഉത്തമ ബലിയാക്കി. "ഓരോ വൈദികനും തന്നെക്കൂടി ബലിയോട് ചേർത്ത് അർപ്പിക്കാൻ സാധിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നു."

അൾത്താരയിൽനിന്ന് കുമ്പസാരക്കൂട്ടിലേക്ക് എന്നതായിരുന്നു വിയാനിയച്ചന്റെ അജപാലന തത്ത്വം. വിയാനിയച്ചന്റെ കാലത്ത് കുമ്പസാരം എന്ന കൂദാശയോട് ഫ്രാൻസിൽ വലിയ എതിർപ്പും താല്പര്യമില്ലായ്മയുമായിരുന്നു. എന്നാൽ അച്ചൻ തന്റെ പ്രസംഗം വഴിയും നിർബന്ധം വഴിയും ഈ കൂദാശയുടെ അർത്ഥവും പ്രാധാന്യവും ജനങ്ങൾക്ക് മനസ്സിലാക്കിക്കൊടുത്തു. വി. കുർബാനയോട് ബന്ധിപ്പിച്ചാണ് അദ്ദേഹം ഈ പ്രബോധനം നല്കിയിരുന്നത്. വി. കുർബാനയുടെ മുമ്പിൽ താൻ ഇരിക്കുന്നതുപോലെ ആരാധനാമനോഭാവത്തോടെ ഇരിക്കാൻ ജനങ്ങളെയും ഒരുക്കി. ഫ്രാൻസിന്റെ നാനാഭാഗങ്ങളിൽനിന്നും വിശ്വാസികൾ പാപമോചനം നേടാനായി ആർസിലേക്ക് വരാൻ തുടങ്ങി. ദിവസം 16 മണിക്കൂറുകൾവരെ അദ്ദേഹം കുമ്പസാരക്കൂട്ടിൽ ശുശ്രൂഷയിലായിരിക്കാൻ തുടങ്ങി. ആർസ് അങ്ങനെ ആത്മാക്കളുടെ ആശുപത്രിയായി മാറി എന്ന് ബനഡിക്ട് പരി. പിതാവ് പറയുന്നു. അച്ചനിലൂടെ ജനങ്ങളിലേക്ക് ദൈവത്തിന്റെ കൃപ ഒഴുകിത്തുടങ്ങി.

വിയാനിയച്ചൻ പറയുന്നു: "ക്ഷമ ചോദിച്ചുകൊണ്ട് ഒരു പാപിയല്ല ദൈവത്തിന്റെ പക്കലേക്ക് തിരിയുന്നത്, മറിച്ച് ദൈവം തന്നെ പാപിയുടെ പക്കലേക്ക് ഓടുകയാണ്. ദൈവം അവനെ തന്നിലേക്ക് തിരിച്ചു വിളിക്കുകയാണ്. നമ്മുടെ നല്ല രക്ഷകൻ സ്നേഹംകൊണ്ട് നിറഞ്ഞവനാണ്. അവൻ പാപികളായ നമ്മെ എല്ലായിടത്തും അന്വേഷിക്കും." എല്ലാ വൈദികരും കുമ്പസാരമെന്ന കൂദാശ പരികർമ്മം ചെയ്യാൻ ഏതു സമയത്തും തയ്യാറായിരിക്കണമെന്ന് വിയാനിയച്ചൻ പഠിപ്പിക്കുന്നു.

ബനഡിക്ട് പിതാവ് പറയുന്നു: "കുമ്പസാരമെന്ന കൂദാശയിൽ പരാജയപ്പെടാൻ പാടില്ലാത്ത ഒരു വിശ്വാസം അർപ്പിക്കുവാൻ വി. ജോൺ വിയാനിയിൽനിന്ന് നാം പഠിക്കണം. ഈ കൂദാശയെ നമ്മുടെ അജപാലനപ്രവർത്തനങ്ങളുടെ കേന്ദ്രസ്ഥാനത്തു നിർത്തണം. അത് പ്രദാനം ചെയ്യുന്ന രക്ഷയുടെ സന്ദേശം ഒരിക്കൽക്കൂടി സ്ഥാപിക്കണം."



ഓരോ പാപിയുടേയും പശ്ചാത്തലങ്ങൾകൂടി പഠിച്ചാണ് വിയാനിയച്ചൻ ഉപദേശം നല്കിയിരുന്നത്. അനുതപിക്കുന്ന ഒരു പാപി ദൈവികസ്നേഹത്തിന്റെ സാഗരത്തിലേക്കാണ് ഒഴുകിയെത്തുന്നത്.

ഇനിയും താൻ പാപം ചെയ്തുപോകുമോ എന്ന പ്രയാസത്തോടുകൂടിതന്നെ സമീപിച്ചവരോട് വിയാനിയച്ചൻ പറയുന്നത്: "നല്ല ദൈവത്തിന് എല്ലാം അറിയാം. നീ കുമ്പസാരിക്കുന്നതിനുമുമ്പുതന്നെ അവിടുത്തേയ്ക്കറിയാം നീ ഇനിയും പാപം ചെയ്യുമെന്ന്. എങ്കിലും അവൻ നിനക്ക് പാപമോചനം നല്കും. നമ്മുടെ ദൈവത്തിന്റെ സ്നേഹം എത്ര വലുതാണ്."

എന്നാൽ വേണ്ടത്ര ഒരുക്കവും ഭക്തിയുമില്ലാതെ കുമ്പസാരിക്കാൻ വരുന്നവരോട് ഏറെ കർക്കശമായിട്ടുതന്നെയാണ് വിയാനിയച്ചൻ പെരുമാറിയിരുന്നത്. "ഞാൻ കരയുന്നു, കാരണം നീ കരയുന്നില്ല അതുതന്നെ. ദൈവം ഇത്ര നല്ലവനല്ലായിരുന്നെങ്കിൽ എന്നു ആശിച്ചുപോവുകയാണ്. പക്ഷേ അവൻ നല്ലവനാണ്, നന്മ മാത്രമാണ്. ഒരു മൃഗത്തിന് മാത്രമേ ഇത്രയും നല്ല ദൈവത്തോട് ഇതുപോലെ പെരുമാറാൻ സാധിക്കുകയുള്ളു."

ദൈവസ്നേഹത്തിന്റെ ആഴങ്ങളിലേക്ക് വിയാനിയച്ചൻ പാപികളെ എത്തിച്ചു. അനുതപിക്കാത്ത പാപികളെക്കുറിച്ച് ദൈവം വേദനിക്കുന്നുണ്ട്. അത് കുമ്പസാരക്കാരനായ വൈദികരുടെ മുഖത്ത് കാണാമെന്ന് വിയാനിയച്ചൻ പറഞ്ഞുപഠിപ്പിച്ചു. അനുതപിച്ചുവരുന്നവർക്ക് ദൈവസ്നേഹത്തിന്റെ ആഴങ്ങൾ വിവരിച്ചുകൊടുത്തു. ദൈവത്തോടുള്ള ഐക്യത്തിൽ അവർണ്ണനീയമായ സൗന്ദര്യമുണ്ടെന്ന് ഉപദേശിച്ചു. ദൈവസാന്നിധ്യത്തിൽ ജീവിക്കാൻ സാധിക്കുന്നത് ഏറ്റവും വലിയ പുണ്യമാണെന്നും പ്രബോധിപ്പിച്ചു. "എല്ലാം ദൈവത്തിന്റെ കണ്ണുകൾക്കുമുമ്പിൽ, എല്ലാം ദൈവത്തോടുകൂടെ, എല്ലാം ദൈവത്തെ സന്തോഷിപ്പിക്കാൻ മാത്രം. ഇത് എത്ര മനോഹരം." ഇവിടെ ഒരു മിസ്റ്റിക്കിനെപ്പോലെ അച്ചൻ സംസാരിക്കുകയാണ്. പിന്നീട് ജനങ്ങളെ ഈ പ്രാർത്ഥന പഠിപ്പിച്ചു: "എന്റെ ദൈവമേ എന്നാൽ സാധിക്കുന്ന വിധം നിന്നെ സ്നേഹിക്കാൻ എന്നെ പഠിപ്പിക്കണമേ."

ആർസിനെ മുഴുവൻ മാനസാന്തരപ്പെടുത്താൻ വിയാനിഅച്ചനു സാധിച്ചു. ദൈവത്തിന്റെ കരുണയിലേക്കും സ്നേഹത്തിലേക്കുമാണ്

അച്ചൻ ജനങ്ങളെ എത്തിച്ചത്. നമ്മുടെ ഇക്കാലത്തും ഏറ്റവും ആവശ്യമായ കാര്യം ഈ അജപാലനശുശ്രൂഷയാണെന്ന് പരി. പിതാവ് എടുത്തു കാണിക്കുന്നു. വചനത്തിലും വി. കുർബാനയിലും ഊന്നി നിന്നുകൊണ്ടാണ് വിയാനിയച്ചൻ ഈ ആത്മീയ ശുശ്രൂഷ ചെയ്തത്. ആത്മാക്കളുടെ രക്ഷയ്ക്കുവേണ്ടിയുള്ള ഒരു apostolic zeal-ന്റെ ഉടമയായിരുന്നു വിയാനിയച്ചൻ എന്ന് ബനഡിക്ട് പിതാവ് സാക്ഷ്യപ്പെടുത്തുന്നു. വൈദികർക്ക് ഈ എരിയുന്ന തീക്ഷ്ണത വേണം. വിയാനിയച്ചൻ പറയുന്നു: "ഇടവകവൈദികരുടെ ഏറ്റവും വലിയ ദുരവസ്ഥ എന്നത് നമ്മുടെ ആത്മാക്കൾക്ക് വേണ്ടത്ര ചൂടില്ല, ചെറിയ തീക്ഷ്ണതയേ ഉള്ളൂ എന്നതത്രേ. പാപബോധചിന്ത കുറഞ്ഞുവരുന്നു എന്നതാണ് ഏറ്റവും വലിയ പരാജയം. പരി. പിതാവ് പറയുന്നു: "വിയാനിയച്ചൻ തന്റെതന്നെ ശരീരത്തോട് വലിയ യുദ്ധം ചെയ്തു. ജാഗരണവും ഉപവാസവും പ്രാർത്ഥനയും വഴിയാണിത് നടപ്പിലാക്കിയത്. അത് അവന്റെ 'പുരോഹിത ആത്മാവിനെ' സംരക്ഷിക്കാൻ വേണ്ടിയായിരുന്നു."

സഹവൈദികരോട് വിയാനിയച്ചൻ പറഞ്ഞിരുന്നു: "കാര്യങ്ങൾ നന്നായി നടത്താനുള്ള ഒരു ഉപാധി നിങ്ങൾക്ക് ഞാൻ പറഞ്ഞുതരാം. കുമ്പസാരത്തിനു വരുന്ന പാപികൾക്ക് ഞാൻ ചെറിയ ഒരു പ്രായശ്ചിത്തമേ കൊടുക്കാറുള്ളൂ. ബാക്കി അവർക്കുവേണ്ടി അവരുടെ സ്ഥാനത്തുനിന്ന് ഞാൻതന്നെ ചെയ്യുകയാണ്." മിശിഹാ തന്റെ രക്തം വിലയായി കൊടുത്തുനേടിയതാണ് ആത്മാക്കളുടെ രക്ഷ. രക്ഷയുടെ ഈ 'precious cost'-ൽ ഓരോ വൈദികനും വ്യക്തിപരമായിട്ട് പങ്കുപറ്റിയാൽ മാത്രമേ അവന് ദൈവജനത്തിന്റെ ആത്മാക്കളുടെ രക്ഷയ്ക്കായി ശുശ്രൂഷ ചെയ്യാൻ സാധിക്കുകയുള്ളു.

സുവിശേഷത്തിന് യഥാർത്ഥ സാക്ഷ്യം വഹിക്കുന്ന വൈദികർ ഏറെ ആവശ്യമുള്ള ഒരു കാലഘട്ടമാണിത്. ആറാം പൗലോസ് പാപ്പാ ഒരിക്കൽ പറഞ്ഞു: "ആധുനികമനുഷ്യൻ അധ്യാപകരേക്കാൾ സാക്ഷികളെയാണ് ശ്രദ്ധിക്കുന്നത്. അവൻ അധ്യാപകരെ ശ്രദ്ധിക്കുന്നെങ്കിൽ അതിനു കാരണം അവർ സാക്ഷികളും കൂടിയാണ് എന്നത്രേ." പരി പിതാവ് ഓരോ വൈദികനും തന്നോടുതന്നെ ചോദിക്കേണ്ട ചോദ്യങ്ങൾ നല്കുന്നു: വൈദികശുശ്രൂഷ ഫലപ്രദമാക്കാൻ നാം നമ്മോടുതന്നെ എപ്പോഴും ചോദിച്ചുകൊണ്ടിരിക്കണം. നമ്മുടെ ജീവിതത്തി



ലേക്ക് വചനം തുളച്ചുകയറുന്നുണ്ടോ? വചനമാണോ നമ്മുടെ യഥാർത്ഥഭക്ഷണം. നമ്മുടെ അനുദിന സാധാരണഭക്ഷണത്തേക്കാൾ നമുക്കത് പ്രിയമാണോ? നമുക്ക് ആ വചനം നല്ലതുപോലെ പരിചയമുണ്ടോ? നമ്മൾ അതിനെ സ്നേഹിക്കുന്നുണ്ടോ? വചനം നമ്മുടെ ജീവിതത്തെ നിയന്ത്രിക്കുകയും, അതിനെ പുനഃസൃഷ്ടിക്കുകയും ചെയ്യുന്നുണ്ടോ? ഈശോ ശിഷ്യരെ വിളിച്ചത് "കൂടെ ആയിരിക്കാനും" പിന്നീട് പറഞ്ഞയയ്ക്കാനും വേണ്ടിയാണ്. നമ്മൾ "ഈശോയുടെ കൂടെയാണോ?"

വിയാനിപുണ്യവാന്റെ മരണത്തിന്റെ നൂറാം വാർഷികത്തിൽ 23-ാം യോഹന്നാൻ പാപ്പാ ഒരു ചാക്രികലേഖനമെഴുതി (Sacerdotii nostri primordia, 1959). അതിൽ വിയാനിയച്ചനിൽ ശോഭിച്ചിരുന്ന താപസ ആഭിമുഖ്യങ്ങൾ (asceticism) ദൈവികപുണ്യങ്ങളുമായി സംയോജിപ്പിച്ച് ചർച്ചാവിഷയമാക്കിയിട്ടുണ്ട്. ഇത് എല്ലാ വൈദികർക്കും ആവശ്യമാണെന്ന് എടുത്തുപറഞ്ഞിരിക്കുന്നു. വിയാനിഅച്ചൻ തന്റെ കൈവശംകിട്ടുന്ന ധനമെല്ലാം പാവങ്ങൾക്കുവേണ്ടി കൊടുത്തിരുന്നു. വ്യക്തിപരമായ ആവശ്യത്തിനുവേണ്ടി ഒന്നും മാറ്റിവച്ചിരുന്നില്ല. അദ്ദേഹം നല്കുന്നതിൽ സമ്പന്നനായിരുന്നു. സ്വന്തം കാര്യത്തിൽ ദരിദ്രനും. വിയാനിയച്ചന്റെ വാക്കുകൾ: "എന്റെ രഹസ്യം വളരെ ലളിതമാണ്. കിട്ടുന്നതെല്ലാം കൊടുക്കുക; സ്വന്തം കാര്യത്തിനുവേണ്ടി ഒന്നും മാറ്റിവയ്ക്കരുത്."

അദ്ദേഹത്തിന്റെ കൈവശം ഒന്നും ഇല്ലാതിരുന്ന അവസരങ്ങളിലും ദരിദ്രർ വന്നു മുട്ടിപ്പായി അപേക്ഷിച്ചിട്ടുണ്ട്. അപ്പോൾ യാതൊരു വിഷമവുമില്ലാതെ വിയാനിയച്ചൻ പറഞ്ഞിരുന്നു: "ഇന്നു ഞാൻ ദരിദ്രനാണ്, നിങ്ങളിൽ ഒരുവനെപ്പോലെയാണ് ഞാൻ."

വി. കുർബാന എപ്പോഴും സ്പർശിക്കുവാൻ തക്കവണ്ണമുള്ള ഹൃദയശുദ്ധിയോടുകൂടിയാണ് വിയാനിയച്ചൻ ജീവിച്ചത്. അദ്ദേഹത്തെക്കുറിച്ച് പറഞ്ഞിരുന്നത് he radiated chastity എന്നത്രേ. അനുസരണം അദ്ദേഹത്തിന് ജീവിതവ്രതമായിരുന്നു. വിയാനിയച്ചന്റെ വാക്കുകൾ: "ദൈവത്തെ സേവിക്കുന്ന രണ്ടു നല്ല വഴികൾ ഒരേസമയമില്ല. ഒന്നു മാത്രമേയുള്ളൂ, അവനെ സേവിക്കുക; ശുശ്രൂഷ ചെയ്യുക. നല്ല ദൈവത്തിന് സമർപ്പിക്കാൻ പറ്റുന്ന കാര്യങ്ങൾ മാത്രമേ ചെയ്യാവൂ."

## സർക്കുലർ

# ജസ്റ്റീസ് സൺഡേ - 2009
### (ആഗസ്റ്റ്-16)

**ബഹുമാനിക്കപ്പെട്ട വൈദികരേ, സ്നേഹമുള്ള സന്യസ്തരേ, പ്രിയ സഹോദരീസഹോദരന്മാരേ,**

ആഗസ്റ്റ് 15-ന് ശേഷം വരുന്ന ഞായറാഴ്ചയാണല്ലോ ഭാരത കത്തോലിക്കാസഭ ജസ്റ്റീസ് സൺഡേ (നീതി ഞായർ) ആയി ആചരിക്കുന്നത്. ഈ വർഷം അത് ആഗസ്റ്റ് 16-ാം തീയതിയാണ്. സാമൂഹ്യനീതിയെകുറിച്ച് അവബോധം വളർത്തുന്നതിനോടൊപ്പം ക്രിസ്തുമതം സ്വീകരിച്ചതിന്റെ പേരിൽ നീതി നിഷേധിക്കപ്പെട്ട് ഇന്നും അവഗണനയുടെ തിക്തഫലം അനുഭവിക്കുന്ന ദളിത് ക്രൈസ്തവ സഹോദരങ്ങളോട് ഐക്യദാർഢ്യം പ്രഖ്യാപിക്കുവാനും സാമൂഹിക, സാമ്പത്തിക, രംഗങ്ങളിൽ അവരോടു പക്ഷം ചേരുവാനും അവരുടെ നീറുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാനും നമുക്കേവർക്കുമുള്ള പ്രതിജ്ഞാബദ്ധത പുതുക്കുവാൻ ഈ ദിനാചരണം ഇടയാകട്ടെ.

ക്രിസ്തീയ വിശ്വാസം സ്വീകരിച്ചതിന്റെ പേരിൽ സർക്കാരിൽ നിന്നും, സഹകരണ സംഘങ്ങളിൽ നിന്നും വിദ്യാഭ്യാസസംവരണാനുകൂല്യങ്ങളും മറ്റു സാമ്പത്തിക ആനുകൂല്യങ്ങളും അവകാശങ്ങളും ദളിത് ക്രൈസ്തവർക്ക് നിഷേധിക്കപ്പെട്ടിരിക്കുകയാണ്. അവരുടെ സമൂഹത്തിൽപ്പെട്ട അന്യമതസ്ഥർക്കും നിരീശ്വരന്മാർക്കും നിർമതസ്ഥതർക്കും ധാരാളം ആനുകൂല്യങ്ങളും സഹായങ്ങളും ലഭിക്കുമ്പോൾ അവശതയനുഭവിക്കുന്ന ഈ സഹോദരങ്ങളുടെ സ്ഥിതി കൂടുതൽ ദുഷ്കരമാകുന്നുവെന്നത് ഒരു ദുഃഖസത്യമാണ്.

കേരളത്തിൽ അവശതയനുഭവിക്കുന്ന ദളിത് പിന്നോക്ക വിഭാഗങ്ങളിൽ, ദളിത് ക്രൈസ്തവർ മുന്നിൽ നില്ക്കുന്നു. മറ്റുള്ള



സമുദായങ്ങളെല്ലാം കാലാകാലങ്ങളിൽ അവരുടെ ശക്തി തെളിയിക്കുകയും രാഷ്ട്രീയ സമ്മർദ്ദതന്ത്രം പ്രയോഗിക്കുകയും ചെയ്ത് ആയുഷ്കാല സംവരണം നേടിയെടുത്തിരിക്കുന്നു. ഇതരസമുദായങ്ങൾ സംവരണത്തിന്റെ പരിധി വർദ്ധിപ്പിച്ച് ദളിത് ക്രൈസ്തവരെ വിഴുങ്ങുന്ന അവസ്ഥയാണ് ഇന്നുള്ളത്. ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യുമ്പോൾ സാമ്പത്തികസ്ഥിതിയും ഞെരുക്കവും അവശതയും പരിഹരിക്കപ്പെടുന്നുവെന്ന വാദം ശരിയല്ല. പരിവർത്തനം ചെയ്ത സമയം മുതൽ അവർ ദളിതരല്ല എന്ന് സംവരണവാദികൾ വാദിക്കുന്നതിലും അർത്ഥമില്ല. ദളിത് ക്രൈസ്തവർ ഭരണഘടനയുടെ പട്ടികയിൽ ഇല്ലാത്തതുമൂലം ആനുകൂല്യം അവർക്കു ലഭിക്കാതെ വരുന്നു. അതുകൊണ്ടാണ് തങ്ങളെ ഭരണഘടനയുടെ പട്ടികയിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കഴിഞ്ഞ 62 വർഷമായി ദളിത് ക്രിസ്ത്യാനികൾ നീതിക്കായി മുറവിളി കൂട്ടുന്നത്. 1950-ൽ സിക്കുമതസ്ഥരെയും 1990-ൽ ബുദ്ധമതസ്ഥരെയും പട്ടികയിൽ ഉൾപ്പെടുത്തി സംവരണം നൽകി. 1950 ജനുവരി 26-ന് ഭരണഘടന നിലവിൽ വന്നപ്പോൾ ദളിത് ക്രൈസ്തവ സംവരണപ്രശ്നം നിലവിലില്ലായിരുന്നു. എന്നാൽ 1950 ആഗസ്റ്റ് 10-ന് പ്രസിഡൻഷ്യൽ ഓർഡർ വഴി പട്ടികജാതി സംവരണം ഇല്ലാതാക്കി. ഹിന്ദുമതത്തിൽ നിന്നും വ്യത്യസ്തമായ ഒരു മതം സ്വീകരിച്ചിട്ടുള്ള ദളിതരെ പട്ടികജാതിക്കാരായി പരിഗണിക്കുന്നതല്ല എന്നായിരുന്നു ഉത്തരവ്. കേന്ദ്രസംസ്ഥാനസർക്കാരുകൾ നിയോഗിച്ചിട്ടുള്ള അന്വേഷണ കമ്മീഷനുകളും കോടതിവിധികളും ദളിത് ക്രൈസ്തവർക്ക് അനുകൂലമാണെങ്കിലും നാളിതുവരെ സംവരണാനുകൂല്യം നേടിയെടുക്കാൻ അവർക്കു കഴിഞ്ഞിട്ടില്ല.

ഭരണഘടനയുടെ 32-ാം വകുപ്പ് അനുസരിച്ച് 180/2004 നമ്പരായി സുപ്രീം കോടതിയിൽ പൊതുതാത്പര്യ ഹർജി സമർപ്പിച്ചത് ഇപ്പോഴും തീരുമാനമാകാതെ മാറ്റിവയ്ക്കപ്പെട്ടിരിക്കുകയാണ്. ഭരണഘടന (പട്ടികജാതി) ഉത്തരവ് 195-ന്റെ 3-ാം ഖണ്ഡികയുടെ സാധുതയെ ചോദ്യം ചെയ്തുകൊണ്ടാണ് ഈ ഹർജി സെന്റർ ഫോർ പബ്ളിക്ക് ഇന്ററസ്റ്റ് ലിറ്റിഗേഷൻ (Centre for Public Interest Litigation) എന്ന

സംഘടനയും തൃശിനാപ്പള്ളി സ്വദേശി ശ്രീ. ഫാൻങ്ക്ളിൻ സീസറും ചേർന്നു നൽകിയിരിക്കുന്നത്. പ്രസ്തുത ഖണ്ഡികയിൽ പറയുന്നത്: ഹിന്ദുമതവും സിക്കുമതവും ബുദ്ധമതവും ഒഴികെ മറ്റു മതങ്ങളിലുള്ളവർക്ക് പട്ടികജാതിക്കാരുടെ ആനുകൂല്യം നൽകാൻ പാടില്ല എന്നാണ്. ഭരണഘടനയുടെ 14-ാം വകുപ്പ് പറയുന്നത്: രാജ്യത്തിനുള്ളിൽ ഒരു പൗരനും നിയമത്തിനുമുന്നിൽ തുല്യതയോ തുല്യമായ നിയമസംരക്ഷണമോ രാഷ്ട്രം നിഷേധിക്കാൻ പാടില്ലയെന്നതാണ്. 15-ാം വകുപ്പ് പറയുന്നത്: മതത്തിന്റെയോ ജാതിയുടെയോ ലിംഗത്തിന്റെയോ ജനനസ്ഥലത്തിന്റെയോ മറ്റെന്തിന്റെയെങ്കിലുമോ അടിസ്ഥാനത്തിൽ രാഷ്ട്രം പൗരന്മാരെ തമ്മിൽ വേർതിരിച്ച് വിവേചനം നടത്തരുതെന്നുമാണ്.

ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യപ്പെട്ട പട്ടിക ജാതിക്കാരന്റെ സാമൂഹികവും സാമ്പത്തികവുമായ പരാധീനതകൾ മതപരിവർത്തനത്തിനുശേഷവും തുടരുന്നു. ക്രിസ്തുമതത്തിലേക്ക് മതപരിവർത്തനം ചെയ്ത പട്ടികജാതിക്കാരും സിക്ക്, ബുദ്ധ മതങ്ങളിലേക്ക് പരിവർത്തനം ചെയ്ത പട്ടികജാതിക്കാരും തമ്മിൽ യാതൊരു വിവേചനവും പാടില്ല. ക്രിസ്തുമതത്തിൽ ജാതിയില്ല എന്നത് ക്രിസ്ത്യാനികളെ പട്ടികജാതിയിൽ നിന്നും ഒഴിവാക്കുന്നതിനുള്ള ന്യായീകരണമല്ല. സിക്ക് ബുദ്ധമതങ്ങളിലും ജാതി ഇല്ലല്ലോ. ക്രിസ്തുമതത്തിലേയ്ക്ക് പരിവർത്തനം ചെയ്ത പട്ടികവർഗക്കാർ തുടർന്നും പട്ടികവർഗക്കാർ ആയിരിക്കുമ്പോൾ അവർക്ക് ഈ ആനുകൂല്യം നിഷേധിക്കുന്നത് തികഞ്ഞ വിവേചനമാണ്.

അടിച്ചമർത്തപ്പെട്ടവരോടും അവശതയനുഭവിക്കുന്നവരോടും പാർശ്വവത്കരിക്കപ്പെട്ടവരോടും യേശുവിനുണ്ടായിരുന്ന മനോഭാവം ക്രൈസ്തവരായ നമുക്ക് ഇന്നുണ്ടോയെന്ന് വിലയിരുത്താനും ജസ്റ്റീസ് സൺഡേ ഇടയാക്കണം. ദളിത് ക്രൈസ്തവർ നൂറ്റാണ്ടുകളായി വിവേചനത്തിനും ചൂഷണത്തിനും നീതിനിഷേധത്തിനും വിധേയരായവരാണ്. വിവേചനമനുഭവിക്കുന്ന ദളിത് ക്രൈസ്തവരെ അവഗണിച്ചുകൊണ്ട് നമുക്ക് സഭാമക്കളായി ജീവിക്കാൻ



സാധ്യമല്ലായെന്ന സത്യം നാം തിരിച്ചറിയണം. കേരളത്തിലെ ക്രൈസ്തവരിൽ 15% ദളിത് ക്രൈസ്തവരാണ്. ഇവർക്കൊന്നും ഭരണഘടന പട്ടികജാതിക്കാർക്ക് നൽകുന്ന സംവരണാനുകൂല്യങ്ങൾ ലഭിക്കുന്നില്ല. ഇത് സാമ്പത്തികവും വിദ്യാഭ്യാസപരവുമായ മേഖലകളിൽ ദളിത് ക്രൈസ്തവരെ പിന്നാക്കം കൊണ്ടുപോയിട്ടുണ്ട്. സാമൂഹ്യമായും രാഷ്ട്രീയമായും അവർ ഇന്നും അവഗണനയ്ക്ക് വിധേയരുമാണ്.

സഭ ദളിതരുടെ സാമൂഹ്യവികസനത്തിനുവേണ്ടി പ്രവർത്തിക്കുന്നുണ്ട്. ദൈവമക്കളുടെ സഹോദരതുല്യതയിലേക്ക് ദളിതർ കൂടി വളരണം. സാമ്പത്തികസംവരണം കൊണ്ടുമാത്രം പരിഹരിക്കാവുന്നതല്ല അത്. സാമൂഹികമായ അവസരസമത്വവും വിദ്യാഭ്യാസ സാധ്യതകളും അവർക്ക് തുറന്ന് കിട്ടണം. ക്രിസ്തുവിൽ എല്ലാവരും ഒന്നാകുന്നു എന്ന് വി. പൗലോസ് ശ്ലീഹാ പഠിപ്പിച്ചു. യഹൂദനെന്നോ ഗ്രീക്കുകാരനെന്നോ സ്വതന്ത്രനെന്നോ അടിമയെന്നോ സ്ത്രീയെന്നോ പുരുഷനെന്നോ വ്യത്യാസമില്ല (ഗലാ. 3.28). ജാതിയടിസ്ഥാനത്തിൽ മനുഷ്യന്റെ മഹത്വം നിർണ്ണയിക്കുന്നത് സുവിശേഷ വിരുദ്ധമാണ്.

ദളിത് കത്തോലിക്കരുടെ ശക്തീകരണത്തിനായി കഴിഞ്ഞ വർഷം യുവാക്കൾക്കും വനിതകൾക്കുമായി സെമിനാറുകൾ സംഘടിപ്പിച്ചു. ഈ വർഷം എല്ലാ രൂപതകളിലും ദളിത് ശക്തീകരണ സെമിനാറുകളും ചർച്ചാ ക്ലാസുകളും സംഘടിപ്പിക്കണം. കോഴിക്കോട്, കോട്ടയം, തിരുവനന്തപുരം മേഖലകളിൽ മേഖലാ സെമിനാറുകളും കേരളാ തലത്തിൽ സംസ്ഥാന സെമിനാറും നിശ്ചയിച്ചിട്ടുണ്ട്. 2007-08 അധ്യയനവർഷം S.S.LC , Plus Two , Degree, P.G. തലങ്ങളിൽ ഏറ്റവും ഉയർന്ന ഗ്രേഡ് വാങ്ങിയ 604 ദളിത് കത്തോലിക്കാ വിദ്യാർത്ഥികൾക്ക് കെ.സി. ബി. സി. സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്. ഈ വർഷവും അർഹതയുള്ള കുട്ടികളുടെ അപേക്ഷ നിശ്ചിത ഫാറത്തിൽ 2009 ആഗസ്റ്റ് 31 നകം റവ. ഫാ. ജോൺ അരീക്കൽ, സെക്രട്ടറി, കെ.സി.ബി.സി. SC ST/BC കമ്മീഷൻ, പാലാരിവട്ടം, കൊച്ചി-682025 എന്ന വിലാസത്തിൽ അയയ്ക്കുമല്ലോ.

ഡി. സി. എം. എസ്സി.ന്റെ (ദളിത് കത്തോലിക്കാ മഹാസഭ) പ്രവർത്തനങ്ങൾ, യുവജന-വനിതാ ശക്തീകരണ സെമിനാറുകൾ, നേതൃത്വ പരിശീലന ക്യാമ്പുകൾ, സ്കോളർഷിപ്പുകൾ എന്നിവ നടത്തിക്കൊണ്ടുപോകുന്നത് ജസ്റ്റീസ് സൺഡേ ദിനത്തിലെ പിരവ് കൊണ്ടാണ്. അതിനാൽ ആഗസ്റ്റ് 16-ാം തീയതി ഞായറാഴ്ച വിശുദ്ധ കുർബാന മധ്യേ നടത്തുന്ന പിരിവിൽ ഔദാര്യപൂർവം പങ്കെടുത്ത് ദളിത് ക്രൈസ്തവർക്കുവേണ്ടിയുള്ള പ്രവർത്തനങ്ങളെ സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. സംഭാവനയിലൂടെ ലഭിക്കുന്ന തുക കെ.സി.ബി.സി. ദളിത് പിന്നോക്ക കമ്മീഷൻ ചെയർമാന്റെ പേരിൽ അയച്ചു കൊടുക്കേണ്ടതാണ്.

സമൂഹത്തിൽ അവശതയും ദുരിതവും അനുഭവിക്കുന്ന ദളിത് ക്രൈസ്തവ സഹോദരങ്ങൾക്ക് തുല്യനീതിയും സമാധാനവും അധികാരപങ്കാളിത്തവും സഭാശുശ്രൂഷകളിൽ അർഹമായ അവകാശങ്ങളും ഉറപ്പുവരുത്തുവാൻ നാം കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

ദൈവം നമ്മെയും നമ്മുടെ എല്ലാ പ്രവർത്തനങ്ങളെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

യേശുവിൽ സ്നേഹപൂർവം,

**ബിഷപ്പ് സ്റ്റീഫൻ അത്തിപ്പൊഴിയിൽ**
ചെയർമാൻ,കെ.സി.ബി.സി. SC/ST/BC കമ്മീഷൻ

---

(ഈ സർക്കുലറിലെ ആശയങ്ങൾ ആഗസ്റ്റ് 9-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും വി. കുർബാന മധ്യേ അറിയിക്കേണ്ടതാണ്).





# ദളിത് സമൂഹം : ഈടുറ്റ മാനവവിഭവം

ബിഷപ് ജോസഫ് കല്ലറങ്ങാട്ട്
പാലാ രൂപതാ മെത്രാൻ

ജാതിവ്യവസ്ഥയുടെ കിരാതവും പൈശാചികവുമായ മുഖങ്ങൾ സ്വതന്ത്രഭാരതത്തിൽ ക്രമേണ അപ്രത്യക്ഷമാകുന്നുണ്ടെങ്കിലും ഈ ദുരവസ്ഥയുടെ തിക്തഫലങ്ങൾ ഇന്നും സമൂഹത്തിന്റെ താഴ്ന്ന തലങ്ങളിൽ കഴിയുന്ന നിർദ്ധനരും നിരാധാരരുമായ ദളിത് വിഭാഗങ്ങൾ അനുഭവിച്ചുകൊണ്ടാണിരിക്കുന്നത്. സമൂഹമനസ്സാക്ഷിക്കു മുന്നിൽ ദളിത് സമൂഹത്തിന്റെ രോദനങ്ങൾ ഇന്നും നിരന്തരം മുഴങ്ങുന്നു. അപ്പാർത്തീഡും അടിമക്കച്ചവടവും കൊളോണിയലിസവും വംശഹത്യകളുംപോലെ എതിർത്തുതോൽപ്പിക്കേണ്ട സാമൂഹ്യചരിത്ര അപരാധമാണ് ദളിത് പീഡനവും.

ദളിത് എന്ന പദത്തിന് തകർക്കപ്പെട്ടവൻ, പീഡിതൻ, അധഃസ്ഥിതൻ എന്നൊക്കെയാണർത്ഥം.അവർ എല്ലാ അർത്ഥത്തിലും തകർച്ചയുടെ കയ്പുനീരു കുടിച്ചിരുന്നവരാണ്. സ്വാതന്ത്ര്യത്തിനും സാമൂഹ്യസമത്വത്തിനും സാമൂഹ്യനീതിക്കും തുല്യഅവസരങ്ങൾക്കുംവേണ്ടി കേഴുകയും ശബ്ദമുയർത്തുകയും ചെയ്യുന്നവരാണ് ഇന്ത്യൻ ജാതിവ്യവസ്ഥയിലെ ഏറ്റവും കീഴാളരായി ഗണിക്കപ്പെടുന്ന ഈ സമൂഹം. തീണ്ടലും തൊട്ടുകൂടായ്മയും ഭാരതത്തിൽ നിയമവിരുദ്ധമാക്കിയിട്ട് അറുപതു വർഷങ്ങളാകുന്നു. എങ്കിലും ഈ ജനവിഭാഗങ്ങൾ ഇന്നും സാമൂഹ്യജീവിതത്തിന്റെ മുഖ്യധാരയിൽനിന്നും അകറ്റിനിർത്തപ്പെടുന്നു. വിരളമായെങ്കിലും ചില ഇന്ത്യൻ സംസ്ഥാനങ്ങളിൽ ദളിതർ ക്രൂരമായ പീഡനങ്ങൾക്കും ചൂഷണത്തിനും ഇരയാവുന്നു. അവരുടെ സ്ത്രീകൾ നിന്ദ്യമായി അപമാനിക്കപ്പെടുന്നു. ആധുനിക ഭാരതത്തിൽ കത്തോലിക്കാസമൂഹത്തിന് നിർവ്വഹിക്കാനുള്ള വലിയ പ്രേഷിതധർമ്മങ്ങളിലൊന്ന് ദളിതരുടെ സമ്പൂർണ്ണ വിമോചനമാണ്.

എല്ലാ പൗരന്മാർക്കും തുല്യനീതി ഉറപ്പുനൽകേണ്ടത് രാഷ്ട്രമാണ്. ദൈവം സ്നേഹമാകുന്നു എന്ന ചാക്രിക ലേഖനത്തിൽ പരിശുദ്ധ പിതാവ് ബനഡിക്റ്റ് പതിനാറാമൻ പറയുന്നു: "നീതിക്കു വേണ്ടിയുള്ള യത്നം രാഷ്ട്രത്തിന്റെ അടിസ്ഥാന നിയമമായിരിക്കണം. നീതിപൂർവ്വം ഭരിക്കപ്പെടാത്ത രാഷ്ട്രം ഒരു പറ്റം കള്ളന്മാരുടെ ഗുഹയായിരിക്കും (സെന്റ് അഗസ്റ്റിൻ). എല്ലാ രാഷ്ട്രീയ പ്രസ്ഥാനത്തിന്റെയും ലക്ഷ്യവും മാനദണ്ഡവും നീതിയായിരിക്കണം. രാഷ്ട്രീയം സ്വഭാവത്താൽത്തന്നെ ധർമ്മശാസ്ത്രവുമായി ബന്ധപ്പെട്ടതാണ്. നീതി എങ്ങനെ നേടിയെടുക്കാം എന്ന പ്രശ്നം രാഷ്ട്രം നേരിട്ടേ മതിയാവൂ." (No. 26) ദളിതരിൽ ഒരു വിഭാഗത്തെ മതത്തിന്റെ പേരിൽ മാറ്റി നിർത്തിയിരിക്കുന്നു എന്ന ദുർവ്യവസ്ഥിതി ഭാരതസമൂഹത്തിന് എന്നും കളങ്കമായിരിക്കും. നമ്മുടെ പ്രസിഡന്റായിരുന്ന ഡോ. രാധാകൃഷ്ണന്റെ വാക്കുകൾ സുപ്രധാനമാണ്: "നാം എന്തു വിശ്വസിക്കുന്നു എന്നു നോക്കിയല്ല, എന്തു പ്രവർത്തിക്കുന്നു എന്നു നോക്കിയാണ് ചരിത്രം നമ്മെ വിലയിരുത്തുക." ഹിന്ദു, ബുദ്ധ, സിക്ക് മത വിഭാഗങ്ങളിൽ ഉൾപ്പെട്ട ദളിത് സമൂഹങ്ങൾ രാഷ്ട്രത്തിന്റെ പ്രത്യേക പരിലാളനം ഏറ്റുവാങ്ങുമ്പോൾ ക്രൈസ്തവരായ ദളിതർ വിശാലരാഷ്ട്രസമൂഹത്തിന്റെ അവഗണനയ്ക്കും തരംതിരിവുകൾക്കും വിധേയരാകുന്നു. ഒരു സെക്കുലർ ഡമോക്രാറ്റിക് രാഷ്ട്രം മതത്തിന്റെ പേരിൽ കാണിക്കുന്ന വിവേചനം അപലപനീയവും എതിർക്കപ്പെടേണ്ടതുമാണ്. ചരിത്രത്തിന്റെ താളുകൾ പിന്നോട്ടു മറിക്കുമ്പോൾ, ഭാരതത്തിലെ ക്രൈസ്തവ സമൂഹം ആനുകൂല്യങ്ങൾ സ്വീകരിക്കുന്ന ഒരു പ്രത്യേക വിഭാഗമായി രാഷ്ട്രജീവിതത്തിന്റെ മുഖ്യധാരയിൽനിന്നും മാറിനിൽക്കാൻ ആഗ്രഹിക്കാതെ, ഒരു രാഷ്ട്രം, ഒരു ജനത എന്ന ദേശീയ ഉദ്ഗ്രഥന ചിന്തയ്ക്കു നൽകിയ സംഭാവന വളരെ വലുതാണ്. തലമുറകൾക്ക് ലഭിക്കുമായിരുന്ന ആനുകൂല്യങ്ങളാണ് ഭരണഘടനാശില്പികൾക്കു മുന്നിൽ വേണ്ട എന്നു വയ്ക്കുവാൻ ക്രിസ്ത്യാനികൾ തയ്യാറായത്. എന്നാൽ ആ സമൂഹത്തിലെ ദളിത് സഹോദരങ്ങളോട് രാഷ്ട്രം ഇന്നും അവഗണന തുടരുന്നു. ദളിത് സഹോദരങ്ങളെ പ്രത്യേകമായി സ്നേഹിച്ചിരുന്ന മഹാത്മാഗാന്ധിജിയുടെ ഭാരതത്തിൽ ഈ തരംതിരിവു കാണിക്കുന്നത് രാഷ്ട്രപിതാവിനെ നിന്ദിക്കുന്നതിനു തുല്യമാണ്. "നഷ്ടപ്പെട്ടവരുടെയും ഏറ്റവും ഒറ്റപ്പെട്ടവരുടെയും പാവപ്പെട്ടവരുടെയും സ്നേഹിതൻ" എന്നു ഫിലിപ്പ് നോയൽ ബേക്കർ വിശേഷിപ്പിച്ച ഗാന്ധിജിയുടെ ഭാരതത്തിൽ കത്തോലിക്കാ ദളിതർ ഇന്നും ഏറ്റവും ഒറ്റപ്പെട്ടവരായി കഴിയുന്നു.



**സഭയുടെ ദർശനം**

മാനസാന്തരപ്പെട്ട് വർഷങ്ങൾക്കുശേഷം ജറുസലേമിലെത്തിയ പൗലോസിന്, സഭയുടെ നെടുംതൂണുകളായി പരിഗണിക്കപ്പെട്ടിരുന്ന യാക്കോബും കേപ്പായും യോഹന്നാനും നൽകിയ പ്രധാന നിർദ്ദേശങ്ങളിൽ ഒന്ന് "ദരിദ്രരെപ്പറ്റി ഓർമ്മ വേണം" എന്നായിരുന്നു. അവർ അക്കാര്യത്തിൽ ശ്രദ്ധാലുക്കളായിരുന്നു (ഗലാ. 2:9-10). ആദിമസഭയുടെ ചരിത്രവും വിശുദ്ധ പാരമ്പര്യങ്ങളും അനാഥരെയും വിധവകളെയും ദരിദ്രരെയും സഹായിക്കുന്ന കാര്യത്തിൽ അവർ പുലർത്തിയിരുന്ന നിഷ്ഠ വ്യക്തമാക്കുന്നുണ്ട്. ഈശോയുടെ ജീവിതവും ഉപദേശങ്ങളും എന്നും ഏറ്റവും എളിയവരെ ചേർത്തുനിർത്തുന്ന ഒന്നാണ്. പഴയനിയമ പ്രവാചകന്മാരും ദൈവജനത്തിനു നൽകിയ താക്കീത് സാമൂഹ്യനീതി സുപ്രധാനമാണ് എന്നത്രേ. സെന്റ് അഗസ്റ്റിൻ പറയുന്നു: "ദൈവം നിനക്ക് എത്രമാത്രം തന്നിരിക്കുന്നു എന്നു കാണുക. അവയിൽനിന്ന് നിനക്കാവശ്യമായവ മാത്രം എടുക്കുക. ശേഷിച്ചവ മറ്റുള്ളവർക്കുവേണ്ടിയുള്ളതാണ്." "ദയാലുവായ വ്യക്തി അടിമയാണെങ്കിലും സ്വതന്ത്രനാണ്. ദുഷ്ടൻ രാജാവാണെങ്കിലും അടിമയാണ്." നീതിയില്ലാത്തിടത്ത് പരമാധികാരം എന്നത് സംഘടിത കൊള്ളയാണ്. സാമൂഹ്യജീവിതത്തിൽ അധഃസ്ഥിതരായിട്ടുള്ള എല്ലാവരേയും സഹായിക്കാൻ നമുക്കാവുമോ? അസ്സീസിയിലെ ഫ്രാൻസീസിന്റെ വാക്കുകൾ: "അത്യാവശ്യമായതു ചെയ്തു തുടങ്ങുക; തുടർന്ന് സാധ്യമായവ ചെയ്യുക; അസാധ്യമെന്നു കരുതുന്നത് ചെയ്യുവാൻ നിങ്ങൾ വേഗം പ്രാപ്തരാകും." ഈ നൂറ്റാണ്ടിലെ മഹാത്യാഗികളായി ഭാരതസഭ കാണുന്ന വാഴ്ത്തപ്പെട്ടവരായ മദർ തെരേസായും തേവർപറമ്പിൽ കുഞ്ഞച്ചനും ദൈവത്തിന്റെ ദരിദ്രരോടൊപ്പം ജീവിച്ച് വിശുദ്ധി നേടിയവരാണ്. രണ്ടാം

വത്തിക്കാൻ സൂനഹദോസ് നൽകുന്ന പഠനം നാം സ്വീകരിച്ചേ മതിയാവൂ. “മനുഷ്യർ തമ്മിൽ ന്യായമായ വ്യത്യാസങ്ങൾ ഉണ്ടെങ്കിലും മനുഷ്യോചിതവും നീതിപൂർവ്വകവുമായ ജീവിതവ്യവസ്ഥിതി പടുത്തുയർത്തുവാൻ വ്യക്തികളുടെ തുല്യശ്രേഷ്ഠത ആവശ്യപ്പെടുന്നുണ്ട്. മനുഷ്യരാശിയാകുന്ന ഏക കുടുംബത്തിലെ അംഗങ്ങൾ അല്ലെങ്കിൽ ജനസമൂഹങ്ങൾ തമ്മിൽ നിലവിലിരിക്കുന്ന സാമ്പത്തികവും സാമൂഹികവുമായ അതിരുകടന്ന വ്യത്യാസങ്ങൾ വാസ്തവത്തിൽ വലിയ ഇടർച്ചയ്ക്കു കാരണമാകുന്നു. അതു സാമൂഹ്യനീതിക്കും സമത്വത്തിനും വ്യക്തിത്വത്തിന്റെ ശ്രേഷ്ഠതയ്ക്കും എതിരായി നിലകൊള്ളുകയാണ്” (സഭ : ആധുനിക ലോകത്തിൽ, 29).

നീതിപൂർവ്വകമായ സാമൂഹികക്രമം പടുത്തുയർത്തുന്നതിനും സാമൂഹിക പ്രശ്നങ്ങളുടെ പരിഹാരത്തിനും ആഗോളവിപ്ലവവും അതിലൂടെയുള്ള ഉൽപാദനോപാധികളുടെ സാമൂഹ്യവത്കരണവുമാണ് മാർക്സ് കണ്ട ഒറ്റമൂലി. ഇത് അപ്രായോഗികമായ കാര്യമാണ്. നീതിപൂർവ്വകമായ ഒരു ഭരണക്രമത്തിനു വേണ്ട മനഃസാക്ഷി പരിശീലനം സഭയുടെ ലക്ഷ്യമാണ്. ഓരോ വ്യക്തിക്കും അർഹതപ്പെട്ടത് ലഭിക്കുന്ന നീതിപൂർവ്വകമായ ഒരു പൊതുഭരണക്രമം ഓരോ തലമുറയും ഏറ്റെടുക്കേണ്ട ചുമതലയാണ്. ഒരു രാഷ്ട്രധർമ്മമാകയാൽ സഭയ്ക്ക് അതു നേരിട്ട് ഏറ്റെടുക്കാൻ കഴിയുകയില്ല. ബനഡിക്റ്റ് പിതാവു പറയുന്നു: “സഭ രാഷ്ട്രത്തിനു പകരമുള്ളതല്ല. സഭ അങ്ങനെയാവുകയുമരുത്. പക്ഷേ, നീതിക്കുവേണ്ടിയുള്ള സമരത്തിൽ പങ്കുചേരാതിരിക്കാനും സഭയ്ക്കു സാധ്യമല്ല. സഭ മാറിനിൽക്കരുത്. നീതിയിലധിഷ്ഠിതമായ ഒരു സമൂഹം സഭയുടേതല്ല, രാഷ്ട്രത്തിന്റെ നേട്ടമായിരിക്കണം. നീതി പരിപോഷിപ്പിക്കുക, അതേസമയം സഭയെ ആഴത്തിൽ സ്പർശിക്കുന്ന കാര്യമാണ്. സഭ ഈ മേഖലയിൽ ഒരു സജീവ ശക്തിയാണ്. സഭ ജനങ്ങൾക്കു ഭൗതികസഹായങ്ങൾ വച്ചുനീട്ടുക മാത്രമല്ല, അവരുടെ ആത്മാക്കൾക്ക് നവജീവൻ നൽകുകയും ചെയ്യുന്നു. മനുഷ്യന് അപ്പം കൊണ്ടു മാത്രം ജീവിക്കാം എന്ന തെറ്റിദ്ധാരണ അവനെ അപമാനിക്കുന്നതാണ്” (ദൈവം സ്നേഹമാകുന്നു, 28).



### ദളിത് ദൈവശാസ്ത്രം

ദളിത് സഹോദരങ്ങളുടെ ആത്മാവിഷ്കാരം ബൈബിളിന്റെയും വിശുദ്ധ പാരമ്പര്യങ്ങളുടെയും പശ്ചാത്തലത്തിൽ വീണ്ടും നാം കണ്ടെത്തേണ്ടതുണ്ട്. ബൈബിളിലെ ദൈവം ഈജിപ്തിൽ പീഡിപ്പിക്കപ്പെട്ട ഇസ്രായേലിന്റെ വിമോചകനാണ്. കഠിനഹൃദയരായ ഭരണാധികാരികളെ താഴെയിറക്കുന്ന മനുഷ്യസ്നേഹിയായ ഒരു ദൈവം. ബൈബിളിലെ ഈ വിപ്ലവം ദൈവശക്തിയിൽ മനുഷ്യൻ ആശ്രയിക്കുന്നിടത്ത് ആരംഭിക്കുകയും ദൈവവുമായി ഉടമ്പടി ബന്ധം സ്ഥാപിക്കുന്നതിലൂടെ തുടരുന്നതുമാണ്. ഇവിടെ നരബലിക്കും വർഗ്ഗസമരത്തിനും സ്ഥാനമില്ല. ഭീകരതയും പ്രതികാരവും ഈ ദൈവശാസ്ത്രത്തിന്റെ ഭാഗമല്ല. സമഗ്രസ്വഭാവമുള്ള ഒരു ദളിത് ദൈവശാസ്ത്രം രൂപീകരിക്കാൻ ഇന്ത്യയിലെ ദൈവശാസ്ത്രജ്ഞന്മാർക്ക് കടമയുണ്ട്. സഭാത്മകവും ദൈവകേന്ദ്രിതവും മനുഷ്യകേന്ദ്രിതവുമായ ഒരു ചിന്താശൈലിയാണ് വേണ്ടത്. “ചിലർ ഈ പ്രശ്നങ്ങൾക്ക് അനാശാസ്യമായ പരിഹാരങ്ങൾ നിർദ്ദേശിക്കാൻ തുനിയുന്നുണ്ട് (സഭ ആധുനിക ലോകത്തിൽ, 51). സായുധ സമരങ്ങളും കേവലം ഏകപക്ഷീയമായ വിശകലനങ്ങളും സുവിശേഷാദർശങ്ങളോട് നീതി പുലർത്തിയില്ല.

### ദളിത് ശാക്തീകരണം

ദളിത് സമൂഹത്തിന്റെ ഉൾക്കരുത്തും വൈശിഷ്ട്യങ്ങളും വേണ്ടത്ര പഠനവിഷയമായിട്ടില്ല ഇനിയും. പ്രകൃതിയിലേക്കു മടങ്ങൂ, പരിസ്ഥിതിയെ സംരക്ഷിക്കൂ എന്നൊക്കെ നാം മുറവിളി കൂട്ടുമ്പോൾ, പ്രകൃതി സ്നേഹികളും സ്വതവേ ആരോഗ്യമുള്ളവരുമായ ദളിത്സമൂഹങ്ങൾ നൽകുന്ന വലിയ പാഠങ്ങൾ നാം പഠിക്കാറില്ല. ദളിത് ശാക്തീകരണത്തിന്റെ വിവിധ മേഖലകളുണ്ട്. ഭാരതസമൂഹത്തിൽ അവരുടെ സാന്നിദ്ധ്യം വളരെ ഉയർന്ന ഒരു ശതമാനമാണ്. ഭാരതത്തിലെ ക്രൈസ്തവരിലും അവരുടെ എണ്ണം വലുതാണ്. ഈ മാനവവിഭവം വലിയ മുതൽക്കൂട്ടാണ്. അവകാശങ്ങൾ നേടിയെടുക്കുന്നതിൽ വലിയൊരു വിലപേശൽ ശക്തിയായി മാറാൻ അവർക്കു കഴിയും. പാരമ്പര്യമായി ചികിത്സാരംഗത്തും കലാകായികരംഗത്തും പ്രകൃതിസംരക്ഷ

ണരംഗത്തും അവർക്കുള്ള അറിവ് മാനവകുടുംബത്തിന്റെ പൊതുസ്വത്താണ്. ഹൃദയത്തിന്റെ സരളഭാവങ്ങളും മനുഷ്യത്വത്തിന്റെ ഉദാത്ത നന്മകളും അവരിൽ സമൃദ്ധമായുണ്ട്. ഈ ശക്തികൾ തിരിച്ചറിയുന്നതിൽ അവരെ സഹായിക്കുക വലിയ കാര്യമാണ്. സംഗീതവും സുകുമാരകലകളും അവരുടെ ജീവിതത്തിന് സവിശേഷ താളാത്മകത നൽകുന്നുണ്ട്. അതിസമർത്ഥരായ ദളിത് വിദ്യാത്ഥിനീ വിദ്യാർത്ഥികളുണ്ട്. അതുപോലെ സർവ്വകലാവല്ലഭരായ പ്രതിഭാധനരായ വ്യക്തികളും.

സഭയുടെ മനസ്സിൽ ദളിത് സഹോദരങ്ങൾ ഒരിക്കലും അന്യരല്ല. അവരുടെ ഹൃദയദാഹങ്ങളുംസാമൂഹ്യതാൽപര്യങ്ങളും സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് സഭ എക്കാലവും ശ്രദ്ധിക്കുന്നുണ്ട്. സഭയുടെ സാമൂഹ്യജീവിതത്തിന്റെ എല്ലാ തലങ്ങളിലും സജീവമായി ഇടപെടുന്നതിനും പങ്കുപറ്റുന്നതിനും ദളിത്സഹോദരങ്ങൾക്ക് ഏറെ അവസരങ്ങളുണ്ട്. അടിയന്തിര പ്രാധാന്യത്തോടെ സഭ മുഴുവനും ശ്രദ്ധ ചെലുത്തേണ്ട മേഖലയാണ് സർക്കാരുമായുള്ള ബന്ധം. പൗരന്മാരെ തരംതിരിച്ചുകാണുന്ന സർക്കാരിന്റെ നയങ്ങൾക്കെതിരെ ജനാധിപത്യമര്യാദകളിലൂടെ പടപൊരുതണം. ദളിത് സഹോദരങ്ങളിൽ വിദ്യാഭ്യാസപരമായി മുൻനിരയിൽ നിൽക്കുന്നവർ സ്വന്തം സഹോദരങ്ങളുടെ ആവശ്യങ്ങൾക്കുവേണ്ടി വർദ്ധിച്ച ധൈര്യത്തോടെ തൂലിക ചലിപ്പിക്കണം. ദളിത് സമൂഹം നേരിടുന്ന വെല്ലുവിളികൾ വലുതാണ്. രാഷ്ട്രജീവിതത്തിൽ സർക്കാരിന്റെ ഭാഗത്തുനിന്നുള്ള തരംതിരിവാണ് അതിൽ ഏറ്റവും ശോചനീയമായത്. മതം മാറിയാൽ ഉടൻ ആനുകൂല്യങ്ങൾ ലഭിക്കുന്ന ഒരു രാഷ്ട്രീയ കാലാവസ്ഥ ഭാരതത്തിലുണ്ട്. കത്തോലിക്കാ ദളിതരുടെ അവകാശങ്ങൾ വെറും കടലാസ് പദ്ധതിയായി ചർച്ചകളിൽ മാത്രം ഒതുങ്ങിനിൽക്കുകയാണ്. നമ്മുടെ ഡമോക്രസിയെ പിടികൂടിയിരിക്കുന്ന വലിയൊരു വ്യാധിയാണിത്. ന്യായത്തിലും നീതിയിലും സ്വാതന്ത്ര്യത്തിലും ജനങ്ങളുടെ ന്യായമായ അവകാശങ്ങൾ ആദരിക്കുന്ന സർക്കാരാണ് വേണ്ടത്. ഭാരതത്തിന്റെ വിവിധ സംസ്ഥാനങ്ങളിലെ ജനാധിപത്യം പരിശോധിക്കുമ്പോൾ മനസ്സിലാകുന്ന കാതലായ കാര്യം അവിടങ്ങളിൽ നിലനിൽക്കുന്ന ഏകാധിപത്യത്തെ ചെറുത്തുതോൽപ്പിക്കുക എന്ന വലിയ ദൗത്യം അവശേഷിക്കുന്നു എന്ന സത്യമാണ്. ●



ലേഖനം

# ഉന്നതവിദ്യാഭ്യാസത്തിലേക്ക് ഒരു പുതിയ നോട്ടം

## പ്രൊഫ. യശ്പാൽകമ്മറ്റിയുടെ ശുപാർശയിലൂടെ

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാ മെത്രാൻ

ഉന്നതവിദ്യാഭ്യാസത്തെക്കുറിച്ചും സർവ്വകലാശാലകളെക്കുറിച്ചും ദാർശനിക സ്വഭാവമുൾക്കൊള്ളുന്നതും ദീർഘവീക്ഷണത്തോടുകൂടിയതുമായ ഒരുപിടി ശുപാർശകളും നിരീക്ഷണങ്ങളുമാണ് പ്രൊഫ. യശ്പാലിന്റെ നേതൃത്വത്തിലുള്ള കമ്മറ്റി മുമ്പോട്ടുവച്ചിരിക്കുന്നത്. മുൻ മാനവശേഷി മന്ത്രി ശ്രീ. അർജുൻസിംഗായിരുന്നു 2008, ഫെബ്രുവരിയിൽ ഡോ. യശ്പാലിന്റെ നേതൃത്വത്തിൽ സമിതി രൂപീകരിച്ചത്. ഉന്നതവിദ്യാഭ്യാസമേഖലയുടെ നവീകരണത്തിനും അതിന് നവവീര്യം പകരുന്നതിനുമുള്ള കമ്മറ്റിയാണിത്. 2009, മാർച്ച് ഒന്നിന് ഡ്രാഫ്റ്റ് സമർപ്പിച്ചുകൊണ്ട് ശ്രീ. അർജുൻസിംഗിന് എഴുതിയ കത്തിൽ ഡോ. യശ്പാൽ പറയുന്നു: "ഈ കമ്മറ്റി ഉന്നതവിദ്യാഭ്യാസവുമായി ബന്ധപ്പെട്ട UGCയുടെയും AICTEയുടെയും അതുപോലുള്ള മറ്റു കൗൺസിലുകളുടെയും പ്രവർത്തനങ്ങളെ വിലയിരുത്താൻ ഉദ്ദേശിച്ചുള്ളതായിരുന്നല്ലോ. നമ്മുടെ ഉന്നത വിദ്യാഭ്യാസമേഖലയെ കൂടുതൽ ക്രിയാത്മകവും സൃഷ്ടിപരവുമായ മേഖലകളിലേക്ക് ഉയർത്താൻ പറ്റുമെന്ന ബോദ്ധ്യം ഞങ്ങൾക്കുണ്ട്. മേൽപറഞ്ഞ രണ്ടു സംഘടനകളുടെയും പരിമിതികളുടെ ഒരു നീണ്ട പട്ടിക നിരത്താൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല. അതു ഗുണകരമായ ഒരു പ്രവൃത്തിയല്ല. അതിന്റെ ഘടനയിൽ ചെറുതോ വലുതോ ആയ തിരുത്തലുകളും കൂട്ടിച്ചേർക്കലുകളും വരുത്തി ഞങ്ങളുടെ എനർജി നഷ്ടപ്പെടുത്തുവാനും ഞങ്ങൾ ആഗ്രഹിക്കുന്നില്ല. മറിച്ച് നമ്മുടെ ഉന്നത വിദ്യാഭ്യാസസിസ്റ്റത്തിലെ ചില അടിസ്ഥാന ബലഹീനതകൾ എന്തെന്ന് പഠിക്കാൻ ഞങ്ങൾ ആഗ്രഹിച്ചു. അതുകൊണ്ട് ഗുണമേന്മയുള്ളതും നവചൈതന്യം ഉൾക്കൊ

ള്ളുന്നതുമായ ഒരു ഉന്നതവിദ്യാഭ്യാസം ലക്ഷ്യംവച്ച് ഉപദേശിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു." സുവ്യക്തമായ ഒരു വീക്ഷണം ഈ കമ്മറ്റിക്ക് ഉണ്ടെന്ന് വ്യക്തമാണല്ലോ. ഒരു ദാർശനിക ഗൗരവം ഈ നിലപാടിലുണ്ട്. വിദ്യാഭ്യാസമേഖലയിലെ 22 വിദഗ്ദ്ധന്മാർ ഉൾപ്പെടുന്ന സമിതിയാണിത്. 80-ലധികം പേജുകളുള്ള ഈ റിപ്പോർട്ടിന്റെ വിശദാംശങ്ങളിലേക്ക് എല്ലാം നമുക്ക് കടക്കാനാവില്ല. ഇതിലെ ചില മുഖ്യധാരകൾ എടുത്തുകാണിക്കുക മാത്രമാണ് ലക്ഷ്യം. ഇതിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളെല്ലാം പുത്തൻആശയങ്ങളല്ല. മറിച്ച്, ഉന്നത വിദ്യാഭ്യാസമേഖലയേയും സർവ്വകലാശാലകളെയും ഒരു പുതിയ ലെൻസിലൂടെ നോക്കി കാണുകയാണ്. ആ നോട്ടത്തിൽ ഈ മേഖലകളെ പുനർ നിർവചിക്കാൻ പരിശ്രമിക്കുന്നു എന്നതാണ് ഇതിന്റെ തനിമ. ഈ പരിശ്രമത്തിൽ പുതുമയുടെ ഗന്ധം വല്ലപ്പോഴുമെങ്കിലും നമുക്കാശ്വസിക്കാനും സാധിക്കുന്നുണ്ട്. ഉന്നത വിദ്യാഭ്യാസമേഖലയിലെ കൃത്രിമത്വങ്ങളെ ശക്തമായി വിമർശിക്കുന്ന സമീപനം കമ്മറ്റി ആദ്യന്തം സ്വീകരിച്ചിട്ടുണ്ട്.

വിദ്യാഭ്യാസമേഖലയ്ക്ക് ഒരു ദേശീയ കമ്മീഷൻ വേണമെന്ന ബോധ്യത്തോടുകൂടിയാണ് ഈ കമ്മറ്റി എല്ലാ കാര്യങ്ങളും പഠനവിധേയമാക്കിയിരിക്കുന്നത്. (National Commission for Higher Education and Research, NCHER). ഇതിന് ഭരണഘടനാപരമായ ഒരു പദവി നൽകണമെന്ന് പറഞ്ഞിരിക്കുന്നു. ഇന്ന് വിദ്യാഭ്യാസമേഖലയിൽ പല നിയന്ത്രണഘടകങ്ങളുണ്ട്.

ഉദാ. University Grants Commission (UGC)

National Council of Teacher Education (NCTE)

All India Council for Technical Education (AICTE)

Medical Council of India (MCI)

Bar Council of India (BCI)

Council of Architecture (COA)

Pharmacy Council of India (PCI)

ഇത്തരം കൗൺസിലുകളെല്ലാം മേൽപറഞ്ഞതിൽ ലയിക്കുകയോ അതിന് വഴിമാറിക്കൊടുക്കുകയോ അല്ലെങ്കിൽ അതിൽ



ഉൾച്ചേർക്കപ്പെടുകയോ ചെയ്യണം. ഓരോ ശാഖയ്ക്കും വ്യത്യസ്ത കൗൺസിലുകൾ ആവശ്യമില്ല. ഈ കൗൺസിലുകളുടെ അമിത ഇടപെടൽമൂലം പുരോഗതിയും ഗുണമേന്മയും തടസ്സപ്പെടുന്നു. ഈ കൗൺസിലുകൾ അവയുടെ അക്കാദമിക് ചുമതല സർവ്വകലാശാലകൾക്ക് തിരിച്ചുനല്കണം. ദേശീയ വിജ്ഞാന കമ്മീഷന്റെ അഭിപ്രായത്തിൽ അമിതനിയന്ത്രിതവും, മോശമായി ഒരുക്കപ്പെട്ടതുമായ ഒരു വിദ്യാഭ്യാസവ്യവസ്ഥിതിയാണ് ഇന്ന് രാജ്യത്ത് നിലനില്ക്കുന്നത് എന്നു മുമ്പേ പറഞ്ഞിട്ടുള്ളതാണ്. ഇതിന്റെ ചുവടു പിടിച്ചുതന്നെയാണ് പുതിയ കമ്മറ്റി മേൽപറഞ്ഞ നിർദ്ദേശം മുമ്പോട്ട് വച്ചിരിക്കുന്നത്. ഉന്നത വിദ്യാഭ്യാസത്തെ നിയന്ത്രിക്കുന്ന ഘടന നീതിപൂർവ്വകമായ ഒന്നായിരിക്കണമെന്ന് കമ്മറ്റി പ്രത്യേകം നിരീക്ഷിക്കുന്നു. NCHERനെ ഒരു Czar ആയി കാണരുതെന്ന് ഡോ. യശ്പാൽതന്നെ ഊന്നിപ്പറയുന്നു. സർവ്വകലാശാലകളുടെ സ്വാതന്ത്ര്യം മാനിക്കണം. നിർജ്ജീവമായ ഐകരൂപ്യം അപകടത്തിലേക്ക് നയിക്കും. ഒരു സർവ്വകലാശാല മറ്റൊന്നിന്റെ കാർബൺ കോപ്പി ആകാൻ പാടില്ല എന്നും എടുത്തു പറഞ്ഞിരിക്കുന്നു. NCHER ഒരു ഫസിലിറ്റേറ്ററും കാറ്റലിസ്റ്റുമായിട്ടാണ് പ്രവർത്തിക്കേണ്ടത്. ഇന്ന് സർവ്വകലാശാലകളിൽ ആവശ്യത്തിൽ കൂടുതൽ സർക്കാർ ഇടപെടലും, പരിശോധനയും നിയന്ത്രണവും ഉണ്ടെന്ന് കമ്മറ്റി വ്യക്തമായി എടുത്തുപറഞ്ഞിരിക്കുന്നു.

മറ്റൊരു പ്രത്യേകത, ഈ കമ്മറ്റി വിദ്യാഭ്യാസത്തിന്റെ നേർക്ക് സമഗ്രമായ ഒരു സമീപനം (Wholistic) സ്വീകരിച്ചിരിക്കുന്നു എന്നതാണ്. കഴിഞ്ഞ കാലങ്ങളിൽ വിദ്യാഭ്യാസമേഖലയിൽ ആവശ്യത്തിലേറെ ശിഥിലീകരണം, ഛിന്നഭിന്നമാക്കൽ, തുണ്ടുതുണ്ടുകളായി വേർപിരിയൽ നടന്നിട്ടുണ്ട്. കുട്ടികൾക്ക് ഉറങ്ങാൻ കൊടുക്കുന്ന ചെറിയ ഉറക്കറ പോലെ എന്ന് ഈ കമ്മറ്റി അതിനെ വിശേഷിപ്പിച്ചിരിക്കുന്നു. വ്യത്യസ്ത വിഷയങ്ങൾ തമ്മിൽ കാര്യമായ ബന്ധമില്ലാതെവന്നു എന്നു മാത്രമല്ല, അകൽച്ചയും ഉണ്ടായി. തന്നെയുമല്ല ഇത്തരം നിർദ്ദിഷ്ടമേഖലകളിൽ വന്ന പുതിയ കാഴ്ചപ്പാടുകളും ഉൾക്കാഴ്ചകളും നിലവിലിരിക്കുന്ന സിസ്റ്റത്തോട് സംയോജിപ്പിക്കുന്നതിലും വിജയിച്ചില്ല. പ്രകാശം കടത്തിവിടാത്ത ഒപ്പേക്ക്ബോഡി പോലെ ഓരോ ഡിപ്പാർട്ടുമെന്റും പ്രവർത്തിക്കുന്നു എന്നും എടുത്തുപറഞ്ഞിരിക്കുന്നു. ഓരോന്നും അവരവരുടെ തടവറയിലാണെന്ന് കമ്മറ്റി ചൂണ്ടിക്കാണിക്കുന്നു. ഇത് കുട്ടികളുടെയും അധ്യാപകരുടെയും ചിന്തകളുടെ

പറക്കലിനെ തടഞ്ഞു; സൃഷ്ടിപരത നശിപ്പിച്ചു; പൊതുവിദ്യാഭ്യാസ മേഖലയിലും കോളേജിലും ഇതുതന്നെ സംഭവിച്ചു. കൂടുതൽ ചിന്തിക്കുവാനും, പുതിയ അറിവ് കണ്ടെത്താനുമുള്ള കുട്ടികളുടെ അന്വേഷണ തൃഷ്ണ നഷ്ടപ്പെട്ടു. അറിവു കൊടുക്കാൻ മാത്രമേ പരിശ്രമിച്ചുള്ളൂ. അറിവ് സൂക്ഷിക്കുന്ന സംഭരണികളായിമാത്രം കുട്ടികളെ കണ്ടു. കുട്ടികളെ ഇന്റർ ഡിസിപ്ലിനറി അനുഭവമുള്ളവരാകണമെന്ന നിർദ്ദേശം ഏറെ ശ്ലാഘനീയമായ ഒന്നത്രേ. അത് പുതിയൊരാവേശം നല്കുന്നുണ്ട്. അമിതമായ അകൽച്ചയുടെ ചിന്ത വിവിധ വിഷയങ്ങൾ തമ്മിൽ ഉണ്ടാകരുത്. അറിവിന്റെ ക്യൂബിക്കലൈസേഷൻ നല്ലതല്ല.

മറ്റൊരു പ്രത്യേകത, സർവ്വകലാശാലകളെക്കുറിച്ചുതന്നെ ദാർശനികസ്വഭാവമുള്ള നിരീക്ഷണങ്ങൾകൊണ്ട് പുനർനിർവചിച്ചിരിക്കുന്നു എന്നതാണ്. സർവ്വകലാശാലകൾക്ക് സുപ്രധാനമായ സ്ഥാനം നല്കിയിരിക്കുകയാണ്. സർവ്വകലാശാല എന്നാൽ പുതിയ ആശയങ്ങൾ ജനിക്കുന്ന സ്ഥലം എന്നത്രേ. സർവ്വകലാശാലകൾ ലോകത്തിലെ എല്ലാ വൈജ്ഞാനികശാഖകളെയും ഉൾക്കൊള്ളുന്നു. സൃഷ്ടിപരതയുടെ നൈസർഗ്ഗികസ്വഭാവമുള്ള മനസ്സുകളുടെ ഒരുമിച്ചു കൂടലാണത്. യാഥാർത്ഥ്യങ്ങളുടെ പുതിയ കാഴ്ചപ്പാടുകൾ സൃഷ്ടിക്കുകയും ആശയവിനിമയം നടത്തുകയും ചെയ്യേണ്ട വേദിയാണത്. സർവ്വകലാശാലകൾക്കു കുട്ടികളെ പ്രാപ്തരാക്കുക എന്നതു മാത്രമല്ല, സമൂഹത്തിന്റെ ചിന്താപരമായ പ്രവൃത്തിയിലും സ്ഥാനമുണ്ട്. അതുവഴി ആഗോളചിന്തയിലും വിജ്ഞാനത്തിന്റെ വികാസം വഴി ഉണ്ടാകുന്ന സാംസ്ക്കാരിക വളർച്ച ഇതാണ്.

ഇപ്രകാരം പ്രവർത്തിക്കാൻ സർവ്വകലാശാലകൾ സ്വതന്ത്രസ്ഥാപനങ്ങളായിരിക്കണം. അവ സ്ഥാപിക്കപ്പെട്ടിരിക്കുന്ന സ്ഥലങ്ങളിലെ-സാമൂഹ്യ-സാംസ്ക്കാരിക ഘടകങ്ങളെ പ്രതിഫലിപ്പിക്കണം. ഈ വൈവിധ്യം അവയ്ക്ക് അവയുടെ പശ്ചാത്തലങ്ങളോടുള്ള ജൈവബന്ധമാണ് വ്യക്തമാക്കുന്നത്. സർവ്വകലാശാല കേവലം ഫിസിക്കലല്ല; അത് സാംസ്ക്കാരികം കൂടിയാണ്. അങ്ങനെയാണല്ലോ സാംസ്ക്കാരികനവോത്ഥാനം ഉണ്ടാവുക. ഗവേഷണവും പ്രബോധനവുംവഴി അവ അറിവിലും സംസ്ക്കാരത്തിലും മുന്നേറുകയും വിമർശനപരമായ വിലയിരുത്തലുകൾ നടത്തുകയും ചെയ്യുന്നു. സമൂഹത്തിന്റെ അനുദിനമുള്ള ആവശ്യങ്ങളുമായി ബന്ധപ്പെട്ടുവേണം സർവ്വ



കലാശാല വളരാൻ. രാഷ്ട്രീയവും സാമ്പത്തികവുമായ ശക്തികളിലും ഇടപെടലുകളിൽ നിന്നും സർവ്വകലാശാല സ്വതന്ത്രമായിരിക്കണം. ധാർമ്മികവും ബൗദ്ധികവുമായ സ്വാതന്ത്ര്യം എന്നത് സർവ്വകലാശാല എന്ന വാക്കിൽതന്നെ അന്തർലീനമാണെന്ന് വ്യക്തമാക്കപ്പെട്ടിരിക്കുന്നു. ഈ സ്വാതന്ത്ര്യം എന്നത് പരിശീലനം നേടുന്നതിനും ഗവേഷണം നടത്തുന്നതിനുമുള്ള സ്വാതന്ത്ര്യമാണ്. ഇത് സർക്കാരും സമൂഹവും മാനിക്കേണ്ട കാര്യമാണ്. പഠിപ്പിക്കലും ഗവേഷണവും അവിഭാജ്യമാണെന്ന് സ്ഥാപിച്ചിരിക്കുന്നു. കാരണം സർവ്വകലാശാലയുടെ ചുമതല കുട്ടികൾക്ക് അറിവു നല്കുക മാത്രമല്ല, അവർക്ക് അറിവ് സൃഷ്ടിക്കാനുള്ള അവസരം ഒരുക്കുക കൂടിയാണ്. സർവ്വകലാശാലകൾ സമൂഹത്തെ സേവിക്കണമെന്നും സമൂഹത്തോട് അടിസ്ഥാനപരമായി ബന്ധപ്പെട്ടിരിക്കണമെന്നും എടുത്തുപറഞ്ഞിരിക്കുന്നു. സർവ്വകലാശാലകളും സമൂഹവും തമ്മിൽ സവിശേഷമായ സൗഹൃദമുണ്ട്. രാജ്യത്തിന്റെ ആവശ്യങ്ങളോട് പ്രതികരിക്കാൻ സർവ്വകലാശാലകൾക്ക് കഴിയണം. സമൂഹത്തിലെ യുവമനസ്സുകളും ഹൃദയങ്ങളുമായിട്ടാണ് സർവ്വകലാശാലകൾ എപ്പോഴും ബന്ധപ്പെടുന്നത്. വിദ്യാഭ്യാസമേഖലയും യഥാർത്ഥലോകവും തമ്മിലുള്ള അകൽച്ച ഉണ്ടാകാതെ ശ്രദ്ധിക്കണം.

സർവ്വകലാശാലകൾക്കുവേണ്ടി നിക്ഷേപിക്കുന്നത് ഒരിക്കലും നഷ്ടമല്ലെന്ന് എടുത്തു പറഞ്ഞിരിക്കുന്നു. ഇന്ത്യയിലെ ഉന്നതവിദ്യാഭ്യാസത്തിൽ സംസ്ഥാനസർവ്വകലാശാലകൾക്ക് വലിയ പ്രാധാന്യമുണ്ട്. നട്ടെല്ല് എന്നു വിശേഷിപ്പിക്കാവുന്നത് ഈ സർവ്വകലാശാലകളാണ്. അതും ഇൻഡ്യൻ സർവ്വകലാശാലകൾതന്നെയാണ്. കൂടുതൽ കുട്ടികളും അവിടെയാണ് പഠിക്കുന്നത്. സംസ്ഥാന സർക്കാരിനാണ് ഈ സർവ്വകലാശാലകളുടെ ഉത്തരവാദിത്വം. ഇവിടെ കേന്ദ്ര-സംസ്ഥാനസർവ്വകലാശാലകൾ തമ്മിൽ വിവേചനം പാടില്ല. കേന്ദ്രസർവ്വകലാശാലയുടെ ആനുകൂല്യങ്ങൾ സംസ്ഥാനസർവ്വകലാശാലകൾക്കും നല്കണം. സംസ്ഥാനസർക്കാർതന്നെ ഉദാരമായി സഹായിക്കണം. ഭാരതത്തിലെ ബൗദ്ധ-ഹൈന്ദവ-ജൈന സർവ്വകലാശാലകൾക്ക് രാജാക്കന്മാർ വലിയ തുക ദാനം ചെയ്തിരുന്ന പാരമ്പര്യം ഏവർക്കും അറിവുള്ളതാണ്. ഉന്നത വിദ്യാഭ്യാസം സർക്കാരിന്റെ ഉത്തരവാദിത്വമാണെന്ന് ഡോ. എസ്. രാധാകൃഷ്ണന്റെ നേതൃത്വത്തിലുള്ള സർവ്വകലാശാല വിദ്യാഭ്യാസകമ്മീഷൻ (1948) ഊന്നിപ്പറയുകയുണ്ടായി.

ഉന്നത വിദ്യാഭ്യാസത്തിലൂടെയേ ജനാധിപത്യവൽക്കരണം നടപ്പിലാവുകയുള്ളൂ. ഉന്നത വിദ്യാഭ്യാസം സമൂഹത്തിലെ ഉയർന്ന ക്ലാസ്സിനുവേണ്ടി മാത്രമല്ല. ജീവിതത്തിന്റെ വ്യത്യസ്ത തുറകളിലെ ചെറുപ്പക്കാർ ഉന്നതവിദ്യാഭ്യാസത്തിലെത്തുമ്പോൾ സമൂഹത്തിലെ ക്ലാസ് ബാരിയേഴ്സിനെ മറികടക്കുകയാണ്. സാർവ്വത്രികമാനം കണ്ടെത്തുകയാണ്. ലോകത്തിലെ ഹ്യൂമനിസ്റ്റ് പാരമ്പര്യങ്ങളുടെ സൂക്ഷിപ്പുകാരാണ് സർവ്വകലാശാലകൾ. സാർവ്വത്രിക അറിവ് സ്വരുക്കൂട്ടുക എന്നതാണ് സർവ്വകലാശാലകളുടെ ലക്ഷ്യം. രാഷ്ട്രീയവും ഭൂമിശാസ്ത്രപരവും വംശീയവും സാംസ്ക്കാരികവുമായ അതിർവരമ്പുകളെ മറികടന്നുകൊണ്ടാണത്. എല്ലാ സംസ്ക്കാരങ്ങളും പാരമ്പര്യങ്ങളും തമ്മിൽ പരസ്പരം അറിയേണ്ടതിന്റെ ആവശ്യകതയെ എടുത്തുകാണിക്കുക എന്നതാണ് സർവ്വകലാശാലയുടെ ലക്ഷ്യം. മനുഷ്യനിലുള്ള മനുഷ്യത്വത്തെ ഉയർത്തുവാനും മൃഗീയതയെ താഴ്ത്തുവാനും ഇത് ഉപകാരപ്പെടും. സത്യസന്ധമായ സമീപനങ്ങൾ പുലർത്തുകയും വളർത്തുകയും ചെയ്യുന്നു. ജോലി ലക്ഷ്യം വയ്ക്കുകയും ഭദ്രമായ യുക്തിവിചാരം പരിപോഷിപ്പിക്കുകയും ചെയ്യുന്നു. ജനാധിപത്യത്തിന്റെ ഭാവി ഒരു വലിയ പരിധിവരെ അറിവിനെ സൃഷ്ടിക്കാനുള്ള സമൂഹത്തിന്റെ കഴിവിനെ ആശ്രയിച്ചാണിരിക്കുന്നത്. വ്യത്യസ്ത പശ്ചാത്തലങ്ങളിൽനിന്നുള്ള മനസ്സുകളുടെ സമ്മേളനമാണ് സർവ്വകലാശാല എന്ന കമ്മറ്റിയുടെ നിഗമനം മുൻവിധികളില്ലാത്തതാണ്. സമൂഹത്തിലെ തരംതിരിവുകൾ ഉന്നതവിദ്യാഭ്യാസംവഴി അപ്രത്യക്ഷമാകും. അതിന് ഉന്നതവിദ്യാഭ്യാസത്തെ ദേശീയ ഉത്തരവാദിത്വമായി എടുക്കണം. കുറഞ്ഞ ചിലവിൽ കൂടുതൽപേർക്ക് ഉന്നതവിദ്യാഭ്യാസം നല്കുക എന്ന ലക്ഷ്യവും കമ്മറ്റി ശക്തമായി മുമ്പോട്ടുവയ്ക്കുന്നു.

ഈ അടിസ്ഥാന കാഴ്ചപ്പാടുകളിൽനിന്നുകൊണ്ടാണ് പ്രത്യേക നിർദ്ദേശങ്ങളിലേക്ക് കടന്നിരിക്കുന്നത്. പ്രൈമറി വിദ്യാഭ്യാസം മുതൽ സർക്കാരിന്റെയും സമൂഹത്തിന്റെയും ശ്രദ്ധ പതിയണമെന്ന് എടുത്തുപറഞ്ഞിരിക്കുന്നു. അണ്ടർ ഗ്രാജ്വേറ്റ് വിഭാഗം ശക്തമായ പുനഃപരിശോധനയ്ക്ക് വിധേയമാകണമെന്ന് നിരീക്ഷിച്ചിട്ടുണ്ട്. കോളേജുകളുടെ പ്രാധാന്യം കുറയരുതെന്ന് നിരീക്ഷിക്കണം. കോളേജുകളെ ഉന്നത വിദ്യാഭ്യാസത്തിന്റെ അടിത്തറയായി കാണണം. അതിനുശേഷം സർവ്വകലാശാലകൾ നേരിടുന്ന വെല്ലുവിളികൾ എല്ലാം ശാസ്ത്രീയമായി



രംഗത്തു കൊണ്ടുവരുന്നു. സർവ്വകലാശാലകളുടെ ഭരണസംവിധാനം, സ്വയംഭരണസ്വഭാവമുള്ള സർവ്വകലാശാലകളുടെ പ്രാധാന്യം തുടങ്ങിയവ വ്യക്തമാക്കുന്നു. പഠനത്തിന്റെയും സിലബസ്സിന്റെയും നേർക്ക് തുറന്ന ഒരു മനസ്ഥിതി കാണിക്കുന്നുണ്ട്. സർവ്വകലാശാലകളുടെ ഭാരം കുറയ്ക്കണം. വി.സി.മാരുടെ നിയമനവും സർവ്വകലാശാലയിലെ ജോലികൾ കാര്യക്ഷമമാക്കാനുള്ള നിർദ്ദേശങ്ങളുമുണ്ട്. അധ്യാപക പരിശീലനത്ത് പ്രാധാന്യം നല്കിയിട്ടുണ്ട്. വിദേശസർവ്വകലാശാലകളുമായി നമ്മുടെ സർവ്വകലാശാലകൾ നിർബന്ധമായും ബന്ധപ്പെടമെന്നും അവിടത്തെ പ്രഗത്ഭരായ അധ്യാപകരേയും ശാസ്ത്രജ്ഞന്മാരെയും പരിചയപ്പെടുവാനുള്ള അവസരം നമ്മുടെ കുട്ടികൾക്ക് ഉണ്ടാകണമെന്നും പറഞ്ഞുവച്ചിട്ടുണ്ട്. അവിടങ്ങളിലെ വെറും ഇടത്തരം സർവ്വകലാശാലകളുടെ "കടകൾ" ഇവിടെ തുറക്കാൻ അനുവദിക്കുകയല്ല വേണ്ടതെന്നും എടുത്തു പറഞ്ഞിരിക്കുന്നു. രാജ്യത്തെ മികച്ച 1500 കോളേജുകളെ സർവ്വകലാശാലകളാക്കാൻ നീക്കമുണ്ട്. കൂൺപോലെ പെട്ടെന്ന് വളർന്ന Deemed സർവ്വകലാശാലകളെക്കുറിച്ച് ശക്തമായ വിമർശനം നല്കുന്നുണ്ട്. എന്തിനുവേണ്ടി ആ പദവി നല്കിയോ അതിൽനിന്നെല്ലാം അവ വഴിമാറിപ്പോയെന്നും വിദ്യാഭ്യാസമേഖലയിൽ വൈവിധ്യവും ആഴപ്പെടലും സംരക്ഷിക്കും എന്ന ബോധ്യത്തിലാണ് ആ പദവി നല്കിയതെന്നും എടുത്തുപറഞ്ഞിരിക്കുന്നു. ഈ മേഖലയിൽ അടുത്ത കാലത്തുണ്ടായ സ്ഫോടനാത്മകമായ വളർച്ചയെക്കുറിച്ചും അതിന്റെ സ്വഭാവത്തെക്കുറിച്ചും കമ്മറ്റി വലിയ ഉൽക്കണ്ഠ രേഖപ്പെടുത്തിയിരിക്കുന്നു. എൻജിനീയറിംഗ്, മെഡിക്കൽ, മാനേജുമെന്റ് തുടങ്ങിയ മേഖലകളിലെ സ്വകാര്യമാനേജുമെന്റുകളുടെ കടന്നുവരവും പ്രവർത്തനവും കമ്മറ്റി ഏറെ തൃപ്തിയോടെ അല്ല കണ്ടിരിക്കുന്നത്. ഇവിടെ കമ്മറ്റി മുൻവിധിയോടെ നിലപാടുകൾ സ്വീകരിച്ചിട്ടുണ്ട് എന്നാണ് എന്റെ നിരീക്ഷണം. വിശദമായ ചർച്ചകൾ ഈ ഭാഗത്തു നടത്തേണ്ടതുണ്ട്. അതേസമയം IITകളും IIMകളും സമ്പൂർണ്ണ സർവ്വകലാശാലകളായി മാറ്റണമെന്നും നിർദ്ദേശിച്ചിരിക്കുന്നു. വിശദമായ പഠനങ്ങളും വിശകലനങ്ങളും ഇനിയും ആവശ്യമായ ഏറെ ഭാഗങ്ങൾ ഈ കമ്മറ്റിയുടെ പഠനറിപ്പോർട്ടിലുണ്ട്. NEHERതന്നെ ഏകാധിപത്യപ്രവണത കാണിക്കാൻ സാധ്യതയുണ്ട്. എങ്കിലും പ്രതീക്ഷകളുണർത്തുന്ന ഏറെ സമീപനങ്ങളുള്ള ഒരു പഠനറിപ്പോർട്ടാണിത്.

ലേഖനം

# അക്കാദമിക് അത്തേയ്സ്സം മതന്യൂനപക്ഷങ്ങൾ ജാഗ്രത പാലിക്കണം

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാ മെത്രാൻ

കേരളത്തിലെ മത-സാംസ്ക്കാരികമൂല്യങ്ങളെ കരണ്ടുതിന്നുന്ന രണ്ടു മാറാരോഗങ്ങളാണ് അക്കാദമിക് അത്തേയ്സ്സവും മാധ്യമ അത്തേയ്സ്സവും. ജനാധിപത്യം എന്നത് ഒരു ഭരണസമ്പ്രദായം മാത്രമല്ല; അത് ഒരു ജീവിതരീതിയെ കുറിക്കുന്നു. ജനാധിപത്യത്തിൽ വ്യക്തിക്കാണ് പ്രാധാന്യം. അധികാരം ജനങ്ങളിൽനിന്ന് ലഭിച്ചതാണ്. സർവ്വാധിപത്യത്തിൽ രാഷ്ട്രത്തിനും. വ്യക്തിയുടെ ജീവിതത്തിൽ ആവശ്യമായ സാഹചര്യം സൃഷ്ടിക്കുക എന്നതാണ് സ്റ്റേറ്റിന്റെ ചുമതല. ജന നന്മയുടെ കാവൽക്കാർ ആകേണ്ടവരാണ് ജനാധിപത്യഭരണാധികാരികൾ. നമ്മൾ അന്യാധിപത്യത്തിൽനിന്ന് ജനാധിപത്യത്തിലേക്കെത്തിയെങ്കിലും നമ്മുടെ ഭരണാധികാരികൾ കാണിക്കുന്നത് സർവ്വാധിപത്യപ്രവണതകൾ മാത്രമാണ്. മതാത്മകതയേയും സ്വകാര്യതയേയും ഭംഗപ്പെടുത്തുംവിധം മതജീവിതത്തിലേക്കും വ്യക്തിജീവിതത്തിലേക്കും രാഷ്ട്രം അതിക്രമിച്ച് കടക്കുകയാണ്. ഏകാധിപത്യപ്രവണതക്കാരെ സംബന്ധിച്ചിടത്തോളം മതവും സംസ്ക്കാരവും ഭീഷണിയാണ്. എന്തു വിലകൊടുത്തും ഇവയുടെ ശക്തിയും സ്വാധീനവും ഇല്ലാതാക്കാൻ രാഷ്ട്രം ശ്രമിച്ചുകൊണ്ടിരിക്കും. കഴിഞ്ഞ കാലങ്ങളിൽ രാഷ്ട്രങ്ങൾ ഉരുക്കുമുഷ്ടികൊണ്ടാണ് അധികാരം പ്രയോഗിച്ചിരുന്നതെങ്കിൽ ആധുനികകാലത്ത് സംശയത്തിനിടനൽകാത്തവിധം ബുദ്ധികൂർമ്മതയോടെയാണ് അധികാരം പ്രയോഗിക്കുന്നത്. കേരളത്തിലെ ഇടതുപക്ഷസർക്കാർ അതിനു കണ്ടെത്തിയ മേഖലയാണ് വിദ്യാഭ്യാസരംഗം. പാഠപുസ്തകങ്ങളിലൂടെ ഈശ്വരനിഷേധം പ്രചരിപ്പിക്കുക, ഇതാണ് അക്കാദമിക് അത്തേയ്സ്സം. അതിനെ പ്രോത്സാഹിപ്പിക്കുവാൻ മാധ്യമങ്ങളും. ചൂഷിതവർഗ്ഗക്കാർക്കുവേണ്ടിയാണ് തങ്ങൾ നിലനില്ക്കുന്നതെന്ന് പറഞ്ഞ് അവരെ തെറ്റിദ്ധരിപ്പിച്ച്



ശാസ്ത്രീയമായ രീതിയിൽ ചൂഷണം നടത്തുന്നു. മതത്തിന്റെയും സംസ്ക്കാരത്തിന്റെയും കീർത്തിക്ക് ഹാനി തട്ടുന്ന ഇത്തരം പ്രവൃത്തികൾ ക്ഷന്തവ്യമല്ല. മതന്യൂനപക്ഷങ്ങൾ തികഞ്ഞ ജാഗ്രത പാലിക്കേണ്ട സമയമാണിത്.

പാഠ്യപദ്ധതിയിൽനിന്നു മതചിന്തകളും ദൈവവിചാരവും പാടേ ഉപേക്ഷിക്കുന്നത് ഏറ്റവും അപകടകരമായ ഒരു സമീപനമാണ്. പാഠ്യപദ്ധതിക്ക് സമഗ്രസ്വഭാവം ഉണ്ടാകണം. എല്ലാ ജനവിഭാഗങ്ങളുടെയും മതങ്ങളെക്കുറിച്ചുള്ള ആധികാരികമായ അറിവ് വിശ്വാസമണ്ഡലത്തിൽ മാത്രമല്ല വൈജ്ഞാനികരംഗത്തും വലിയ ഒരു മുതൽക്കൂട്ടാണ്. സത്യവും ധാർമ്മികതയും കുട്ടികൾ കണ്ടുമുട്ടുന്നത് ഇത്തരം പഠനങ്ങളിലൂടെയാണ്. സെക്കുലർ അറിവ് അത് എത്ര വികസിച്ചാലും പരിമിതികളുള്ളതാണ്. "ദൈവികമാനത്തെ കുറച്ചുകാണിക്കുക, അല്ലെങ്കിൽ ഛേദിച്ചുകളയുക എന്ന പ്രവണത നിങ്ങൾ അനുവദിച്ചാൽ ശേഷിക്കുന്ന വൈജ്ഞാനികമേഖല വെറും തുണ്ടുകഷണങ്ങളായി ചിതറിക്കപ്പെടും" എന്ന കാർഡിനൽ ന്യൂമാന്റെ വാക്കുകൾ ശ്രദ്ധേയമത്രേ. എല്ലാറ്റിനെയും കോർത്തിണക്കുന്ന സാർവ്വത്രികമൂല്യങ്ങൾ നഷ്ടപ്പെടുമ്പോഴാണ് ഈ ചിതറിക്കൽ നടക്കുന്നത്. "ശാസ്ത്രവും തത്ത്വശാസ്ത്രവും ദൈവശാസ്ത്രവും തമ്മിൽ കോർത്തിണക്കിയാൽ മാത്രമേ ബൗദ്ധികതയുടെ, യുക്തിഭദ്രതയുടെ മേഖലകളെ വലുതാക്കുവാനും സത്യത്തിന്റെയും നന്മയുടെയും വലിയ മേഖലയിലേക്ക് കടക്കുവാനും സാധിക്കുകയുള്ളൂ. സത്യത്തെക്കുറിച്ചുള്ള ഈ അവബോധമാണ് എല്ലാം തമ്മിൽ കോർത്തിണക്കുന്നത്. മതപരമായ മാനം സംസ്ക്കാരത്തെ സംബന്ധിച്ചിടത്തോളം നൈസ്സർഗ്ഗികമാണ്, ആന്തരമാണ്. ഈ മാനമാണ് ഒരു വ്യക്തിയുടെ ആകമാനവളർച്ചയെ സഹായിക്കുന്നത്. ഇപ്രകാരമാണ് അറിവ് യഥാർത്ഥ വിജ്ഞാനമായി മാറുന്നത്" (ബനഡിക്ട് 16-ാമൻ മാർപാപ്പ). ഈ സ്വഭാവസവിശേഷതയാണ് നമ്മുടെ വിദ്യാഭ്യാസമേഖലയിൽനിന്നും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നത്. അത് ക്രമേണ ഒരു ബൗദ്ധിക അത്തേയ്സ്സം എന്ന പന്ഥാവിലേക്ക് വഴി തെളിക്കുകയാണ്. കുട്ടികളിൽനിന്നു ദൈവവിചാരം നഷ്ടപ്പെടുന്നത് ആത്യന്തികമായി രാജ്യത്തിന്റെ ഭാവിയെ ബാധിക്കും. വിദ്യാഭ്യാസ വിചക്ഷണനായ ഡോ. രാധാകൃഷ്ണൻ വിദ്യാഭ്യാസമേഖലയിൽ ധാർമ്മികശാസ്ത്രത്തിന്റെയും മതസംബന്ധമായ വിദ്യാഭ്യാസത്തിന്റെയും ആവശ്യകത സവിശേഷമായ രീതിയിൽ എടുത്തുകാട്ടിയ വ്യക്തിയായിരുന്നു.

അക്കാദമിക് അത്തേയ്സ്സവും മാധ്യമ അത്തേയ്സ്സവും തേർവാഴ്ച നടത്തുന്ന ഈ അവസരത്തിൽ മതന്യൂനപക്ഷങ്ങൾ തങ്ങ

ളുടെ ന്യൂനപക്ഷാവകാശത്തെക്കുറിച്ച് കൂടുതൽ ഗൗരവമായി ചിന്തിക്കേണ്ടതുണ്ട്. ന്യൂനപക്ഷങ്ങൾ കരുത്താർജ്ജിക്കേണ്ടതുണ്ട്. ജനാധിപത്യത്തിനു ജന്മസിദ്ധമായ ഒരു വൈകല്യമുണ്ട് എന്നു പറയാറുണ്ട്. അത് ഭൂരിപക്ഷത്തിന്റെ സ്വേച്ഛാധിപത്യമായി ജനാധിപത്യം അധഃപതിക്കാനുള്ള സാധ്യത ഉണ്ട് എന്നതത്രേ. എല്ലാ ജനാധിപത്യഭരണഘടനകളിലും അതിനുള്ള ചില പരിഹാരമാർഗ്ഗങ്ങളും എഴുതിച്ചേർത്തിട്ടുണ്ട്. ഇൻഡ്യൻ ഭരണഘടനയിൽ ഈ നിയമങ്ങൾ ന്യൂനപക്ഷാവകാശങ്ങളുടെ രൂപമാണ് സ്വീകരിച്ചിരിക്കുന്നത്. 'ന്യൂനപക്ഷം' എന്ന പദത്തിന്റെ വ്യംഗ്യാർത്ഥതലങ്ങൾ അതിന്റെ വാച്യാർത്ഥത്തെ ഇല്ലാതാക്കുന്നില്ല. ന്യൂനപക്ഷത്തിന് പുതിയ നിർവചനം നല്കാൻ ശ്രമിക്കുന്നവരും, ന്യൂനപക്ഷപദവിതന്നെ എടുത്തുകളയാൻ ശ്രമിക്കുന്നവരും ഭരണഘടനതന്നെയും ഭരണഘടനാവിരുദ്ധമാണെന്ന് വാദിക്കുന്നവരാണ്! നിയമസഭയുടെ അധികാരത്തിന് ഭരണഘടനാപരമായ പരിധികൾ ഇല്ലെങ്കിൽ എന്തു സംഭവിക്കുമായിരുന്നു എന്നതിന് ഉത്തമനിദർശനമാണ് 2006-ലെ കേരള പ്രൊഫഷണൽ കോളേജ് ആക്ട്.

അക്കാദമിക് അത്തേയ്സ്സമെന്ന വിഷബാധക്കുള്ള മറുമരുന്നാണ് ന്യൂനപക്ഷാവകാശം എന്ന ടോണിക്ക്. ഓരോ സമുദായത്തോടും ചേർന്നുള്ള സാംസ്ക്കാരികവും, മതാത്മകവും ധാർമ്മികവും ഭാഷാപരവുമായ പൈതൃകം പരിരക്ഷിക്കാനും പുഷ്ടിപ്പെടുത്താനുമാണ് ന്യൂനപക്ഷാവകാശങ്ങൾ. അത് രാഷ്ട്രീയക്കാരുടെ സൗകര്യംപോലെ പുനർനിർവചിക്കാനോ എടുത്തുകളയാനോ വേണ്ടിയല്ല. വളരെ അടിസ്ഥാനസ്വാഭാവമുള്ള ദാർശനിക കാഴ്ചപ്പാടുകൾ അതിന്റെ പിന്നിലുണ്ട്. അത് മതസമൂഹങ്ങളോട് അസ്തിത്വപരമായ ബന്ധം പുലർത്തുന്നവയുമാണ്. ന്യൂനപക്ഷങ്ങൾതന്നെ ഈ ദാർശനിക കാഴ്ചപ്പാടിനെപ്പറ്റി കൂടുതൽ അവബോധമുള്ളവരായാൽ മാത്രമേ ന്യൂനപക്ഷാവകാശത്തിന്റെ ഔന്നത്യം മനസ്സിലാവുകയുള്ളൂ. തത്ത്വജ്ഞാനികളുടെ രാജാവ് എന്നു വിശേഷിപ്പിക്കപ്പെട്ട ഡോ. രാധാകൃഷ്ണൻ രാഷ്ട്രപതിയായി തെരഞ്ഞെടുക്കപ്പെട്ടപ്പോൾ ലോകപ്രസിദ്ധ ദാർശനികനായ ബർട്രാൻഡ് റസ്സൽ പറഞ്ഞത്: "ദർശനികർ ഭരണാധികാരികളാകുമ്പോൾ രാഷ്ട്രം ഒന്നത്യം പ്രാപിക്കുന്നു" എന്നാണ്. മതത്തെയും സംസ്ക്കാരത്തെയും ഒരു ദാർശനിക ലെൻസിൽക്കൂടി വായിച്ചെടുക്കുമ്പോഴാണ് ന്യൂനപക്ഷാവകാശങ്ങളുടെ അർത്ഥഗരിമയും അർത്ഥഭാരവും നമുക്ക് തിരിച്ചറിയുവാൻ കഴിയുക.

പ്രത്യേകവിഭാഗങ്ങളുടെ താൽപര്യം സംരക്ഷിക്കാനാണ് ഭരണഘടന ന്യൂനപക്ഷാവകാശവും സംവരണവും ഏർപ്പെടുത്തിയിരി



ക്കുന്നത്. ഇവ രണ്ടും തമ്മിൽ സാമ്യമുണ്ട്. എന്നാൽ നാം അറിഞ്ഞിരിക്കേണ്ട വസ്തുത എന്തുകൊണ്ടാണ് സംവരണത്തിന്റെ കാര്യത്തിൽ എന്നപോലെ ഒരു നിശ്ചിത ക്വോട്ടാ നല്കാതെ ന്യൂനപക്ഷങ്ങൾക്കായി ന്യൂനപക്ഷാവകാശം നൽകാൻ ഭരണഘടന തീരുമാനിച്ചത് എന്നാണ്. രണ്ടുകൂട്ടർക്കും നല്കപ്പെട്ട അവകാശങ്ങളുടെ ഉദ്ദേശ്യം വ്യത്യസ്തമാണ് എന്നതിലത്രേ. മാത്രമല്ല ആനുകൂല്യവും അവകാശവും തമ്മിൽ ഏറെ വ്യത്യാസമുണ്ട്. സാമ്പത്തികമായും സാമൂഹികമായും പാർശ്വവൽക്കരിക്കപ്പെട്ടവരെ ഉദ്ദേശിച്ചാണ് സംവരണം. ചില വിഭാഗങ്ങൾ ചരിത്രപരമായി അവകാശനിഷേധങ്ങൾക്ക് വിധേയമാക്കപ്പെട്ടവരും മറ്റുള്ളവരുമായി തുല്യവ്യവസ്ഥകളിൽ മത്സരിക്കാൻ ശേഷിയില്ലാത്തവരുമാണ്. അടിസ്ഥാനപരമായ സമത്വം നേടുന്നതുവരെ ചില വിഭാഗങ്ങൾക്ക് ചില പ്രത്യേക ആനുകൂല്യങ്ങൾ നൽകണമെന്ന് സാമൂഹ്യനീതിയുടെ തത്ത്വങ്ങൾ നിഷ്കർഷിക്കുന്നു. സമത്വം കൈവരിക്കുമ്പോൾ സംവരണം നൽകുന്ന ആനുകൂല്യങ്ങളും അവസാനിക്കും. എന്നാൽ ന്യൂനപക്ഷപദവി അല്ലെങ്കിൽ അവകാശം ഒരിക്കലും തീർന്നുപോകുന്നതല്ല. ന്യൂനപക്ഷങ്ങൾ പാർശ്വവൽക്കരിക്കപ്പെട്ടവരാകണമെന്നുമില്ല. ജനാധിപത്യത്തിൽ അതിനുള്ള സാധ്യത എപ്പോഴും നിലനില്ക്കുന്നു എങ്കിൽപോലും. ഒരു പ്രത്യേക മതവിഭാഗം വളർന്നുകഴിഞ്ഞു. അതുകൊണ്ട് അവരെ സംരക്ഷിക്കാൻ ഇനി ന്യൂനപക്ഷപദവി വേണ്ട എന്നു പറയുന്നതും ഏതെങ്കിലും സർവ്വകലാശാല ഒരു പ്രത്യേകവിഭാഗത്തിന്റെ ന്യൂനപക്ഷപദവി എടുത്തുകളയാൻ പരിശ്രമിക്കുന്നതും ഭരണഘടനാവിരുദ്ധവും ജനാധിപത്യവിരുദ്ധവുമായ നിലപാടുകളാണ്. നമ്മുടെ ഭരണഘടനയുടെ ശില്പികൾ വിദ്യാഭ്യാസാവകാശങ്ങൾ ന്യൂനപക്ഷങ്ങൾക്ക് നല്കിയത് ന്യൂനപക്ഷങ്ങൾ നടത്തുന്ന വിദ്യാഭ്യാസസ്ഥാപനങ്ങളുടെ എണ്ണം നോക്കിയോ അവരുടെ സാമൂഹ്യസ്ഥിതി അവലോകനം ചെയ്തോ അല്ല. തനതായ ഭാഷയും സംസ്ക്കാരവും പരിപുഷ്ടമാക്കാനാണ് ന്യൂനപക്ഷങ്ങൾക്ക് ഈ അവകാശങ്ങൾ നൽകിയിരിക്കുന്നത്. അത് ഒരിക്കലും തീർന്നുപോകുന്ന അവകാശമല്ല. അത് എന്നും നിലനില്ക്കേണ്ട അവകാശമാണ്. ഈ അവകാശം നിലനിർത്തുന്നതുവഴിയാണ് രാജ്യത്തോടും സമുദായത്തോടുമുള്ള കടമ നിർവ്വഹിക്കുന്നതും. ഒരു സാംസ്ക്കാരിക നവോത്ഥാനത്തിന് വഴി ഒരുക്കുന്നതും ഇപ്രകാരമാണ്. മതപരമായ മാനത്തിന് ഇതിൽ നിർണ്ണായകപങ്കുണ്ട്. വിദ്യാഭ്യാസം ഒരു ധർമ്മസ്ഥാപനമോ മറ്റെന്തിങ്കിലുമോ എന്നത് ന്യൂനപക്ഷാവകാശം നല്കുന്നതിൽ പ്രസക്തമല്ല. സാമൂഹികമൂല്യങ്ങൾ വരുംതലമുറയ്ക്ക് കൈമാറ്റം ചെയ്യുന്നതിൽ വിദ്യാഭ്യാസത്തിനുള്ള സ്ഥാനമാണ് വിഷയം. എങ്കിൽത്തന്നെയും ഇന്ത്യയിൽ ഏറ്റവുംകൂടുതൽ സാമൂഹ്യതാല്പര്യങ്ങൾ സംര

ക്ഷിക്കുന്നവരും വളർത്തുന്നവരും ക്രൈസ്തവരാണെന്ന് ഏവർക്കും അറിവുള്ള കാര്യവുമാണ്.

ന്യൂനപക്ഷാവകാശം സമുദായത്തിനുള്ള അവകാശമാണ്. കേവലം വ്യക്തിപരമായിട്ടു ചിന്തിച്ച് എനിക്ക് നന്മ കിട്ടിയോ എന്നല്ല സമുദായത്തിന് കിട്ടിയോ എന്നതാണ് പരിഗണിക്കേണ്ടത്. കുട്ടികളുടെ വിദ്യാലയപ്രവേശനം, അധ്യാപകനിയമനം തുടങ്ങിയ അവസരങ്ങളിലെല്ലാം ന്യൂനപക്ഷങ്ങൾതന്നെ ഈ അവകാശങ്ങളെ വേണ്ടരീതിയിൽ മനസ്സിലാക്കാതെയും വിലമതിക്കാതെയും പെരുമാറുന്നതായി കാണുന്നുണ്ട്. ഈ സമുദായചിന്ത ഒരിക്കലും നഷ്ടമാവരുത്. സാമുദായിക ഐക്യത്തിൽനിന്നുകൊണ്ടു മാത്രമേ ഒരു ധാർമ്മിക ശക്തിയായും ഒരു സാംസ്ക്കാരിബോധിനിയായും രാഷ്ട്രനിർമ്മാണത്തിലെ കൂട്ടുത്തരവാദിത്വത്തിന്റെ പ്രധാന കണ്ണിയായും പ്രവർത്തിക്കാനാവൂ. വ്യക്തിപരമായ അവകാശങ്ങൾക്കപ്പുറത്തുള്ള ഒരു വലിയ സാമുദായിക അവകാശമായിട്ട് ഇതിനെ ന്യൂനപക്ഷങ്ങൾതന്നെ തിരിച്ചറിയണം.

അതുപോലെതന്നെ പ്രധാനപ്പെട്ട മറ്റൊരു കാര്യം ന്യൂനപക്ഷാവകാശം സമത്വത്തിനുള്ള അവകാശം മാത്രമല്ല എന്ന തിരിച്ചറിവാണ്. ന്യൂനപക്ഷാവകാശം സ്വാതന്ത്ര്യത്തിനുള്ള അവകാശത്തോടാണ് കൂടുതൽ ബന്ധപ്പെട്ടിരിക്കുന്നത്. ഭൂരിപക്ഷസമുദായത്തോട് തുല്യമാകുമ്പോൾ ഈ സ്വാതന്ത്ര്യം അവസാനിക്കുന്നില്ല. മൾട്ടികൾച്ചറലിസത്തിൽ (ജനാധിപത്യത്തിൽ) തഴച്ചുവളരുന്ന ന്യൂനപക്ഷങ്ങൾ ഉണ്ടാകാം. അത് ആ സമുദായത്തിന്റെ ധാർമ്മികവും മൂല്യാധിഷ്ഠിതവും സത്യാധിഷ്ഠിതവുമായ പ്രവർത്തനശൈലിയിൽനിന്നും കഠിനാദ്ധ്വാനത്തിൽനിന്നും ഉരുത്തിരിയുന്നതാണ്. മേൽപ്പറഞ്ഞ മാനങ്ങൾ ന്യൂനപക്ഷസമുദായങ്ങൾക്ക് ബലിഷ്ഠമായ ഒരു അച്ചടക്ക സംവിധാനം ഉറപ്പുവരുത്തുന്നുണ്ട്. അച്ചടക്കമില്ലാത്ത സമൂഹത്തിന് സ്വാതന്ത്ര്യം ഉപയോഗിക്കാൻ പറ്റില്ല. ജയമായാലും അപജയമായാലും ഈ അച്ചടക്കത്തോടുകൂടിയ സ്വാതന്ത്ര്യമാണ് ന്യൂനപക്ഷമതസമുദായങ്ങളുടെ കരുത്ത്. ഭരിക്കുക എന്നാൽ നേർവഴിക്ക് ജീവിക്കുക എന്ന വീക്ഷണമാണ് മതസമുദായങ്ങൾ നല്കുന്ന ദിശാബോധം. തഴച്ചുവളരുന്ന ന്യൂനപക്ഷങ്ങൾ ജനാധിപത്യസംവിധാനത്തിന്റെ ആരോഗ്യത്തെയാണ് കാണിക്കുന്നത്. അതു ജനാധിപത്യത്തിന് ഒരിക്കലും ഭീഷണിയല്ല. അത് രാജ്യത്തിന്റെ മുഴുവൻ ഭരണക്രമത്തിനും സുരക്ഷിതത്വം നല്കുകയും ഏകാധിപത്യപ്രവണതകളിൽനിന്ന് ഭരണകൂടത്തെ സംരക്ഷിക്കുകയും ചെയ്യും. അതുകൊണ്ടാണ് ന്യൂനപക്ഷാവകാശങ്ങളെ സ്ഥിരമായും സംവരണാനുകൂല്യങ്ങളെ താൽക്കാലികമായും നിശ്ചയിച്ചിരി



ക്കുന്നത്. ന്യൂനപക്ഷാവകാശങ്ങളിൽ രാഷ്ട്രപുരോഗതിക്കുള്ള വലിയ അവകാശമാണ് അന്തർലീനമായിരിക്കുന്നത്. ഒരു പ്രത്യേക സമുദായം തഴച്ചുവളരുന്നു, അതുകൊണ്ട് അവർ ന്യൂനപക്ഷാവകാശങ്ങൾ അർഹിക്കുന്നില്ല എന്ന് ആർക്കും പറയാൻ സാധ്യമല്ല. അവകാശത്തിലൂടെ നടക്കുന്നത് പരിപോഷിപ്പിക്കലും വളർത്തലും വർദ്ധിപ്പിക്കലുമാണ്. ന്യൂനപക്ഷങ്ങൾ വൈവിധ്യത്തിലെ ഐക്യത്തിന്റെ അടയാളങ്ങളുമാണ്. സംവരണം എന്നു പറയുന്നത് ഞാൻ തുല്യനാകുന്നതുവരെ, വളരുന്നതുവരെയുള്ള ചില ആനുകൂല്യങ്ങൾ മാത്രമാണ്. ഈ ബോധ്യം ന്യൂനപക്ഷസമുദായങ്ങൾക്കു വേണം. ബോധ്യമില്ലായ്മ ന്യൂനപക്ഷസമുദായങ്ങളുടെ നിലനില്പിനെ തന്നെ ചോദ്യം ചെയ്യും. ന്യൂനപക്ഷാവകാശങ്ങൾ സംരക്ഷിക്കപ്പെടാതെ പോകുമ്പോൾ വരും തലമുറയുടെ അവകാശങ്ങളാണ് നിഷേധിക്കപ്പെടുന്നത് എന്നും മറക്കരുത്. ഈ അവബോധത്തോടെയാവണം ന്യൂനപക്ഷങ്ങൾ അക്കാദമിക് അത്തേയ്സ്സത്തെ നേരിടേണ്ടതും ചെറുത്തുനില്ക്കേണ്ടതും. ●

## എ.ഡി.സി.പി. അംഗങ്ങളുടെ ശ്രദ്ധയ്ക്ക്

അൻപത്തിയാറ് വയസ്സ് പൂർത്തിയാകാത്ത എ.ഡി.സി.പി. അംഗങ്ങൾക്കു മെഡിക്ലെയിം പോളിസിയിൽ ചേരുവാൻ സൗകര്യമുണ്ട്. ബജാജ് അലയൻസിന്റെ ഇൻഷുറൻസ് പദ്ധതിയിലുള്ളതാണ് ഈ മെഡിക്ലെയിം പോളിസി. ഇതിനോടകം പല അംഗങ്ങളും എ.ഡി.സി.പി. ഓഫീസ് വഴി ഈ പദ്ധതിയിൽ ചേർന്നിട്ടുണ്ട്; ഇതിൽ നേരിട്ട് ചേർന്ന അംഗങ്ങളുമുണ്ട് എന്നറിയുന്നു. ആശുപത്രിയിൽ കിടന്ന് ചികിത്സ നടത്തുന്നവർക്ക് ആശുപത്രിച്ചിലവ് (Except critical illness) ലഭിക്കുന്നതാണ്. ഓരോ വർഷവും ഒരു ലക്ഷം രൂപാ വരെയുള്ള ചിലവുകൾക്കാണ് ഈ പോളിസി. ഇതിന് വർഷംതോറും 1500 മുതൽ 4500 രൂപാ വരെ (പ്രായപരിധിയുടെ അടിസ്ഥാനത്തിൽ) പ്രീമിയം അടയ്ക്കേണ്ടതാണ്.

ഈ തുകയിൽ ആദ്യത്തെ രണ്ടു വർഷത്തേക്ക് 1/3 തുക മാത്രം ചേരുന്ന ബഹു. അച്ചൻ അടച്ചാൽ മതിയാകും. ബാക്കി തുക എ.ഡി.സി.പി. കണ്ടെത്തുന്നതാണ്. ഇതിൽ ചേരാൻ താല്പര്യപ്പെടുന്നവർ എത്രയും വേഗം എ.ഡി.സി.പി. സെക്രട്ടറിയോട് ബന്ധപ്പെടുമല്ലോ.

ഈ കമ്പനിയുടെ ഈ പദ്ധതിയിൽ ഇതിനകം നേരിട്ട് ചേർന്നിട്ടുള്ള ബഹു. വൈദികർക്ക്, തങ്ങൾ ചേർന്നിരിക്കുന്ന പോളിസിയുടെ നമ്പർ സഹിതം എ.ഡി.സി.പി. സെക്രട്ടറിയെ സമീപിച്ചാൽ 1/3 തുക സ്വീകരിക്കാവുന്നതാണ്.

**ഫാദർ ജോർജ് ചൂരക്കാട്ട്**

**(പ്രസിഡന്റ് എ.ഡി.സി.പി.)**

# എൻട്രൻസ് കോച്ചിംഗ്

മെഡിക്കൽ, എഞ്ചിനീയറിംഗ് പഠനത്തിന് ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് സംസ്ഥാനഗവൺമെന്റ് നടത്തുന്ന എൻട്രൻസ് പരീക്ഷകൾ വളരെ പ്രധാനമായി തീർന്നിരിക്കുകയാണ്. എൻട്രൻസ് പരീക്ഷയിൽ കിട്ടുന്ന മാർക്കിന്റെയും റാങ്കിന്റെയും അടിസ്ഥാനത്തിലാണ് നല്ല കോളജുകളും നല്ല കോഴ്സുകളും ലഭ്യമാകുന്നത്. എന്നാൽ, ഇപ്പോൾ പല കുട്ടികളും വേണ്ടത്ര തയ്യാറെടുപ്പില്ലാതെയാണ് എൻട്രൻസ് പരീക്ഷകൾ എഴുതുന്നത്. ഈ പരീക്ഷയിൽ ഏതെങ്കിലും വിഷയത്തിന് പത്തിൽ താഴെ മാർക്കാണ് ലഭിക്കുന്നതെങ്കിൽ അവർക്ക് സാങ്കേതികവിദ്യാഭ്യാസത്തിനു തന്നെ അർഹതയില്ലാതായിത്തീരുന്നു. മറ്റനേകം വിദ്യാർത്ഥികൾക്ക് വളരെ താഴ്ന്ന റാങ്കുകൾ മാത്രം ലഭിക്കുന്നു. പ്ലസ്ടു പരീക്ഷയിൽ വളരെ ഉയർന്ന മാർക്കു കിട്ടിയാലും എൻട്രൻസ് പരീക്ഷയിൽ മെച്ചപ്പെട്ട റാങ്ക് ലഭിച്ചില്ലെങ്കിൽ മെഡിക്കൽ, എഞ്ചിനീയറിംഗ് കോളജുകളിൽ അഡ്മിഷൻ കിട്ടാതെ വരുന്നു.

ഹയർ സെക്കൻഡറി (പ്ലസ്ടു) ക്ലാസ്സുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് ഇപ്പോൾ എൻട്രൻസ് കോച്ചിംഗ് നടക്കുന്നത് ഞായറാഴ്ചകളിലും അവധി ദിവസങ്ങളിലുമാണ്. ഇതുമൂലം ധാരാളം കത്തോലിക്കാവിദ്യാർത്ഥികൾക്ക് സൺഡേ സ്കൂളുകളിൽ അറ്റൻഡ് ചെയ്യാൻ സാധിക്കുന്നില്ല. പലപ്പോഴും ഞായറാഴ്ച കുർബാന മുടങ്ങുന്നതായും അറിയുന്നു.

മേൽപറഞ്ഞ എല്ലാ കാര്യങ്ങളും പരിഗണിച്ചാണ് നമ്മുടെ രൂപതയുടെ ആഭിമുഖ്യത്തിൽ പാലാ സെന്റ് തോമസ് കോളജ് കാമ്പസിൽ ലൂമൻ സ്റ്റഡി സെന്റർ എന്ന പേരിൽ ഒരു മെഡിക്കൽ, എഞ്ചിനീയറിംഗ് എൻട്രൻസ് കോച്ചിംഗ് സെന്റർ കഴിഞ്ഞ പത്തുവർഷമായി സ്ഥാപിച്ച് നടത്തി വരുന്നത്. പ്രഗത്ഭരായ അദ്ധ്യാപകരാണ് ഇവിടെ ക്ലാസ്സുകൾ എടുക്കുന്നത്. മറ്റേതൊരു സ്ഥാപനത്തേക്കാളും വ്യക്തിപരമായ ശ്രദ്ധ കുട്ടികൾക്ക് നൽകുവാൻ ഈ സ്ഥാപനത്തിന് സാധിക്കുന്നുണ്ട്. ഇവിടെ, ഞായറാഴ്ച പ്രത്യേക കുർബാനയും സൺഡേ സ്കൂൾ ക്ലാസ്സുകളും നടത്തിയതിനുശേഷമാണ് എൻട്രൻസ് പഠനത്തിനുള്ള ക്ലാസ്സുകൽ നടത്തുന്നത്. എല്ലാവർഷവും മെഡിക്കൽ, ഡെന്റൽ കോളജുകളിൽ നമ്മുടെ ധാരാളം വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിക്കുന്നു. എഞ്ചിനീയറിംഗിൽ മെച്ചപ്പെട്ട റാങ്കുകൾ നേടി ഏതാണ്ട് എല്ലാ വിദ്യാർത്ഥികൾക്കും എഞ്ചിനീയറിംഗ് കോളുകളിൽ അഡ്മിഷൻ ലഭിക്കുന്നു. മിതമായ ഫീസുമാത്രമാണ് ഇവിടെ കൊടുക്കേണ്ടിവരുന്നത്. സാമ്പത്തികബുദ്ധിമുട്ടുള്ള എല്ലാ വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പുകളും നൽകുന്നു.

പ്ലസ് വൺ ക്ലാസിൽ പ്രവേശനം നേടുന്നതോടുകൂടെത്തന്നെ, ഞായറാഴ്ചകളിലും അവധിദിവസങ്ങളിലുമായി നടക്കുന്ന എൻട്രൻസ് പരിശീലനം തുടങ്ങുന്നതാണ് നല്ലത്. ഈ കോഴ്സ് രണ്ടു വർഷംകൊണ്ടാണ് തീരുന്നത്. പ്ലസ്ടു കോഴ്സിന്റെ രണ്ടാം വർഷക്കാർക്കുവേണ്ടി നടക്കുന്ന ഒരു ക്ലാസും ഇവിടെയുണ്ട്. പ്ലസ്ടു പരീക്ഷ പാസായതിനുശേഷം എൻട്രൻസ് പരീക്ഷയിൽ ഉയർന്ന റാങ്കുകൾ നേടുക എന്ന ലക്ഷ്യത്തോടെ ഒരു വർഷം മുഴുവൻ ദീർഘിക്കുന്ന ഒരു ഫുൾടൈം കോഴ്സും (റിപ്പീറ്റർ കോഴ്സ്) ലൂമൻ സ്റ്റഡി സെന്റർ നടത്തുന്നുണ്ട്. മേൽപ്പറഞ്ഞ ദീർഘകാലകോഴ്സുകളിൽ ഒന്നും പങ്കെടുക്കാൻ സാധിക്കാത്തവർക്കുവേണ്ടി പ്ലസ്ടു പരീക്ഷ കഴിഞ്ഞ് ഉടൻതന്നെ ഒരു മാസം ദീർഘിക്കുന്ന ഒരു ക്രാഷ് കോഴ്സും നമ്മുടെ പരിശീലനസെന്റർ നടത്തുന്നുണ്ട്.

നമ്മുടെ രൂപതയുടെ ആഭിമുഖ്യത്തിലുള്ള ലൂമൻ സ്റ്റഡി സെന്റർ നൽകുന്ന പരിശീലന സൗകര്യങ്ങൾ നമ്മുടെ കുട്ടികൾ പരമാവധി പ്രയോജനപ്പെടുത്തണമെന്ന് ആഗ്രഹമുണ്ട്. ബഹു. അച്ചന്മാർ ഇക്കാര്യത്തിൽ കുട്ടികൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകണമെന്ന് താൽപര്യപ്പെടുന്നു.

**ഫാ. ഫിലിപ്പ് ഞരളക്കാട്ട്**
**വികാരി ജനറാൾ**

---

അടുത്ത ഞായറാഴ്ച ഇക്കാര്യം പള്ളിയിൽ അറിയിക്കണമെന്ന് താൽപര്യപ്പെടുന്നു.

# പൗരോഹിത്യ ആദ്ധ്യാത്മിക ധ്യാനചിന്തകൾ

ഫാ. മാത്യു വെള്ളാനിക്കൽ

## വിശുദ്ധ കുർബാനയും സഭാകൂട്ടായ്മയും

(തിരുവചനഭാഗം: 1 കോറി 11:17-34)

**ആമുഖം**

ആരാധനാവത്സരത്തിൽ കൈത്താക്കാലം സഭയുടെ കാലഘട്ടമാണല്ലോ. സഭാജീവിതം അർത്ഥവത്തായ രീതിയിൽ നയിക്കുവാൻ ഈ കാലഘട്ടം നമ്മെ സഹായിക്കും. സഭ ഒരു കൂട്ടായ്മയാണ്. വെറും മാനുഷികകൂട്ടായ്മയല്ല, ദൈവിക കൂട്ടായ്മയാണ്. കൂറെക്കൂടെ വ്യക്തമായി പറഞ്ഞാൽ ത്രിത്വാത്മകകൂട്ടായ്മയാണ്. സഭയുടെ അംഗത്വത്തിലേക്കു പ്രവേശിപ്പിക്കുന്ന മാമ്മോദീസാ എന്ന കൂദാശ നൽകപ്പെടുന്നത്, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിലാണ് (മത്താ. 28:19). പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിയേകദൈവത്തിന്റെ കൂട്ടായ്മയിലേക്ക് നമ്മെ പ്രവേശിപ്പിക്കുന്ന കൂദാശയാണ് മാമ്മോദീസാ. അങ്ങനെ ത്രിതൈകദൈവത്തിന്റെ കൂട്ടായ്മയിലേക്ക് പ്രവേശിക്കപ്പെട്ടവരുടെ സമൂഹമാണ് സഭ.

സഭയുടെ ഏറ്റം ഉദാത്തമായ പ്രകാശനമാണ് വിശുദ്ധകുർബാനയർപ്പണം അഥവാ വിശുദ്ധകുർബാനയാഘോഷം. കത്തോലിക്കാസഭയിലെ എല്ലാ ലിറ്റർജികളിലും കാണുന്ന ത്രിത്വാത്മകആശീർവാദം സഭ ത്രിത്വാത്മകകൂട്ടായ്മയാണ് എന്നതിന്റെ വ്യക്തമായ സൂചനയാണ്. "നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവും നാമെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ" (2 കോറി. 13:13) എന്ന പൗളൈൻ



ആശീർവാദമില്ലാത്ത ഒരു ലിറ്റർജിയും സഭയിലില്ല. കൂട്ടായ്മയില്ലാത്ത കുർബാനയാഘോഷം കൊറീന്ത്യൻ സഭയിൽ ഉണ്ടായ സാഹചര്യത്തിൽ വി. പൗലോസ് ശ്ലീഹാ അതേപ്പറ്റി തന്റെ സഭാംഗങ്ങളെ ഉദ്ബോധിപ്പിച്ച കാര്യങ്ങളാണ് ഈ വചനഭാഗത്ത് പരാമർശിക്കപ്പെടുന്നത്.

**1. സഭ : ആരാധനസമൂഹം**

"നിങ്ങൾ സഭയായി സമ്മേളിക്കുമ്പോൾ നിങ്ങളുടെയിടയിൽ ഭിന്നതകളുണ്ടെന്നു ഞാൻ കേൾക്കുന്നു. അതു ഭാഗികമായി ഞാൻ വിശ്വസിക്കുകയും ചെയ്യുന്നു" (വാ. 18).

'സഭയായി സമ്മേളിക്കുമ്പോൾ' എന്ന് പറയുന്നത് ആരാധനാസമ്മേളനത്തെ ഉദ്ദേശിച്ചാണ്. ഇവിടെ മാത്രമേ പൗലോസ് ശ്ലീഹാ 'സഭയായി സമ്മേളിക്കുമ്പോൾ' എന്ന് ഒരു സമ്മേളനത്തെ വിശേഷിപ്പിക്കുന്നുള്ളൂ. സഭയുടെ മറ്റൊരു സമ്മേളനത്തെയും 'സഭയായി സമ്മേളിക്കുമ്പോൾ' എന്നു വിശേഷിപ്പിക്കുന്നില്ല. സഭ അടിസ്ഥാനപരമായി ഒരു ആരാധനസമൂഹമാണെന്നു ഇതു സൂചിപ്പിക്കുന്നു. "സഭയുടെ എല്ലാ പ്രവർത്തനങ്ങളും ഉന്നം വച്ചിരിക്കുന്ന അത്യുച്ചിയും അവളുടെ ശക്തി മുഴുവനും നിർഗ്ഗളിക്കുന്ന ഉറവിടവുമാണ് ലിറ്റർജി" എന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രഖ്യാപിക്കുന്നു (SC. 10). അതുകൊണ്ട് സഭ അതിന്റെ തനിമയിൽ യാഥാർത്ഥ്യമാകുന്നത് ലിറ്റർജിയിലും അതിന്റെ കേന്ദ്രബിന്ദുവായ വി. കുർബാനയർപ്പണത്തിലുമാണ്.

സഭയിലെ പുരോഹിതശുശ്രൂഷയുടെ ആത്യന്തികലക്ഷ്യവും ആരാധിക്കുന്ന ഒരു സമൂഹത്തെ രൂപപ്പെടുത്തുക എന്നതാണ്. 'ആരാധിക്കുക' എന്നു വച്ചാൽ ദൈവത്തെ ആയിരിക്കുന്നതുപോലെ അംഗീകരിക്കുക എന്നതാണ്. ദൈവത്തിനു മാത്രമുള്ളതാണല്ലോ ആരാധന. ക്രിസ്തീയകാഴ്ചപ്പാടിൽ ദൈവം പിതാവാണ്. ദൈവത്തെ പിതാവായി അംഗീകരിച്ചുകൊണ്ടുള്ള ദൈവമക്കൾക്കടുത്ത ജീവിതമാണ് യഥാർത്ഥ ആരാധനയുടെ അടിസ്ഥാനം. യഥാർത്ഥ ആരാധനയെക്കുറിച്ച് സമരിയാക്കാരി സ്ത്രീയോട് ഈശോ പറയുന്നു: "യഥാർത്ഥ ആരാധകർ ആത്മാവിലും സത്യത്തിലും പിതാവിനെ ആരാധിക്കുന്ന സമയം വരുന്നു. അല്ല അത് ഇപ്പോൾത്തന്നെയാണ്" (യോഹ. 4:23). 'ആത്മാവ്'

എന്നു പറയുന്നത് പരിശുദ്ധാത്മാവാണ്. 'സത്യം' എന്നു പറയുന്നത് ഈശോ തന്നെയാണ് (യോഹ. 14:6). അതുകൊണ്ട് പുത്രസ്വീകാര്യത്തിന്റെ ആത്മാവായ പരിശുദ്ധാത്മാവിലൂടെ ദൈവപുത്രനായ ഈശോയുടെ പുത്രത്വത്തിൽ പങ്കുചേർന്ന് പിതൃപുത്രബന്ധത്തിൽ ജീവിക്കുന്ന ത്രിത്വാത്മകകൂട്ടായ്മാജീവിതം അഥവാ സഭാജീവിതം തന്നെയാണ് യഥാർത്ഥ ആരാധനയുടെ അടിസ്ഥാനം. അതുകൊണ്ട് സഭാജീവിതത്തിന്റെ ഉദാത്ത പ്രകാശനമായ വിശുദ്ധകുർബാന യഥാർത്ഥ ആരാധനയായിത്തീരുന്നു. എന്നാൽ ഈ ആരാധനാസമ്മേളനത്തിൽ ഭിന്നതയുണ്ടെങ്കിൽ കൂട്ടായ്മാസ്വഭാവം നഷ്ടപ്പെടുകയും ആരാധനയ്ക്ക് അർത്ഥമില്ലാതാവുകയും ചെയ്യുന്നു.

**2. സഭ: കൂട്ടായ്മ അഥവാ പങ്കുവയ്ക്കുന്ന സമൂഹം**

"നിങ്ങൾ ഒന്നിച്ചുകൂടുമ്പോൾ കർത്താവിന്റെ അത്താഴമല്ല നിങ്ങൾ ഭക്ഷിക്കുന്നത്. കാരണം, ഓരോരുത്തരും നേരത്തെ തന്നെ സ്വന്തം ഭക്ഷണം കഴിക്കുന്നു. തൽഫലമായി ഒരുവൻ വിശന്നും അപരൻ കുടിച്ച് ഉന്മത്തനായും ഇരിക്കുന്നു" (വാ. 20-21).

ആദിമസഭയിൽ കൂട്ടായ്മാനുഭവം നവീകരിച്ചുകൊണ്ടാണ് കുർബാനയർപ്പണം നടത്തിയിരുന്നത്. 'അഗാപ്പെ' അഥവാ 'സ്നേഹവിരുന്ന്' എന്ന് അത് അറിയപ്പെട്ടിരുന്നു. വിരുന്നിനു മുമ്പോ പിമ്പോ ആയിരുന്നിരിക്കണം കുർബാനയുടെ കൂദാശാഭാഗം നിർവ്വഹിക്കപ്പെട്ടിരുന്നത്. സ്നേഹവിരുന്ന്, കൂട്ടായ്മയുടെ അനുഭവത്തിലുള്ള ഏറ്റം വലിയ പ്രകാശനമാണ്. ഒരേ അനുഭവത്തിൽ പങ്കുചേരുന്നതാണല്ലോ കൂട്ടായ്മ. മനുഷ്യന്റെ അടിസ്ഥാനാവശ്യമായ ഭക്ഷണത്തിൽ പങ്കുചേരുമ്പോൾ അത് ഏറ്റം ഹൃദ്യമാകുന്നു. അതുകൊണ്ടായിരിക്കണം ആദിമസഭയിൽ വി. കുർബാനയർപ്പണം അഥവാ 'അപ്പംമുറിക്കൽ' സ്നേഹവിരുന്നുമായി ബന്ധിപ്പിക്കുവാൻ ഇടയായത്.

ഈശോയുടെ പരസ്യജീവിതത്തിൽ തന്റെ കരുണയും സ്നേഹവും വെളിപ്പെടുത്തുന്ന വിരുന്നുകൾക്കുള്ള സ്ഥാനവും ഈ ബന്ധിപ്പിക്കലിന്റെ പിന്നിലുണ്ടാവാം. പാപികളോടുള്ള തന്റെ പ്രതിബദ്ധത ഈശോ വെളിപ്പെടുത്തിയത് സ്നേഹവിരുന്നിലൂടെയായിരുന്നല്ലോ (മത്താ. 9:10



-13). അന്ത്യഅത്താഴം വി. കുർബാന സ്ഥാപനത്തിന്റെ പശ്ചാത്തലമായതും ഈ ബന്ധിപ്പിക്കലിന്റെ കാരണമാവാം. എന്തായിരുന്നാലും കൂട്ടായ്മയുടെയും സ്നേഹത്തിന്റെയും അന്തരീക്ഷം നഷ്ടപ്പെട്ടപ്പോൾ സ്നേഹവിരുന്നിന് അർത്ഥമില്ലാതെയായി.

ഇടയന്മാരെന്നനിലയിൽ പുരോഹിതരുടെ പ്രത്യേകദൗത്യം സഭയെ ദൈവമക്കൾക്കടുത്ത ഒരു കുടുംബമായി, സ്നേഹകൂട്ടായ്മയായി കെട്ടിപ്പടുക്കുക അഥവാ ദൈവപുത്രനായ മിശിഹായുടെ ശരീരമായി സഭയെ രൂപപ്പെടുത്തുക എന്നതാണ്. അങ്ങനെ സഭ രൂപപ്പെടുമ്പോൾ സഭയുടെ കുർബാനയർപ്പണം അർത്ഥവത്താകും. കുർബാനയാഘോഷം സഭയുടെ യഥാർത്ഥ പ്രകാശനമാകും; സഭയെ കൂട്ടായ്മയിലും കുടുംബാരൂപിയിലും വളർത്തുകയും ചെയ്യും.

**3. സഭ : കുർബാനയിൽ കേന്ദ്രീകൃതസ്വഭാവം**

"കർത്താവിൽ നിന്ന് എനിക്കു ലഭിച്ചതും ഞാൻ നിങ്ങളെ ഭരമേൽപ്പിച്ചതുമായ കാര്യം ഇതാണ്. കർത്താവായ ഈശോ താൻ ഒറ്റിക്കൊടുക്കപ്പെട്ട രാത്രിയിൽ, അപ്പമെടുത്ത് കൃതജ്ഞതയർപ്പിച്ചതിനുശേഷം അതു മുറിച്ചുകൊണ്ട് അരുൾചെയ്തു: ഇത് നിങ്ങൾക്കുവേണ്ടിയുള്ള എന്റെ ശരീരമാകുന്നു" (വാ. 23-24).

ഈ സന്ദർഭത്തിൽ കുർബാനയുടെ സ്ഥാപനവിവരണം വി. പൗലോസ് അവതരിപ്പിക്കുന്നു: ഈശോയുടെ ബലിയർപ്പണമാണ് സഭയുടെ ബലിയർപ്പണം. അതിന്റെ സ്വഭാവം സഭയുടെ ജീവിതത്തിൽ പ്രതിഫലിക്കണം. ഈശോയുടെ ബലിയർപ്പണം പഴയനിയമ ബലിയർപ്പണങ്ങളിൽനിന്നും തികച്ചും വ്യത്യസ്തമാണ്. പഴയനിയമ ബലിയർപ്പണങ്ങളും ഇതരമതസ്ഥരുടെ ബലിയർപ്പണങ്ങളും അർപ്പിക്കുന്നവരുടെ ജീവിതവുമായി ബന്ധപ്പെടാത്തവയായിരുന്നു. എന്നാൽ ഈശോയുടെ ബലിയർപ്പണം തന്റെ ജീവിതബലിയർപ്പണമായിരുന്നു. ഹെബ്രായർക്കെഴുതിയ ലേഖനത്തിൽ അതേപ്പറ്റി ഇപ്രകാരമാണ് പറയുന്നത്: "ഇതിനാൽ അവൻ ലോകത്തിലേക്കു പ്രവേശിച്ചപ്പോൾ ഇങ്ങനെ അരുളിച്ചെയ്തു. ബലികളും കാഴ്ചകളും അവൻ ആഗ്രഹിച്ചില്ല. എന്നാൽ അവിടുന്ന് എനിക്കൊരു ശരീരം സജ്ജമാക്കിയിരിക്കു

ന്നു. ദഹനബലികളിലും പാപപരിഹാരബലികളിലും അവിടുന്നു സംപ്രീതനായില്ല. അപ്പോൾ പുസ്തകത്തിന്റെ ആരംഭത്തിൽ എന്നെക്കുറിച്ച് എഴുതിയിരിക്കുന്നതുപോലെ ഞാൻ പറഞ്ഞു: ദൈവമേ, അവിടുത്തെ ഇഷ്ടം നിറവേറ്റാൻ ഞാൻ ഇതാ വന്നിരിക്കുന്നു... ആ ഹിതമനുസരിച്ച് ഈശോമിശിഹായുടെ ശരീരം എന്നേക്കുമായി ഒരിക്കൽ സമർപ്പിക്കപ്പെട്ടതുവഴി നാം വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു" (ഹെബ്രാ. 10:5-10).

ദൈവത്തിനു പൂർണ്ണമായും വിധേയപ്പെട്ട തന്റെ ജീവിതമായിരുന്നു ഈശോയുടെ ബലിയർപ്പണം. "നിങ്ങൾക്കുവേണ്ടിയുള്ള എന്റെ ശരീരം" എന്നു പറയുന്നത് ദൈവഹിതപ്രകാരം മനുഷ്യകുലത്തിനുവേണ്ടി ഈശോ അർപ്പിച്ച തന്റെ ജീവിതമാണ്. ബലിയർപ്പകനും ബലിവസ്തുവും ഒന്നായിത്തീർന്ന ബലിയർപ്പണമായിരുന്നു അത്. ഈശോയുടെ ബലിയർപ്പിക്കുന്ന സമൂഹത്തിലെ ഓരോ അംഗവും ഇതുപോലെ തങ്ങളുടെ ജീവിതം ദൈവഹിതപ്രകാരം മറ്റുള്ളവർക്കുവേണ്ടി അർപ്പിക്കുമ്പോൾ ആ സമൂഹത്തിൽ കൂട്ടായ്മയും സ്നേഹവും നിലനിൽക്കും. സഭാകൂട്ടായ്മയെന്ന നിലയിൽ യോഗ്യതയോടെ ബലിയർപ്പിക്കുവാൻ സാധിക്കും.

വിശുദ്ധകുർബാനയർപ്പകൻ എന്ന നിലയിൽ പുരോഹിതൻ ഈശോയെപ്പോലെ തന്റെ ജീവിതം ദൈവഹിതപ്രകാരം ദൈവജനത്തിനുവേണ്ടി അർപ്പിച്ച് ബലിവസ്തുവായി മാറണം. അതുപോലെ തന്നെ ദൈവഹിതപ്രകാരം തങ്ങളെ ദൈവം ഏല്പിക്കുന്നവർക്കുവേണ്ടി സ്വയം സമർപ്പിച്ച് തങ്ങളുടെ ജീവിതത്തെ ബലിവസ്തുവാക്കി മാറ്റി വി. കുർബാനയിൽ സംബന്ധിക്കുവാൻ ജനങ്ങളെ പരിശീലിപ്പിക്കുകയും വേണം.

### 4. സഭ: മിശിഹായുടെ ശരീരത്തെ വിവേചിച്ചറിയുന്ന സമൂഹം

"എന്തുകൊണ്ടെന്നാൽ ശരീരത്തെ വിവേചിച്ചറിയാതെ ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്യുന്നവൻ തന്റെ തന്നെ ശിക്ഷാവിധിയാണ് ഭക്ഷിക്കുന്നതും പാനം ചെയ്യുന്നതും" (വാ. 29).

"ശരീരത്തെ വിവേചിച്ചറിയുന്ന" ഒരു സമൂഹമായിരിക്കണം സഭ. ഇവിടെ ശരീരമെന്നു പറയുന്നത് മിശിഹായുടെ ശരീരമാണ്. മിശിഹാ



യുടെ ശരീരത്തിന് രണ്ടു മാനങ്ങളുണ്ട്. ഒന്ന്, കൂദാശാപരമായ ശരീരം; മറ്റൊന്ന്, സഭാപരമായ ശരീരം. വിശുദ്ധകുർബാനയിൽ നല്കപ്പെടുന്ന മിശിഹായുടെ കൂദാശാപരമായ ശരീരം അത് സ്വീകരിക്കുന്നവരെ മിശിഹായുടെ സഭാശരീരമാക്കിത്തീർക്കുന്നു. ഈ അർത്ഥത്തിലാണ് വി. കുർബാന സഭയെ കെട്ടിപ്പടുക്കുന്നു എന്ന് നാം പറയുന്നത്. വി. കുർബാനയിൽ സന്നിഹിതമാകുകയും നല്കപ്പെടുകയും ചെയ്യുന്ന മിശിഹായുടെ ശരീരത്തെ ആയിരിക്കുന്നതുപോലെ നാം തിരിച്ചറിയുകയും യോഗ്യതയോടെ സ്വീകരിക്കുകയും ചെയ്യുമ്പോഴാണ്; മിശിഹായുടെ സഭാശരീരമായിട്ട് നാം കെട്ടിപ്പടുക്കപ്പെടുന്നത്. "ആരെങ്കിലും അയോഗ്യതയോടെ കർത്താവിന്റെ അപ്പം ഭക്ഷിക്കുകയും പാത്രത്തിൽ നിന്നു പാനം ചെയ്യുകയും ചെയ്താൽ അവൻ കർത്താവിന്റെ ശരീരത്തിനും രക്തത്തിനും എതിരെ തെറ്റു ചെയ്യുന്നു" (വാ. 27). ശരീരത്തിനെതിരെയുള്ള തെറ്റ് രണ്ടു വിധത്തിലാണ് ചെയ്യുക. ഒന്ന് മിശിഹായുടെ ശരീരമായ സഭയെ അവഗണിക്കുക; രണ്ട് മിശിഹായുടെ ശരീരത്തിലെ അവയവങ്ങളായ സഹോദരങ്ങളെ അവഹേളിക്കുക: "നിങ്ങൾ ദൈവത്തിന്റെ സഭയെ അവഗണിക്കുകയും ഒന്നും ഇല്ലാത്തവരെ അവഹേളിക്കുകയും ചെയ്യുന്നുവോ?" (വാ. 22).

ശരീരത്തെ വിവേചിക്കാതെ വി. കുർബാനയർപ്പിക്കുന്നത് സ്വന്തം ശിക്ഷാവിധിക്കു കാരണമാകും: "എന്തുകൊണ്ടെന്നാൽ ശരീരത്തെ വിവേചിച്ചറിയാതെ ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്യുന്നവൻ തന്റെ തന്നെ ശിക്ഷാവിധിയാണ് ഭക്ഷിക്കുന്നതും പാനം ചെയ്യുന്നതും" (വാ. 29). ഈ ശിക്ഷാവിധിയുടെ സ്വഭാവം എന്താണെന്നും ഉടനെ വിശദീകരിക്കുന്നുണ്ട്: "നിങ്ങളിൽ പലരും രോഗികളും ദുർബലരും ആയിരിക്കുന്നതിനും ചിലർ മരിച്ചുപോയതിനും കാരണമിതാണ്" (വാ. 30). ഇവിടെ പറയുന്ന രോഗവും ദുർബലതയും മരണവും ആത്മീയമാണ്. വിശുദ്ധകുർബാന അരൂപിയുടെ ഉറവിടമാണ്. ദൈവാരൂപിയിലുള്ള ജീവിതവും വളർച്ചയുമാണ് നമ്മുടെ ജീവിതത്തെ സന്തോഷകരവും സൗഭാഗ്യകരവുമാക്കുന്നത്. അതിന്റെ കുറവ് നമ്മുടെ ജീവിതത്തെയും ആരോഗ്യത്തെയും സാരമായി ബാധിക്കും. ശാരീരികമായിപ്പോലും

അത് രോഗത്തിനും മരണത്തിനു തന്നെയും കാരണമായെന്നു വരും. അതുകൊണ്ട്, മിശിഹായുടെ ശരീരത്തെ വിവേചിച്ചറിഞ്ഞ് യോഗ്യ യതോടെ വി. കുർബാന അർപ്പിക്കുവാനും സ്വീകരിക്കുവാനും നമുക്കു കഴിയണം.

**5. സഭ: സ്വയം ശിക്ഷണത്തിനു വിധേയമാകുന്ന സമൂഹം**

"നാം നമ്മെത്തന്നെ ശരിയായി വിധിച്ചിരുന്നെങ്കിൽ നാം വിധിക്ക പ്പെടുകയില്ലായിരുന്നു" (വാ. 31).

വി. കുർബാന യോഗ്യതയോടെ അർപ്പിക്കുവാനും വി. ബലിയർപ്പ ണത്തിൽ യോഗ്യതയോടെ പങ്കുചേരുവാനും നാം നമ്മെത്തന്നെ ശിക്ഷ ണവിധേയരാക്കണം. പ്രധാനപ്പെട്ട യോഗ്യതയെന്താണെന്ന് മുകളിൽ സൂചിപ്പിച്ചുകഴിഞ്ഞു. ബലിയർപ്പകനും ബലിവസ്തുവും ഒന്നായിത്തീ രുന്ന ഒരു ബലിജീവിതം. അങ്ങനെ ഒരു ബലിജീവിതത്തിനും തങ്ങ ളിൽ തടസ്സമായി നില്ക്കുന്നത് എന്താണെന്ന് ഓരോരുത്തരും ആത്മ ശോധന ചെയ്ത് കണ്ടുപിടിക്കണം. ദൈവഹിതത്തിനു വിധേയപ്പെ ടാതെ സ്വന്തം ഹിതമനുസരിച്ച് ജീവിതത്തെ ക്രമീകരിക്കുന്ന തലങ്ങൾ ഏതൊക്കെയാണെന്ന് കണ്ടെടുത്ത് അവിടെയെല്ലാം ദൈവഹിതം നിർവ്വഹിക്കാനുള്ള നിരന്തരമായ പരിശ്രമം ഉണ്ടാകണം. ദൈവസ്നേ ഹവും ദൈവമഹത്വവുമായിരിക്കണം നമ്മുടെ ജീവിതത്തിന്റെയും പ്രവർത്തനങ്ങളുടെയും ആത്യന്തികലക്ഷ്യം.

അതുപോലെതന്നെ സഹോദരസ്നേഹത്തിനും കൂട്ടായ്മയ്ക്കും തട സ്സമായി നമ്മിൽ നിലനിൽക്കുന്ന ജീവിതപ്രവണതകൾ ആത്മശോധ നയിലൂടെ കണ്ടെടുക്കുവാനും അവിടെയുള്ള സ്വാർത്ഥപരമായ താല്പ ര്യങ്ങളെ നിയന്ത്രിക്കുവാനും നമുക്കു കഴിയണം. സ്നേഹവിരുന്നിനും ബലിയർപ്പണത്തിനുമായി ഒരുമിച്ചുകൂടിയ കോറിന്തോസുകാർക്ക് അതു സാധിച്ചില്ല. "ഓരോരുത്തരും നേരത്തെതന്നെ സ്വന്തം ഭക്ഷണം കഴി ക്കുന്നു. തൽഫലമായി ഒരുവൻ വിശന്നും അപരൻ കുടിച്ച് ഉന്മത്ത നായും ഇരിക്കുന്നു" (വാ. 21). ശരിയായ വിശ്വാസത്തോടും സ്നേഹ ത്തോടും കൂടെ വി. ബലിയർപ്പിക്കുവാൻ നമുക്കു കഴിയണം. നമ്മുടെ കുർബാനക്രമത്തിലെ ഒന്നാം ഗേഹന്താ പ്രാർത്ഥന ഇക്കാര്യം നമ്മെ



അനുസ്മരിപ്പിക്കുന്നുണ്ട്: "അങ്ങു നല്കിയ ഈ ദാനം തികഞ്ഞ സ്നേഹത്തോടും ഉറച്ചവിശ്വാസത്തോടും കൂടെ പരികർമ്മം ചെയ്യാൻ ഞങ്ങളെ ശക്തരാക്കണമെന്ന് അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു" വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും വെളിച്ചത്തിൽ ഓരോരു ത്തരും സ്വന്തം ജീവിതം ശിക്ഷണത്തിനു വിധേയമാക്കുന്നെങ്കിൽ ആ സമൂഹം യഥായോഗ്യം കൂട്ടായ്മയിൽ ബലിയർപ്പിക്കുന്ന സമൂഹമാ കും. അങ്ങനെയുള്ള ബലിയർപ്പണം ആ സമൂഹത്തെ യഥാർത്ഥ സഭാ കൂട്ടായ്മയായി കെട്ടിപ്പടുക്കുകയും ചെയ്യും.

**ജീവിതസൂചിക**

1. യഥാർത്ഥ ആരാധനസമൂഹത്തെ രൂപപ്പെടുത്തുക എന്നത് എന്റെ പൗരോഹിത്യശുശ്രൂഷയുടെ ആത്യന്തികലക്ഷ്യമായി ഞാൻ കാണു ന്നുണ്ടോ?

2. അജപാലന ശുശ്രൂഷയിലൂടെ ഇടവകയെ കുടുംബാരൂപിയിൽ പങ്കുവയ്ക്കുന്ന ഒരു സമൂഹമായി രൂപപ്പെടുത്താൻ ഞാൻ എങ്ങനെ പരിശ്രമിക്കുന്നു?

3. ബലിയർപ്പകനും ബലിവസ്തുവുമായ മിശിഹായുടെ ജീവി തത്തോട് അനുരൂപപ്പെട്ടുകൊണ്ട് ബലിയർപ്പിക്കുവാൻ ഞാൻ പരിശ്ര മിക്കുന്നുണ്ടോ? അതിനുള്ള പരിശീലനം ജനങ്ങൾക്ക് കൊടുക്കു ന്നുണ്ടോ?

4. മിശിഹായുടെ ശരീരത്തെ വിവേചിച്ചറിഞ്ഞ് വി. കുർബാനയിൽ പങ്കുചേരുവാൻ ഞാൻ ജനങ്ങളെ എങ്ങനെ പരിശീലിപ്പിക്കുന്നു?

5. യോഗ്യതയോടെ വി. ബലിയർപ്പിക്കുവാൻ ആവശ്യമായ സ്വയം ശിക്ഷണത്തിന് ഞാൻ വിധേയനാകുന്നുണ്ടോ?

## സീറോ-മലബാർ സഭ : അന്തർദ്ദേശീയ അൽമായ അസംബ്ലി ഓഗസ്റ്റ് 13, 14, 15 തീയതികളിൽ

സീറോ-മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭ അൽമായ കമ്മീഷന്റെ ആഭിമുഖ്യത്തിൽ അന്തർദ്ദേശീയ അൽമായ അസംബ്ലി കൊച്ചിയിൽ ചേരുന്നു. സഭാ ആസ്ഥാനമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ ഓഗസ്റ്റ് 13 മുതൽ 15 വരെയാണ് അൽമായ അസംബ്ലി.

ഇന്ത്യയിലും വിദേശത്തുമുള്ള വിവിധ സീറോ-മലബാർ രൂപതകളിലെയും മിഷൻ കേന്ദ്രങ്ങളിലെയും അൽമായ പ്രസ്ഥാനങ്ങൾ, ഭക്തസംഘടനകൾ എന്നിവയുടെയും പ്രതിനിധികൾ അൽമായ അസംബ്ലിയിൽ പങ്കെടുക്കും. സഭാംഗങ്ങളായ വിദ്യാഭ്യാസ-ഉദ്യോഗസ്ഥ പ്രമുഖർ, കാർഷികവിദഗ്ധർ, സാഹിത്യ, സാംസ്കാരിക, സാമൂഹിക, ജീവകാരുണ്യപ്രവർത്തകർ തുടങ്ങി വിവിധങ്ങളായ മേഖലകളിൽ സേവനം ചെയ്യുന്നവരുടെ പ്രതിനിധികളും അസംബ്ലിയിൽ പങ്കെടുക്കുന്നതാണ്. ദേശീയ അന്തർദ്ദേശീയതലങ്ങളിലുള്ള സീറോ-മലബാർ സഭ വിശ്വാസിസമൂഹത്തെ മുഖ്യധാരയിൽ പങ്കുചേർത്ത് പരിപോഷിപ്പിക്കുവാൻ അൽമായ അസംബ്ലി ലക്ഷ്യമിടുന്നു.

എല്ലാ രാജ്യങ്ങളിലുമുള്ള സീറോ-മലബാർ സഭാ അൽമായ സമൂഹത്തെ വിശ്വാസത്തിലും, പൈതൃകത്തിലും പ്രവർത്തനമേഖലകളിലും ശക്തിപ്പെടുത്തുക, സഭയുടെ വിവിധതലങ്ങളിൽ അത്മായപങ്കാളിത്തം സജീവമാക്കുക, സഭ നേരിടുന്ന വെല്ലുവിളികൾ അൽമായപ്രതികരണത്തിനായുള്ള പൊതുവേദി ഒരുക്കുക, അൽമായ സമൂഹത്തിന്റെ അറിവും, പ്രവർത്തിപരിചയവും വൈദഗ്ധ്യവും, കാര്യക്ഷമമായി ഉപയോഗപ്പെടുത്തുവാനുള്ള അവസരങ്ങളൊരുക്കുക, കുടുംബങ്ങളിലും, പ്രവർത്തനമേഖലകളിലും മാനുഷികമൂല്യങ്ങൾ ഉയർത്തിപ്പിടിക്കുവാൻ പ്രോത്സാഹിപ്പിക്കുക, സഭയുടെ പഠനങ്ങൾ, മാർഗ്ഗരേഖകൾ, നിയമങ്ങൾ, എന്നിവയെക്കുറിച്ച് വിശ്വാസി സമൂഹത്തിന് കൂടുതൽ അറിയുവാനുള്ള അവസരമുണ്ടാക്കുക, വിശ്വസാഹോദര്യവും പരസ്പര സഹകരണവും വളർത്തിയെടുക്കുക എന്നിവയുടെ ലക്ഷ്യസാക്ഷാത്കാരമാണ് അന്തർദ്ദേശീയ അൽമായ അസംബ്ലി.



"സീറോ-മലബാർ സഭ 2030" എന്നതാണ് അസംബ്ലിയുടെ മുഖ്യ വിഷയം. സഭയുടെ വിശ്വാസസത്യങ്ങളിലും അടിസ്ഥാനപ്രമാണങ്ങളിലും അടിയുറച്ചുനിന്ന്, ആഗോളതലത്തിൽ വരുംനാളുകളിൽ ആത്മീയ, സാമൂഹികസേവന, വിദ്യാഭ്യാസ, ആരോഗ്യ, വികസന, സാംസ്കാരിക, മാധ്യമമേഖലകളിലെ സജീവസാന്നിധ്യം, ജീവകാരുണ്യപ്രവർത്തനങ്ങൾ, കാർഷികരംഗത്തെ മുന്നേറ്റം, ക്രൈസ്തവ കുടുംബം, യൂത്ത് 2030, സ്ത്രീശാക്തീകരണം തുടങ്ങിയ വിവിധ വിഷയങ്ങളിൽ സഭയുടെ മുന്നോട്ടുള്ള പ്രവർത്തനപദ്ധതികളെക്കുറിച്ച് അൽമായ അസംബ്ലി ചർച്ച ചെയ്യുന്നതാണ്.

സഭാതലവനും മേജർ ആർച്ചുബിഷപ്പുമായ കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ, മെത്രാപ്പോലീത്താമാർ, മെത്രാന്മാർ, വൈദികപ്രതിനിധികൾ എന്നിവർ അന്തർദ്ദേശീയ അസംബ്ലിയിൽ പ്രതിനിധികളുമായി ആശയവിനിമയം നടത്തും.

ഇന്ത്യയിലെ ഇതരസംസ്ഥാനങ്ങളിലും, വിദേശരാജ്യങ്ങളിലുമുള്ള സീറോ-മലബാർ സഭാവിശ്വാസിസമൂഹത്തിന്റെ വളർച്ചയും വെല്ലുവിളികളും അസംബ്ലിയിൽ പ്രതിപാദിക്കും. സഭയിലെ അൽമായ സംഘടനകളുടെയും കൂട്ടായ്മകളുടെയും, ഏകീകരിച്ചുള്ള പ്രവർത്തനങ്ങൾക്ക് കർമ്മരേഖ തയ്യാറാക്കും. ആനുകാലികരാഷ്ട്രീയസാമൂഹിക വിഷയങ്ങളിൽ സഭാവിശ്വാസിസമൂഹത്തിന്റെ പ്രതികരണങ്ങൾ സമ്മേളനത്തിൽ പങ്കുവയ്ക്കുന്നതാണ്. ജീവകാരുണ്യരംഗങ്ങളിൽ സഭയുടെ സാന്നിധ്യം കൂടുതൽ ശക്തമാക്കുവാനും പ്രോത്സാഹിപ്പിക്കുവാനുമുള്ള പദ്ധതികളും അന്തർദ്ദേശീയ അൽമായ അസംബ്ലി രൂപം നൽകും.

# വൈദികർക്കുവേണ്ടി സെനക്കിൾ

വൈദികവർഷത്തിൽ പൗരോഹിത്യആദ്ധ്യാത്മികതയും കൂട്ടായ്മയും കൂടുതൽ വളർത്താൻവേണ്ടി ഉദ്ദേശിക്കപ്പെട്ടിരിക്കുന്ന വൈദികസെനക്കിൾ റവ. ഡോ. മാത്യു വെള്ളാനിക്കലച്ചന്റെ നേതൃത്വത്തിൽ നമ്മുടെ രൂപതയിലും ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. സെനക്കിളിന്റെ അർത്ഥവും ആവശ്യകതയും പ്രസക്തിയും വിശദീകരിക്കാനായി ഒരു ആമുഖസമ്മേളനം ബഹു. മാത്യു വെള്ളാനിക്കലച്ചന്റെ നേതൃത്വത്തിൽ 2009 ഓഗസ്റ്റ് 18 ചൊവ്വാഴ്ച രാവിലെ 10.30-ന് ബിഷപ്സ് ഹൗസിൽ ചേരുന്നതാണ്. അന്നത്തെ സമ്മേളനത്തിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ ഓഗസ്റ്റ് 15-ന് മുമ്പായി ഇവാഞ്ചലൈസേഷൻ ഓഫീസിൽ വിവരം അറിയിക്കേണ്ടതാണ്.

+ Jos Kallarangatt

പാലാ
25-07-09

ബിഷപ് ജോസഫ് കല്ലറങ്ങാട്ട്
പാലാ രൂപതാ മെത്രാൻ

## പൗരസ്ത്യസഭകളുടെ കാനോനകൾ പ്രസിദ്ധീകരിക്കുന്നു

പൗരസ്ത്യസഭയുടെ കാനൻ നിയമ സംഹിതയുടെ സമ്പൂർണ്ണ മലയാള വിവർത്തനവും അജപാലന ആവശ്യകത മുൻനിർത്തിയുള്ള സംക്ഷിപ്തമായ വ്യാഖ്യാനവും സീറോ-മലബാർ സഭയുടെ പ്രത്യേക നിയമങ്ങളെക്കുറിച്ചുള്ള വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന "പൗരസ്ത്യ സഭകളുടെ കാനോനകൾ സഭാജീവിതത്തിൽ" എന്ന ഗ്രന്ഥത്തിന്റെ മൂന്നാം പതിപ്പ് 2009 ആഗസ്റ്റ് മാസത്തിൽ പ്രസിദ്ധീകരിക്കുന്നു.

എഡിറ്റേഴ്സ്: ബിഷപ്പ് സെബാസ്റ്റ്യൻ വടക്കേൽ &
ഡോ. ജോർജ് മത്തിക്കണ്ടത്തിൽ, സൈസ് D/y 1/8, പേജ് : 1012,
ഫ്ളാപ്പോടുകൂടിയ കാലിക്കോ ബയന്റിംഗ്, മുഖവില : 400 രൂപ,
പ്രി-പബ്ലിക്കേഷൻ : 250 രൂപ
പ്രീ-പബ്ലിക്കേഷൻ സൗജന്യം 2009 ആഗസ്റ്റ് 15 വരെ മാത്രം!
പണം M.O. ആയോ, SIB, CSB, SBT എന്നിവയുടെ ഡ്രാഫ്റ്റ് ആയോ 2009 ആഗസ്റ്റ് 15-നു മുമ്പായി അയയ്ക്കുക.

ഓർഡർ അയയ്ക്കേണ്ട വിലാസം: Director, OIRSI Publications, St.Thomas Ap. Seminary, Vadavathoor P.O., Kottayam, Pin-686010.
അന്വേഷണങ്ങൾക്ക്: Ph: 0481-2578319,E-mail: seminaryvdr@gmail.com



# ബഹു. വൈദികരുടെ ശ്രദ്ധയ്ക്ക്

തിരുസഭയുടെ ആരംഭംമുതൽ നാളിതുവരെയുള്ള സത്യസന്ധവും അപ്രിയസത്യങ്ങളും ചരിത്രരേഖകളിൽനിന്നും ശേഖരിച്ച് വി. പത്രോസ് മുതൽ ബെനഡിക്ട് 16-ാമൻ വരെയുള്ള 265 മാർപാപ്പാമാരുടെ ജീവചരിത്രത്തിലൂടെ അവതരിപ്പിക്കുന്ന പുസ്തകമാണ് 'ദ പോപ്സ്' ഇതിന്റെ ഇംഗ്ലീഷ് എഡീഷനും ഇതോടൊപ്പം 'The Popes' എന്ന പേരിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. എല്ലാ മാർപാപ്പാമാരുടേയും ജീവചരിത്രക്കുറിപ്പുകളോടൊപ്പം അവരുടെ ബഹുവർണ്ണചിത്രങ്ങളും കാണാം. വളരെ ആകർഷകമായ രീതിയിലുള്ള ഈ പ്രസിദ്ധീകരണത്തിൽ 300-ൽ പരം ബഹുവർണ്ണചിത്രങ്ങൾ പുസ്തകത്തിന്റെ മേന്മ വർദ്ധിപ്പിക്കുന്നു. നമ്മുടെ വിശ്വാസികൾക്ക് സഭയെപ്പറ്റി കൂടുതൽ അറിയുവാൻ ഈ പുസ്തകം ഒരു വഴികാട്ടിയാണ്.

**മുഖവില:** മലയാളത്തിനും ഇംഗ്ലീഷിനും 1000 രൂപാ, സെറ്റിന് (മലയാളം & ഇംഗ്ലീഷ് 2000 രൂപാ.

ബഹു വൈദികർക്ക് ഈ പുസ്തകങ്ങൾ 25-ൽ കൂടുതൽ ചിലവാക്കാൻ സാധിക്കുമെങ്കിൽ ഒരു കോപ്പിക്ക് 560 രൂപയ്ക്ക് നൽകാൻ സാധിക്കും. അതിനു പ്രോത്സാഹനമായി അദ്ദേഹത്തിന് ഒരു പുസ്തകം നൽകുന്നു. ഇപ്രകാരം 25-ൽ കൂടുതൽ സെറ്റു പുസ്തകങ്ങൾ 1130 രൂപ വീതം നൽകുന്നവർക്ക് ഒരു സെറ്റ് പുസ്തകം പ്രോത്സാഹനമായി നൽകുന്നു.

ബന്ധപ്പെടുക, ഫോൺ: 04822-230319, മൊബൈൽ: 9447662270

### വടവാതൂർ സെമിനാരിയിലെ അവസാനവർഷ ദൈവശാസ്ത്ര വിദ്യാർത്ഥികൾ ഒരുക്കുന്ന

## പഠനസഹായി

ബനഡിക്ട് പതിനാറാമൻ മാർപാപ്പായുടെ പുതിയ ചാക്രിക ലേഖനമായ 'സത്യത്തിൽ സ്നേഹ' ത്തിന്റെ സ്വതന്ത്രമലയാള ഭാഷ്യം ഉടൻ പുറത്തിറങ്ങുന്നു.

1. ആമുഖ പഠനങ്ങൾ, 2. ലളിതമായ ഭാഷാശൈലി, 3. ധനതത്വശാസ്ത്രവിദഗ്ധന്റെ വിലയിരുത്തൽ, 4. സാങ്കേതിക പദപ്രയോഗങ്ങളുടെ വിശദീകരണങ്ങൾ

സൈസ് : D/y 1/8, പേജ്: 152, മൾട്ടികളർ കവറിംഗ്, വില: 80 രൂപാ

**അന്വേഷണങ്ങൾക്ക്**

Director, OIRSI Publications, St. Thomas Ap. Seminary, Vadavathoor P.O., Kottayam-10, Ph: 0481-2578319, 2571807, 2571809, e-mail: caritasinveritate@gmail.com

# ആദിലബാദ്

## പാലാ മിഷൻ വാർത്തകൾ

**1. ജീവിതദർശൻ സെമിനാർ**

ഏപ്രിൽ 24, 25 തീയതികളിൽ നെന്നലിൽ വച്ച് 5 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കായി സെമിനാർ നടത്തി. 120 കുട്ടികൾ പങ്കെടുത്തു. മഞ്ചേരിയാൽ കാർമ്മൽ സ്കൂൾ അധ്യാപകൻ ജോയി സാർ നേതൃത്വം നൽകി. ജീസസ് യൂത്ത് ആനിമേറ്റേഴ്സ് ക്ലാസ്സുകൾ നയിച്ചു. രൂപതാ സോഷ്യൽ സർവ്വീസ് ഡയറക്ടർ ഫാ. കുര്യാച്ചൻ പൊൻമലക്കുന്നേൽ വി. കുർബാനയർപ്പിച്ച് സമാപനസന്ദേശം നൽകി.

**2. ആത്മദർശൻ യാത്ര**

വിവിധ വില്ലേജുകളിൽ നിന്നായി 12 പേർ ഫാ. മാത്യു പുതിയിടത്തിന്റെ നേതൃത്വത്തിൽ മേയ് 2-ന് കേരളത്തിന് പുറപ്പെട്ടു. മേയ് 3 മുതൽ 8 വരെ മുരിങ്ങൂർ ഡിവൈൻ ധ്യാനകേന്ദ്രത്തിൽ തെലുങ്കു ധ്യാനത്തിൽ പങ്കെടുത്തു. തുടർന്ന് 2 ദിവസം പാലായിലും പരിസര പ്രദേശങ്ങളിലുമുള്ള വിവിധ ദൈവാലയങ്ങളിൽ തീർത്ഥാടനം നടത്തി. മേയ് 12-ന് തിരിച്ചെത്തി.

**3. തിരുനാളുകൾ**

**ഗൊല്ലപ്പള്ളി -** ഗുഡ്ഷെപ്പേർഡ് പള്ളിയിൽ മേയ് 30-ന് തിരുനാൾ നടന്നു. 28, 29 തീയതികളിൽ വൈകുന്നേരം ഫാ. പ്രിൻസ് വചനപ്രഘോഷണം നടത്തി. തിരുനാൾ ദിവസം ഫാ. മാത്യു കവളംമാക്കൽ വി. കുർബാന അർപ്പിച്ചു. ഫാ. പ്രിൻസ് സന്ദേശം നൽകി. തുടർന്ന് സ്നേഹവിരുന്നും വില്ലേജ് ചുറ്റി പ്രദക്ഷിണവും നടന്നു.

**കോനംപേട്ട -** ഇൻഫന്റ് ജീസസ് പള്ളിയിൽ ജൂൺ 5-ന് തിരുനാൾ നടന്നു. ഫാ. മാത്യു കവളംമാക്കൽ വി. കുർബാന അർപ്പിച്ചു. രൂപതാ പ്രൊക്യുറേറ്റർ ഫാ. ബൈജു ജോൺ സന്ദേശം നൽകി. തുടർന്ന് വിവിധ കലാപരിപാടികൾ നടന്നു.

**വെങ്കിട്ടപുരം -** സേക്രട്ട് ഹാർട്ട് പള്ളിയിൽ ജൂൺ 8-ന് തിരുനാൾ നടന്നു. അഭിവന്ദ്യ മാർ ജോസഫ് കുന്നത്ത് വി. കുർബാന അർപ്പിച്ച്



സന്ദേശം നൽകി. തുടർന്ന് സ്നേഹവിരുന്ന്, വില്ലേജ് ചുറ്റി പ്രദക്ഷിണം വിവിധ കലാപരിപാടികൾ എന്നിവ നടന്നു.

**മന്നഗൂഡം -** സെന്റ് മേരീസ് പള്ളിയിൽ ജൂൺ 10-ന് തിരുനാൾ നടന്നു. ഫാ. മാത്യു കവളംമാക്കൽ വി. കുർബാന അർപ്പിച്ചു. ബ്രദർ മത്തായി ഗൊല്ലപ്പള്ളി സന്ദേശം നൽകി.

**4. യുവജനസംഗമം**

ജൂൺ 10-ന് നെന്നലിൽ യുവജനങ്ങൾക്കായി സെമിനാർ നടന്നു. 40 പേർ പങ്കെടുത്തു. ആരാധനാ ഗ്രൂപ്പ് പ്രോഗ്രാം, ഫാ. കുര്യാച്ചൻ പൊൻമലക്കുന്നേലിന്റെ ക്ലാസ് എന്നിവ നടന്നു.

**5. IDEA Programme**

രണ്ടു വർഷമായി 16 വില്ലേജുകളിലായി നടന്നുവന്നിരുന്ന ബോധവൽക്കരണപരിപാടികൾ അവസാനിച്ചു. ഇതിന്റെ അവസാന റിവ്യൂ മീറ്റിംഗ് ജൂൺ 17-ന് നെന്നലിൽ നടന്നു.

**6. യാത്രാമംഗളങ്ങൾ**

പാലാ മിഷനിൽ ഒന്നര വർഷക്കാലം സ്തുത്യർഹമായി ശുശ്രൂഷ ചെയ്തശേഷം ഉപരിപഠനത്തിനായി റോമിനു പോകുന്ന ഫാ. ജോസഫ് കരികുളത്തിന്, പാലാ മിഷനിലെ അച്ചന്മാരും സിസ്റ്റേഴ്സും ഒന്നിച്ചുകൂടി, ജൂൺ 20-ന് യാത്രാമംഗളങ്ങൾ ആശംസിച്ചു. ജൂൺ 26-ന് അച്ചൻ പാലായിലേക്ക് തിരിച്ചുപോയി. അച്ചന്റെ ശുശ്രൂഷകൾക്ക് നന്ദിയും ഭാവി ആശംസകളും നേരുന്നു.

**7. അഭിനന്ദനങ്ങളും നന്ദിയും**

കഴിഞ്ഞ മാസങ്ങളിൽ പാലാ മിഷനുവേണ്ടി പ്രാർത്ഥനയിലൂടെയും സാമ്പത്തികമായും സഹായിച്ച വ്യക്തികൾക്കും, കടനാട് ആരാധന മഠത്തിലെ സിസ്റ്റേഴ്സിനും അഭിനന്ദനങ്ങളും നന്ദിയും അറിയിക്കുന്നു.

**സഹവൈദികർ**

# വാർത്തകൾ

## വിശ്വാസപരിശീലനരംഗം

### ✦ അൽഫോൻസാ തീർത്ഥാടനം

ജൂലൈ 12-ാം തീയതി അൽഫോൻസാ തീർത്ഥാടനദിനമായി ആചരിച്ചു. മൂന്നാനിപ്പള്ളി അങ്കണത്തിൽ നിന്നും അമ്പാറ ദീപ്തി ഭവനിൽ നിന്നും രാവിലെ 11.30 ന് ആരംഭിച്ച തീർത്ഥാടനം വൈകുന്നേരം അഞ്ചുമണിക്ക് സമാപിച്ചു. മൂന്നാനിയിൽ വെരി. റവ. ഫാ. അലക്സ് കോഴിക്കോട്ടും, ദീപ്തിയിൽ മുൻ ഉജ്ജൈൻ രൂപതാദ്ധ്യക്ഷൻ മാർ ജോൺ പെരുമറ്റവും തീർത്ഥാടനം ഉദ്ഘാടനം ചെയ്തു. ഉച്ചകഴിഞ്ഞ് 3 മണിക്ക് രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് അൽഫോൻസാ ചാപ്പലിൽ സന്ദേശം നൽകി. തീർത്ഥാടനം വിശ്വാസപരിശീലനം തന്നെയാണെന്നും സഭയിൽ നാമെല്ലാം തീർത്ഥാടകരാണെന്നും ഭരണങ്ങാനം ആഴമായ ആത്മീയതയുടെ ഈറ്റില്ലമാണെന്നും അൽഫോൻസാമ്മ ഓരോദിവസവും നമുക്ക് ദൈവത്തെ ചൂണ്ടിക്കാണിച്ചു തരുന്ന പ്രകാശഗോളമാണെന്നും രൂപതയിലെ മിഷൻലീഗ് അംഗങ്ങളെല്ലാം ഒരേ ദിവസം അൽഫോൻസാമ്മയുടെ പാദത്തിങ്കൽ അണിചേർന്നത് അഭിനന്ദനാർഹമാണെന്നും തന്റെ സന്ദേശത്തിൽ അഭിവന്ദ്യപിതാവ് എടുത്തുപറഞ്ഞു. ഇരുപത്തായ്യിരത്തോളം കുട്ടികൾ അച്ചടക്കത്തോടെ പ്രാർത്ഥനാനിരതരായി തീർത്ഥാടനത്തിൽ പങ്കെടുക്കുകയുണ്ടായി. തീർത്ഥാടനം ക്രമീകരിച്ചവർക്കും അതിൽ പങ്കെടുത്തവർക്കും നന്ദി.

### ✦ സൺഡേ സ്കൂൾ സന്ദർശനം

ജൂലൈ 19 ഞായറാഴ്ച മുതൽ സൺഡേ സ്കൂൾ സന്ദർശനാർത്ഥം പ്രൊമോട്ടർമാർ എത്തുന്നതാണ്. അവർക്ക് വേണ്ട സൗകര്യങ്ങൾ ചെയ്തുകൊടുക്കുമല്ലോ. സൺഡേ സ്കൂളിന്റെ സാധാരണഗതിയിലുള്ള നടത്തിപ്പിന് സന്ദർശനം തടസ്സമല്ലാത്തതിനാൽ ഇതു സംബന്ധിച്ച് പള്ളികളിലേക്ക് ഇനി പ്രത്യേക അറിയിപ്പ് ഉണ്ടായിരിക്കുന്നതല്ല.

### ✦ മത്സരങ്ങൾ

മേഖലാതലമത്സരങ്ങൾ നിബന്ധനകൾക്കനുസൃതമായി നടത്തുമല്ലോ. രചനാമത്സരങ്ങളുടെ റിസൾട്ട് ആഗസ്റ്റ് 3-ാം തീയതിയെങ്കിലും രൂപതാകേന്ദ്രത്തിൽ എത്തിക്കുക. ആഗസ്റ്റ് 8-ാം തീയതി രാവിലെ 9.30 മുതൽ പാലാ സെന്റ് തോമസ് എച്ച്.എസ്.എസിൽ വച്ച് ഉപന്യാസം, ചെറുകഥ, കവിത എന്നിവയുടെ രൂപതാതലമത്സരങ്ങൾ നടക്കും. അംഗത്വനവീകരണം നടത്തിയിട്ടുള്ള മിഷൻലീഗ് ശാഖകളിലെ അംഗങ്ങൾക്കു മാത്രമേ മത്സരത്തിൽ പങ്കെടുക്കുവാൻ അർഹതയുള്ളൂ. കയ്യെഴുത്തു പ്രസിദ്ധീകരണത്തിന്റെ വിഷയം : "പൗരോഹിത്യം" - രചനാസമയം മൂന്നു മണിക്കൂർ.



### ✦ വിശ്വാസപരിശീലകരുടെ തുടർപരിശീലനം

ജീവദർശൻ എന്ന പേരിൽ വിശ്വാസപരിശീലകരുടെ തുടർപരിശീലനപരിപാടി ആരംഭിച്ചു. 107 അദ്ധ്യാപകരാണ് ഈ വർഷം പരിശീലനം ആരംഭിച്ചിരിക്കുന്നത്. ജൂലൈ 11 ന് ശ്രീ ലൂക്ക് അലക്സ് പിണമറുകിൽ ആദ്യക്ലാസ് നയിച്ചു. ഇനി ആഗസ്റ്റ് 8, സെപ്റ്റംബർ-4, 12, 21 തീയതികളിൽ ഭരണങ്ങാനം മാതൃഭവനിൽ വച്ച് ക്ലാസ് നടത്തപ്പെടും.

### ✦ സി.റ്റി.പി.

ഇതുവരെ സി.റ്റി.പി. പാസാകാത്തവരും വിശ്വാസപരിശീലകരായി തുടരാൻ ആഗ്രഹിക്കുന്നവരുമായ ആളുകൾക്കായി 25 ദിവസത്തെ സി.റ്റി.പി. കോഴ്സ് മുൻവർഷത്തേതുപോലെ നടത്തി വിജ്ഞാനവും പരിശീലനവും നൽകാൻ ആഗ്രഹിക്കുന്നു. ബഹു. അച്ചന്മാരും പ്രഥമാദ്ധ്യാപകരും ഇക്കാര്യത്തിൽ ശ്രദ്ധവച്ച് ഇപ്രകാരമുള്ള അദ്ധ്യാപകരെ കോഴ്സിനു പറഞ്ഞുവിടണം. രജിസ്ട്രേഷൻ തുടരുന്നു. എണ്ണം തികയാത്തതിനാൽ ക്ലാസ് തുടങ്ങുന്നത് നീട്ടിവച്ചിരിക്കുകയാണ്.

### ✦ ലോഗോസ് ക്വിസ്

അഞ്ചാം ക്ലാസ്സുമുതലുള്ള എല്ലാ കുട്ടികളെയും പറ്റുന്നത്ര മുതിർന്നവരെയും പങ്കെടുപ്പിക്കാൻ ശ്രമിക്കുക. അദ്ധ്യാപകർ അതിൽ പങ്കെടുത്ത് മാതൃക കാണിക്കുക. ഒക്ടോബർ 11 ന് ആയിരിക്കും മത്സരം. പാഠഭാഗം ഉൽപത്തി 27-50, ഫിലിപ്പിയർക്കുള്ള ലേഖനം. സഹായകഗ്രന്ഥം റവ. ഡോ. സൈറസ് വേലംപറമ്പിൽ രചിച്ചത് 20 രൂപ വിലയ്ക്ക് വിശ്വാസപരിശീലനകേന്ദ്രത്തിൽ ലഭ്യമാണ്.

### ✦ വിചിന്തനം ക്യാമ്പ്

ആഗസ്റ്റ് 8-9, 22-23, 29-30, സെപ്റ്റംബർ 5-6, 12-13, 26-27 തീയതികളിൽ ഭരണങ്ങാനം മാതൃഭവനിൽ വച്ച് വിചിന്തനംക്യാമ്പ് നടത്തപ്പെടുന്നു. ഇനിയും ഏതെങ്കിലും ഇടവകകൾ രജിസ്റ്റർ ചെയ്യാനുണ്ടെങ്കിൽ സെപ്റ്റംബർ മാസത്തിൽ സീറ്റ് ഒഴവുണ്ട്. ഉടനെ രജിസ്ട്രേഷൻ നടത്തേണ്ടതാണ്.

### ✦ സീനിയേഴ്സ് ക്യാമ്പ്

മിഷൻലീഗിന്റെ സീനിയേഴ്സ് ക്യാമ്പ് ഓണാവധിക്കാലത്ത് നടത്തപ്പെടുന്നു. ഇതുവരെ ക്യാമ്പ് കൂടിയിട്ടില്ലാത്തവരെ ക്യാമ്പിലേക്ക് പറഞ്ഞയയ്ക്കുവാൻ മിഷൻലീഗ് ഭാരവാഹികൾ ശ്രദ്ധിക്കുമല്ലോ. അവധി എന്നാണെന്ന് അറിയുമ്പോൾ കൃത്യമായ തീയതി അറിയിക്കുന്നതാണ്.

### ✦ DEAR BIBLE

വിശ്വാസപരിശീലനക്ലാസ്സുകൾ വി. ഗ്രന്ഥപാരായണത്തോടെ ആരംഭിക്കുന്ന പദ്ധതി Drop Everything And Read Bible ഇതുവരെ ആരംഭിച്ചിട്ടില്ലാത്ത സൺഡേ സ്കൂളുകൾ എത്രയും വേഗം അത് ആരംഭിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

### ✦ മതദർശനം

മതദർശനം മേയ് ലക്കം പ്രസിദ്ധീകരിച്ചു. ഓഫീസിൽ നിന്നു കൊണ്ടുപോകാവുന്നതാണ്. പൗരോഹിത്യവർഷം ഉള്ളടക്കമായിട്ടുള്ള ഈ ലക്കം വായിച്ചുമനസ്സിലാക്കി വിശ്വാസപരിശീലകർ കുട്ടികൾക്ക് പൗരോഹിത്യശുശ്രൂഷയുടെ പ്രാധാന്യം മനസ്സി

ലാക്കിക്കൊടുക്കുമല്ലോ. പൗരോഹിത്യത്തിലേക്കുള്ള ദൈവവിളി വർദ്ധിപ്പിക്കാനുതകുന്ന കാര്യങ്ങളും വിശ്വാസപരിശീലനക്ലാസ്സിൽ ക്രമീകരിക്കുവാൻ ശ്രദ്ധിക്കുക.

### സ്കൂൾ - മതബോധന - സന്മാർഗ്ഗവാർഷികം

ആഗസ്റ്റ് 15-ന് ഉച്ചകഴിഞ്ഞ് 2 മണിക്ക് പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് അഭിവന്ദ്യ പിതാവ് മാർ ജോസഫ് കല്ലറങ്ങാട്ട് സമ്മാനങ്ങൾ നല്കുന്നതാണ്.

**ഫാ. സെബാസ്റ്റ്യൻ കൊല്ലംപറമ്പിൽ (ഡയറക്ടർ)**

## സുവിശേഷവത്കരണം

### ✦ ഉപവാസമദ്ധ്യസ്ഥപ്രാർത്ഥന

ജൂലൈ മാസം 10, 17, 24, 31 തീയതികളിൽ പാലാ കത്തീഡ്രൽ പള്ളിയിൽ വച്ച് രാവിലെ 9 മണി മുതൽ 3 വരെ ഉപവാസമദ്ധ്യസ്ഥപ്രാർത്ഥന നടത്തി. ഫാ. കുര്യൻ മറ്റം, ഫാ. ജോസഫ് കുമ്മിണി, ബ്ര. ഡോ. ജോസഫ് പാമ്പാടി, ബ്ര. കുഞ്ഞുമോൻ പാമ്പാടി, ബ്ര. തങ്കച്ചൻ (ഡിവൈൻ) ബ്ര. ജയ്സൺ പാമ്പാടി, റ്റി.പി. ജോസഫ്, തങ്കച്ചൻ ശ്രാമ്പിക്കൽ, ജോയി നെല്ലിയേക്കുന്നേൽ തുടങ്ങിയവർ നേതൃത്വം നല്കി.

### ✦ കുടുംബകൂട്ടായ്മ റിസോഴ്സ് ടീം

രൂപതയിലെ കുടുംബകൂട്ടായ്മ റിസോഴ്സ് ടീം ജൂലൈ 7-ാം തീയതി ഷലോമിൽ ഒന്നിച്ചുകൂടി. രൂപതയിലെ എല്ലാ ഇടവകകളിൽ നിന്നും തിരഞ്ഞെടുത്ത കോൺടാക്റ്റ് പേഴ്സൺമാർക്ക് ആഗസ്റ്റ് 12-ാം തീയതി ശനിയാഴ്ച രാവിലെ 9.30 മുതൽ 4 വരെ ഒരു ദിവസത്തെ സെമിനാർ നടത്താൻ തീരുമാനിച്ചു. ഈ സെമിനാർ നയിക്കുന്നത് സി. ആന്റോസെറ്റാ കോഴിക്കോട് ആണ്. റവ. ഫാ. കുര്യൻ മറ്റം, ഇ. എം. ദേവസ്യാ ഈരൂരിക്കൽ, തോമസ് വടക്കേൽ, എം.എസ്. ജോസഫ് മറ്റക്കരോട്ട് തുടങ്ങിയവർ നേതൃത്വം നല്കി.

### ✦ ഇവാൻജലൈസേഷൻ മിനിസ്ട്രി കൂട്ടായ്മ

രൂപതയിലെ കോളനി, ആശുപത്രി, ജയിൽ, മദ്യപാനം, മദ്ധ്യസ്ഥപ്രാർത്ഥന, ആത്മഹത്യയ്ക്കെതിരെയുള്ള മിനിസ്ട്രി, ഗുഡ്സമരിറ്റൻ മിനിസ്ട്രികളിൽ പ്രവർത്തിക്കുന്നവർ ഈ മാസം 25-ാം തീയതി ശനിയാഴ്ച ഷലോമിൽ ഒന്നിച്ചുകൂടി കഴിഞ്ഞ മാസം പ്രവർത്തിച്ച കാര്യങ്ങളെപ്പറ്റി പറയുകയും കൂടുതലായി ഈ മാസം ചെയ്യേണ്ട കാര്യങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു. റവ. ഫാ. കുര്യൻ മറ്റം, റ്റി.പി. ജോസഫ്, തങ്കച്ചൻ ശ്രാമ്പിക്കൽ തുടങ്ങിയവർ നേതൃത്വം നല്കി.

### ✦ ജയിൽ മിനിസ്ട്രി

ഇവാൻജലൈസേഷൻ മിനിസ്ട്രിയുടെ ഭാഗമായി ഈ മാസം 19-ാം തീയതി ഞായറാഴ്ച പാലാ സബ്ജയിൽ സന്ദർശിക്കുകയും പ്രാർത്ഥിക്കുകയും അവരോട് സംസാരിക്കുകയും ചെയ്തു. ബഹു. തോമസ് പനയ്ക്കക്കുഴി (കെ.സി.എസ്.എൽ.) ഡയറക്ടർ വചനം പങ്കുവച്ചു. പാലാ കണ്ണാടിയുറുമ്പ് (റാണി മരിയ) ഭവനത്തിലെ പെൺകുട്ടികൾ വിവിധയിനം കലാപരിപാടികൾ തദവസരത്തിൽ അവതരിപ്പിക്കുകയും ചെയ്തു. ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, തങ്കച്ചൻ ശ്രാമ്പിക്കൽ, സാലി മേത്താനത്ത് തുടങ്ങിയവർ നേതൃത്വം നല്കി.



## കരിസ്മാറ്റിക് പ്രോഗ്രാം

### ✦ കരിസ്മാറ്റിക് കൂട്ടായ്മ

കരിസ്മാറ്റിക് ശുശ്രൂഷകരുടെ ഏകദിനസെമിനാർ ജൂലൈ 4-ശനിയാഴ്ച ശലോം ഓഡിറ്റോറിയത്തിൽ ചേർന്നു. ഫാ. കുര്യൻ മറ്റം, കുര്യൻ മാളിയേക്കൽ എന്നിവർ ക്ലാസ്സുകൾ നയിച്ചു. സണ്ണി പള്ളിവാതുക്കൽ, ബാബു തട്ടാംപറമ്പിൽ, സാബു കോഴിക്കോട്, ജയിംസ് മാറാട്ടുകുളം എന്നിവർ ശുശ്രൂഷകൾ നയിച്ചു.

### ✦ ഫൊറോനാതല സമ്മേളനം - ഭരണങ്ങാനം

ഭരണങ്ങാനം സബ്സോൺ തല കൂട്ടായ്മ ജൂലൈ 7-ന് ഭരണങ്ങാനത്തു ചേർന്നു. റവ. ഫാ. സെബാസ്റ്റ്യൻ മുണ്ടുമുഴിക്കര അദ്ധ്യക്ഷത വഹിച്ചു. ഫാ. ജോസ് അഞ്ചാനിക്കൽ, ഫാ. കുര്യൻ മറ്റം, കോർഡിനേറ്റർ ജോസ് പുറപ്പോക്കിൽ എന്നിവർ ശുശ്രൂഷകൾ നയിച്ചു.

### ✦ സബ്സോൺ കൂട്ടായ്മ - അരുവിത്തുറ

അരുവിത്തുറ ഫൊറോനാതല കൂട്ടായ്മ ജൂലൈ 12-ന് നടന്നു. സമ്മേളനത്തിൽ പുതിയ സേവനസമിതി അംഗങ്ങളെ തെരഞ്ഞെടുത്തു. ഫൊറോന കോർഡിനേറ്റർ ഫാ. ജോർജ് മൂലേച്ചാലിൽ അദ്ധ്യക്ഷത വഹിച്ചു. മാത്യു കല്ലേപ്ലാക്കൽ, ടോമി ആട്ടപ്പാട്ട്, റ്റി.ടി. ജോർജ്, ജോയി തെക്കുംചേരിക്കുന്നേൽ എന്നിവർ നേതൃത്വം വഹിച്ചു.

### ✦ ഫൊറോനാ കൂട്ടായ്മ - കുറവിലങ്ങാട്

കുറവിലങ്ങാട് ഫൊറോനാതല സമ്മേളനം ജൂലൈ 12-ന് ചേർന്നു. വികാരി റവ. ഫാ. ജോസഫ് മലേപ്പറമ്പിൽ അദ്ധ്യക്ഷത വഹിച്ചു. സാബു കോഴിക്കോട്, മാത്യു കല്ലേപ്ലാക്കൽ, ജാൻസ് സക്കറിയാസ്, സണ്ണി പള്ളിവാതുക്കൽ, ജയിംസ് മാറാട്ടുകുളം എന്നിവർ ശുശ്രൂഷകൾ നയിച്ചു. പുതിയ സേവനസമിതി അംഗങ്ങളെ തിരഞ്ഞെടുത്തു.

### ✦ ഫൊറോനാതല സമ്മേളനം - ചേർപ്പുങ്കൽ

ചേർപ്പുങ്കൽ ഫൊറോനായിലെ കൂട്ടായ്മ ജൂലൈ 19-ന് ചേർപ്പുങ്കൽ പാരീഷ് ഹാളിൽ ചേർന്നു. പുതിയ സേവനസമിതിയെ തെരഞ്ഞെടുത്തു. സണ്ണി പള്ളിവാതുക്കൽ, മാത്യു കല്ലേപ്ലാക്കൽ എന്നിവർ ശുശ്രൂഷകൾ നയിച്ചു.

### ✦ ദമ്പതീ സെമിനാർ

ദമ്പതികളുടെ പ്രതിനിധിസമ്മേളനം ജൂലൈ 12-ന് ഷലോമിൽ ചേർന്നു. ഫാ. കുര്യൻ മറ്റം, റ്റി.ഡി. ജോർജ്, പ്രിൻസ്, സണ്ണി വാഴയിൽ എന്നിവർ ശുശ്രൂഷകൾ നയിച്ചു.

### ✦ നവീകരണസെമിനാർ - അരുവിത്തുറ

അരുവിത്തുറ സബ്സോണിന്റെ ആഭിമുഖ്യത്തിൽ നവീകരണസെമിനാർ ജൂലൈ 17-ന് നടന്നു. ഫാ. കുര്യൻ മറ്റം ക്ലാസ്സുകൾ നയിച്ചു. ടോമി ആട്ടപ്പാട്ട്, ജോയിം തെക്കുംചേരിക്കുന്നേൽ, രാജു വെള്ളൂക്കുന്നേൽ എന്നിവർ ശുശ്രൂഷകൾ നയിച്ചു.

## ✦ ഫൊറോനാതല സമ്മേളനം - രാമപുരം

കരിസ്മാറ്റിക് കൂട്ടായ്മയുടെ രാമപുരം സബ്സോൺ സമ്മേളനം ജൂലൈ 17-ന് ഫാ. വിൻസെന്റ് കളരിപ്പറമ്പിലിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. സണ്ണി വാഴയിൽ, സാബു കോഴിക്കോട്ട്, മാത്യു കല്ലേപ്ലാക്കൽ എന്നിവർ ശുശ്രൂഷകൾ നയിച്ചു.

## ✦ തിരുശേഷിപ്പ് പ്രയാണ ഉദ്ഘാടനവും കരിസ്മാറ്റിക് ഫെസ്റ്റിവലും - ഭരണങ്ങാനം

കെ.എസ്.റ്റി. യുടെ ആഭിമുഖ്യത്തിൽ വി. അൽഫോൻസാമ്മയുടെ തിരുശേഷിപ്പ് പ്രയാണത്തിന്റെ ഉദ്ഘാടനവും 'കാരിസം ഫെസ്റ്റിവൽ' എന്ന പേരിൽ കരിസ്മാറ്റിക് സംഗമവും ജൂലൈ 18-ന് ഭരണങ്ങാനത്തു നടന്നു. കെ.എസ്.റ്റി. ചെയർമാൻ ഫാ. ഷാജൻ തേർമഠത്തിന് തിരുശേഷിപ്പ് കൈമാറിക്കൊണ്ട് പാലാ രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് പ്രയാണത്തിന് ഉദ്ഘാടനം കുറിച്ചു; ഒപ്പം പിതാവ് ചിന്തോദ്ദീപമായ സന്ദേശവും നല്കി. രാവിലെ ഫാ. ജോസ് അഞ്ചാനിക്കൽ, ഫാ. അഗസ്റ്റിൻ പെരുമറ്റം, ഫാ. കുര്യൻ മറ്റം എന്നിവർ ചേർന്ന് അൽഫോൻസാ ചാപ്പലിൽ സമൂഹബലിയർപ്പിച്ചു. തുടർന്ന് റെക്ടർ ഫാ. ജോസഫ് തടത്തിലിൽ നിന്ന് തിരുശേഷിപ്പ് ഏറ്റുവാങ്ങി പ്രദക്ഷിണമായി വാദ്യമേളങ്ങളോടെ പാരീഷ് ഹാളിലെ ഫെസ്റ്റിവൽ വേദിയിലേക്ക് എഴുന്നെള്ളിക്കുകയും പ്രതിഷ്ഠിക്കുകയും ചെയ്തു. ഫാ. ഷാജൻ തേർമഠം, പ്രൊഫ. വി.ഡി. ജോർജ് എന്നിവർ ക്ലാസ്സുകൾ നയിച്ചു. വികാരി ഫാ. സെബാസ്റ്റ്യൻ മുണ്ടുമൂഴിക്കര, കെ.എസ്.റ്റി. മെമ്പർ ഫാ. ജോസ് അഞ്ചാനിക്കൽ എന്നിവർ പ്രസംഗിച്ചു. സണ്ണി പള്ളിവാതുക്കൽ, ബാബും തട്ടാംപറമ്പിൽ, ജാൻസ് കക്കാട്ടിൽ, ജയിംസ് മാറാട്ടുകുളം, സാബു കോഴിക്കോട്ട് എന്നിവർ പ്രോഗ്രാമിനു നേതൃത്വം കൊടുത്തു.

## ✦ ദമ്പതീ സെമിനാർ - കുറവിലങ്ങാട്

കുറവിലങ്ങാട് ഫൊറോനയുടെ ആഭിമുഖ്യത്തിൽ ജൂലൈ 19-ന് ദമ്പതീകൂട്ടായ്മ നടന്നു. വികാരി ഫാ. ജോസഫ് മലേപ്പറമ്പിൽ, ഫാ. കുര്യൻ മറ്റം, സണ്ണി വാഴയിൽ, ജോർജ് തെക്കുംചേരിക്കുന്നേൽ എന്നിവർ ക്ലാസ്സുകൾ നയിച്ചു.

## ✦ കോളനി കൺവൻഷൻ - നീറന്താനം

നീറന്താനം ഇടവകയിൽ കോളനികൺവൻഷൻ ജൂലൈ 24, 25, 26 തീയതികളിൽ നടന്നു. ഫാ. കുര്യൻ മറ്റം, ഫാ. ജോസഫ് കുമ്മിണിയിൽ, രവി തോമസ്, തുളസി മരിയ, കെ.പി. ജോസഫ്, ജോയി പാലിയകുന്നേൽ, തങ്കച്ചൻ ശ്രാമ്പിക്കൽ എന്നിവർ ശുശ്രൂഷകൾ നയിച്ചു.

**ഫാ. കുര്യൻ മറ്റം, ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ (ഡിറക്ടേഴ്സ്)**

# ജീസസ് യൂത്ത്

## ✦ ട്രെയിനിംഗ് പ്രോഗ്രാം

ജൂലൈ 2-ാം തീയതി മുതൽ 5-ാം തീയതി വരെ ഭരണങ്ങാനം അസ്സീസി ധ്യാന കേന്ദ്രത്തിൽ വച്ച് 'yes Lord' ജീസസ് യൂത്തിന്റെ ട്രെയിനിംഗ് പ്രോഗ്രാം നടത്തപ്പെട്ടു. 60 കുട്ടികൾ പങ്കെടുത്തു.



## ✦ കൂട്ടായ്മകൾ

ജൂലൈ 11-ാം തീയതി രണ്ടാം ശനിയാഴ്ച കുറവിലങ്ങാട്ടും പാലായിലും വച്ച് കുട്ടികളുടെ കൂട്ടായ്മ നടത്തി.

**സെന്റ് തോമസ്**

**ചേർപ്പുങ്കൽ**

**ഫാ. കുര്യൻ മറ്റം, ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ (ഡിറക്ടേഴ്സ്)**

# ബൈബിൾ അപ്പസ്തോലേറ്റ്

## ✦ ലോഗോസ് ക്വിസ്

## ✦ ദ്വിവത്സര ബൈബിൾ കോഴ്സ്

## ✦ സർട്ടിഫിക്കറ്റ് വിതരണം

## ✦ വിശുദ്ധനാട് തീർത്ഥാടനം

**ഡോ. അഗസ്റ്റിൻ കൂട്ടിയാനിയിൽ (ഡയറക്ടർ)**

# കെ.സി.എസ്.എൽ

വിശ്വാസം, പഠനം, സേവനം

✦ സ്കൂൾ സന്ദർശനം

✦ രൂപതാ എക്സിക്യൂട്ടീവ്

✦ ലീഡേഴ്സ് ക്യാമ്പ്

✦ ഹൈസ്കൂൾ കുട്ടികൾക്കുള്ള ധ്യാനം

✦ വിജ്ഞാനോത്സവം

ഫാ. തോമസ് പനയ്ക്കക്കുഴി (ഡയറക്ടർ)

# കെ.സി.വൈ.എം.

✦ YATP Work Camp സംഘടിപ്പിച്ചു

✦ രാഷ്ട്രദർശൻ '09 സംസ്ഥാനക്യാമ്പ് - കാഞ്ഞിരത്താനം യൂണിറ്റിൽ



pm am

✦ പ്രചോദിനി 2009 - സംസ്ഥാന വനിതാ കൺവൻഷൻ

✦ അന്തർദ്ദേശീയ അല്മായ അസംബ്ലി - വിളംബര സമ്മേളനം

✦ അനശ്വര '09 മേഖല വനിതാദിനം

✦ ഡിഗ്രിയോടൊപ്പം മാനേജ്മെന്റ് ഡിപ്ലോമ

Enterprenership development Institute of India

വർഷത്തെ മാനേജ്മെന്റ് ഡിപ്ലോമ കോഴ്സ് പാലായിൽ വച്ച് പഠിക്കുവാൻ ഒരു സുനർണ്ണാവസരം. കിലയിലൂടെ നൽകപ്പെടുന്ന ഈ കോഴ്സിന്റെ നോഡൽ സെന്ററായി കെ.സി.വൈ.എം. പാലാ രൂപതയിൽ പ്രവർത്തിക്കുന്നു. കെ.സി.വൈ.എം. ഓഫീസുമായി ബന്ധപ്പെടുന്നതിന് ബഹുമാനപ്പെട്ട അച്ചന്മാർ ശ്രദ്ധിക്കുമല്ലോ. കോഴ്സ് ഫീസ് 5000/-

### ✦ ഉത്സവ് യുവജനദിനാഘോഷം

കെ.സി.വൈ.എം. കുറവിലങ്ങാട് മേഖലയുടെ ആഭിമുഖ്യത്തിൽ ഉത്സവ് 2009 യുവജനദിനാഘോഷം നൈറ്റ് ക്യാമ്പ് 25-ാം തീയതി കാഞ്ഞിരത്താനം യൂണിറ്റിൽ വച്ച് സംഘടിപ്പിച്ചു. 90 പേർ സംബന്ധിച്ചു.

### ✦ യൂണിറ്റ് കമ്പൈയിനുകൾ

രൂപതയുടെ യുവജനമഹാസംഗമത്തോടനുബന്ധിച്ച് രൂപതാഭാരവാഹികളുടെ നേതൃത്വത്തിൽ ആഗസ്റ്റ് 8 മുതൽ യൂണിറ്റ് കമ്പൈയിനുകൾ സംഘടിപ്പിക്കുന്നു. അരുണാപുരം, മലപ്പുറം, കരൂർ എന്നിവിടങ്ങളിൽ പുതിയ യൂണിറ്റുകൾ ആരംഭിച്ചു. ഫാ. ജോസഫ് ആലഞ്ചേരി ക്ലാസ്സുകൾ എടുത്തു.

### ✦ യുവജനമഹാസമ്മേളനം - 2009

കെ.സി.വൈ.എം. പാലാ രൂപതയുടെ നേതൃത്വത്തിൽ സംഘടനയ്ക്ക് അകത്തും പുറത്തുമുള്ള രൂപതയിലെ മുഴുവൻ ജനങ്ങളെയും ഒരു കുടക്കീഴിൽ ഒന്നിച്ചുചേർത്തുകൊണ്ട് രൂപതാ യുവജനമഹാസംഗമം സംഘടിപ്പിക്കുന്നു. സഭയുടെയും സമൂഹത്തിന്റെയും കാവൽക്കാരും നെടുംതൂണുമായ യുവജനസമൂഹത്തെ വിശ്വാസജീവിതത്തിന്റെ അടിസ്ഥാനത്തിലൂടെ രാഷ്ട്രസേവനത്തിനും സമൂഹത്തിന്റെ വളർച്ചയ്ക്കും പ്രതിബദ്ധരാക്കുന്നതിന് ക്രൈസ്തവയുവജനശക്തിയും കൂട്ടായ്മയും വിളിച്ചോതുന്നതാണ് ഈ സംഗമം. ഒക്ടോബർ 17-ാം തീയതി രാവിലെ 9.00 ന് പാലാ കത്തീഡ്രൽ പള്ളിയങ്കണത്തിൽ വച്ചാണ് യുവജനമഹാസംഗമം നടത്തപ്പെടുന്നത്. അഭിവന്ദ്യ ബസേലിയോസ് മോറാൻ മോർ ക്ലീമിസ് കാതോലിക്കാബാവ യുവജനങ്ങളെ അഭിസംബോധന ചെയ്യുന്നു. ഇടവകയിലെ യുവജനങ്ങളെ മുഴുവൻ ഈ മഹാസംഗമത്തിലേക്ക് പങ്കെടുപ്പിക്കുന്നതിന് എല്ലാ ബഹുമാനപ്പെട്ട വൈദികരുടെയും സിസ്റ്റേഴ്സും സൺഡേ സ്കൂൾ അദ്ധ്യാപകരുടെയും, കെ.സി.വൈ.എം. ഭാരവാഹികളുടെയും പള്ളികമ്മറ്റിയംഗങ്ങളുടെയും പ്രത്യേകം സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

### ✦ റീജിയണൽ വിളംബര യുവജനസംഗമം

കെ.സി.വൈ.എം. പാലാ രൂപതയുടെ നേതൃത്വത്തിൽ കത്തീഡ്രലിൽ വച്ച് നടത്തപ്പെടുന്ന രൂപത യുവജനമഹാസമ്മേളനത്തിന് മുന്നോടിയായി റീജിയണൽ വിളംബരയുവജനസംഗമങ്ങൾ സംഘടിപ്പിക്കുന്നു. രൂപതയിലെ വിവിധ ഇടവകകളെ 3 റീജിയണുകളായി തിരിച്ചുകൊണ്ട് അരുവിത്തുറ, കുറവിലങ്ങാട്, രാമപുരം എന്നിവിടങ്ങളിലാണ് വിളംബരസമ്മേളനങ്ങൾ സംഘടിപ്പിക്കുന്നത്.

**1. അരുവിത്തുറ റീജിയൺ**

അരുവിത്തുറ, ഭരണങ്ങാനം, തീക്കോയി, പൂഞ്ഞാർ മേഖലകളിലെ യുവജനങ്ങളെ ഒത്തുചേർത്തുകൊണ്ട് ഓഗസ്റ്റ് 15-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 1.30 മുതൽ 4



വരെ അരുവിത്തുറ സെന്റ് ജോർജ് പാരീഷ് ഹാളിൽ വച്ചാണ് യുവജനവിളംബരസമ്മേളനം 'യുവസംഗമം 2009' നടത്തപ്പെടുന്നത്. യുവസംഗമം 2009 ഉദ്ഘാടനം ബിഷപ് മാർ ജോസഫ് പള്ളിക്കാപറമ്പിൽ നിർവ്വഹിക്കുന്നു. ഫാ. ജോസഫ് പാമ്പാറ അദ്ധ്യക്ഷത വഹിക്കുന്ന യോഗത്തിൽ ആലുവ പൊന്തിഫിക്കൽ സെമിനാരി പ്രൊഫസർ ഫാ. വിൻസെന്റ് കുണ്ടുകുളം ക്ലാസ് നയിക്കുന്നതാണ്. ഫാ. ജിസ് അമ്മനത്തുകുന്നേൽ, ഫാ. ജോസഫ് ചെറുകരക്കുന്നേൽ, ഫാ. ജയിംസ് പൊരുന്നോലിൽ, ഫാ. ജോർജ് പോളച്ചിറ, ജോസൻ പേഴുംകാട്ടിൽ, ചെയ്സ് ഞള്ളമ്പുഴ, ഷിന്റു പള്ളിപ്പുറത്തുശേരിൽ, റോസ് മേരി കോക്കാട് തുടങ്ങിയവർ നേതൃത്വം നല്കും. റീജിയൺ വിളംബര സമ്മേളനത്തിലേക്ക് ഈ റീജിയണിൽപെട്ട ഇടവകയിൽ നിന്നും യുവജനങ്ങളെ പങ്കെടുപ്പിക്കുന്നതിന് ബഹുമാനപ്പെട്ട വികാരിയച്ചന്മാരുടെയും അസി. വികാരിയച്ചന്മാരുടെയും സിസ്റ്റേഴ്സിന്റെയും, കെ.സി.വൈ.എം. ഭാരവാഹികളുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

**2. കുറവിലങ്ങാട് റീജിയൺ**

കുറവിലങ്ങാട്, മുട്ടുചിറ, കോതനല്ലൂർ, ഇലഞ്ഞി മേഖലയിലെ എല്ലാ യുവജനങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് ആഗസ്റ്റ് 23-ാം തീയതി വൈകുന്നേരം 2 മണി മുതൽ 4 വരെ കുറവിലങ്ങാട് ദേവമാതാ കോളജ് ഓഡിറ്റോറിയത്തിൽ വച്ച് റീജിയൺ യുവജനസംഗമം നടത്തപ്പെടുന്നു. പ്രസ്തുത സമ്മേളനത്തിന്റെ ഉദ്ഘാടനം നിർവ്വഹിക്കുന്നത് രൂപതാ പാസ്റ്ററൽ കോർഡിനേറ്റർ വെരി. ഫാ. ജോസഫ് കുഴിഞ്ഞാലിലും, അദ്ധ്യക്ഷത വഹിക്കുന്നത് കുറവിലങ്ങാട് ഫൊറോനാ വികാരി വെരി റവ. ഫാ. ജോസഫ് മലേപ്പറമ്പിലുമാണ്. തുടർന്ന് ക്ലാസ്സുകൾ നയിക്കുന്നത് കപ്പൂച്ചിൻ സഭാംഗമായ ഫാ. ജോസഫ് പുത്തൻപുര അച്ചനാണ്. തുടർന്ന് പകലോമറ്റം അർക്കദിയാക്കോൻ നഗറിൽ വച്ച് യുവജനറാലിയും നടത്തപ്പെടുന്നതാണ്.

**3. രാമപുരം റീജിയൺ യുവജനസംഗമം**

രാമപുരം, തുടങ്ങനാട്, പാലാ, ചേർപ്പുങ്കൽ, മൂലമറ്റം, മേഖലകളിലെ യുവജനങ്ങളെ ഒത്തുചേർത്തുകൊണ്ട് സെപ്റ്റംബർ 12-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 pm ന് യുവജനസമ്മേളനം സംഘടിപ്പിക്കുന്നു. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

**ഫാ. ജോസഫ് ആലഞ്ചേരിൽ (ഡയറക്ടർ)**

## ഫാമിലി സെന്റർ

### ✦ സാന്ത്വന കൗൺസലിംഗ്

മുൻകൂട്ടി രജിസ്റ്റർ ചെയ്തിരുന്ന 26 പേർക്ക് കൗൺസലിംഗ് നല്കി.

### ✦ വിവാഹഒരുക്ക സെമിനാർ

ജൂൺ 8-11, 22-25, ജൂലൈ 6-9 എന്നീ തീയതികളിലായി പാലാ പാസ്റ്ററൽ സെന്ററിൽ വച്ചു നടത്തിയ വിവാഹ ഒരുക്ക സെമിനാറിൽ 335 പേർ സംബന്ധിച്ചു.

അടുത്ത കോഴ്സ് ജൂലൈ 27-30, ഓഗസ്റ്റ് 10-13, 24-27 തീയതികളിലായി നടക്കുന്നതാണ്.

### ✦ പ്രോ-ലൈഫ്

ജൂൺ 29-ാം തീയതി പ്രോ-ലൈഫ് അംഗങ്ങൾ ഒരുമിച്ചുകൂടി ജപമാല ചൊല്ലി പ്രാർത്ഥിച്ചു. പുതിയതായി അംഗത്വം സ്വീകരിച്ചവരെ പരിചയപ്പെടുത്തി പ്രോ-ലൈഫിന്റെ പ്രവർത്തനങ്ങൾ മനസ്സിലാക്കിക്കൊടുത്തു. വി. പൗലോസിന്റെ വർഷാചരണ സമാപനദിനമായിരുന്നതിനാൽ വി. പൗലോസിന്റെ ലേഖനഭാഗത്തെ ആസ്പദമാക്കി ബഹു. ഡയറക്ടറച്ചൻ ക്ലാസ്സെടുത്തു. അതിന്റെ വെളിച്ചത്തിൽ പ്രാർത്ഥനയും നടത്തി. മൂലമറ്റത്ത് വച്ച് നടത്താൻ തീരുമാനിച്ചിരിക്കുന്ന സെമിനാറിന്റെ കാര്യങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു.

ജൂലൈ 5-ന് മൂലമറ്റത്ത് സെമിനാർ നടത്തി ഡോ. അബ്രാഹം ജേക്കബ് 10 മുതൽ 12 വരെ ക്ലാസ്സെടുത്തു. ഉച്ചയ്ക്കുശേഷം 2.50 ന് അഡ്വ. തോമസ് തണ്ണിപ്പാറ ഗവൺമെന്റിന്റെ പുതിയ നിയമപരിഷ്കരണത്തെക്കുറിച്ചുള്ള വിശദമായ പഠനം നൽകി. ഗവൺമെന്റിന്റെ പുതിയ നിയമപരിഷ്കാരമായ സ്വവർഗ്ഗലൈംഗികതയെ വിമർശിച്ചു പ്രമേയം അവതരിപ്പിച്ചു. പത്രമാധ്യമങ്ങൾക്ക് കൊടുക്കുകയും ചെയ്തു.

### ✦ ഹോംമിഷൻ സമ്മേളനം ഷലോം സെന്ററിൽ

2009 ജൂൺ 20-ാം തീയതി ബഹു. ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ ഹോംമിഷൻ അംഗങ്ങൾ ഷലോമിൽ ഒരുമിച്ച് കൂടി. 18 പേർ പ്രസ്തുത സമ്മേളനത്തിൽ സന്നിഹിതരായിരുന്നു. പ്രാർത്ഥനയ്ക്കും ചർച്ചയ്ക്കും ശേഷം അടുത്ത ഹോം മിഷൻ ചിറ്റാർ ഇടവകയിൽ 2009 ജൂലൈ 5-ാം തീയതി കൂടാമെന്ന് തീരുമാനിച്ചു.

ചിറ്റാർ ഇടവകയിൽ ജൂലൈ 5-ാം തീയതി തുടങ്ങി 14-ാം തീയതി വരെ ഹോംമിഷൻ നടത്തി. 213 വീടുകൾ ഉണ്ടായിരുന്നു. 16 സിസ്റ്റേഴ്സ് ഭവനസന്ദർശനത്തിനായി പോവുകയും 2 പേർ മാദ്ധ്യസ്ഥ്യപ്രാർത്ഥനയ്ക്കായി ഇരിക്കുകയും ചെയ്തു. ബഹു. അച്ചൻ ഇടവകയിൽ എല്ലാ കാര്യങ്ങളും നന്നായി ക്രമീകരിച്ചതുകൊണ്ടു വളരെ ഭംഗിയായി നടത്തുവാൻ സാധിച്ചു. ബഹു. സിസ്റ്റേഴ്സ് (ഗുഡ് ന്യൂസ് സിസ്റ്റേഴ്സ്) താമസിക്കുവാനുള്ള എല്ലാ സൗകര്യങ്ങളും ചെയ്തുതന്നു.

അടുത്ത ഹോം മിഷൻ ആഗസ്റ്റ് 2-ാം തീയതി കൊഴുവനാൽ ഇടവകയിൽ ആരംഭിക്കുവാൻ തീരുമാനിച്ചു.

## മാതൃജ്യോതി

### ✦ മാതൃജ്യോതി പ്രവർത്തനറിപ്പോർട്ട്

മാതൃജ്യോതി യൂണിറ്റ് മേഖലാ-രൂപതാ ജോയിന്റ് ഡയറക്ടർമാരുടെയും പ്രസിഡണ്ടുമാരുടെയും സമ്മേളനം 27-ന് ഷലോമിൽ നടന്നു. രൂപതാഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ നടുത്തടം തന്റെ അദ്ധ്യക്ഷപ്രസംഗത്തിൽ മാതാക്കളുടെ ദൗത്യത്തെക്കുറിച്ച് ഉദ്ബോധിപ്പിച്ചു. റവ. സി. ജോസി മരിയാ, ഏലിക്കുട്ടി പുല്ലാട്ട്, മേരി പോൾ ഞാവള്ളിൽ, സിസിലി സെബാസ്റ്റ്യൻ ചക്കാനിക്കുന്നേൽ, മോനിക്കാമ്മ വേകത്താനം എന്നിവർ യഥാക്രമം സാമൂഹികസമ്പർക്കം, ജീവകാരുണ്യപ്രവർത്തനം, പെരുമാറ്റമര്യാദകൾ, സമ്പാദ്യശീലം, ഫണ്ടുശേഖരണം എന്നീ വിഷയങ്ങൾ അവതരിപ്പിച്ചു. തുടർന്നു നടന്ന ഗ്രൂപ്പുചർച്ചയിൽ മാതൃജ്യോതിയുടെ പ്രസക്തി, പ്രവർത്തനമണ്ഡലങ്ങൾ എന്നിവ സജീവമായി ചർച്ച ചെയ്തു.



### ✦ അൽഫോൻസാ തീർത്ഥാടനം

ജൂലൈ 18-ന് രൂപതയിലെ എല്ലാ മാതാക്കളെയും പങ്കെടുപ്പിച്ചുകൊണ്ട് വി. അൽഫോൻസാ ചാപ്പലിലേക്ക് തീർത്ഥാടനം നടത്തുവാൻ തീരുമാനിച്ചു. അന്നേദിവസം 11 മണിക്ക് രൂപതാ കോർഡിനേറ്റർ ബഹു. കുഴിഞ്ഞാലിലച്ചന്റെ പ്രധാനകാർമ്മികത്വത്തിൽ വി. കുർബാനയും അതിനേത്തുടർന്ന് ജപമാലറാലിയും ഉണ്ടായിരിന്നു.

### ✦ ശാഖാസന്ദർശനം

രൂപതാകേന്ദ്രത്തിൽ നിന്നും ജൂലൈ മാസത്തിൽ കടപ്ലാമറ്റം, മലയിഞ്ചിപ്പാറ, ചോലത്തടം, മറ്റക്കര, മൂഴൂർ, വാരിയാനിക്കാട്, തിടനാട്, ചെമ്പിളാവ്, പാളയം, അൽഫോൻസാഗിരി, കൊഴുവനാൽ, മണലുങ്കൽ, ചേർപ്പുങ്കൽ, അരുവിത്തുറ, ചെമ്മലമറ്റം, ചേന്നാട്, ചേറ്റുതോട് എന്നീ യൂണിറ്റുകൾ സന്ദർശിക്കും.

### ✦ പൂഞ്ഞാർ മേഖലാ സെമിനാറും പ്രസംഗമത്സരവും

ജൂലൈ 10-ാം തീയതി വെള്ളിയാഴ്ച പൂഞ്ഞാർ മേഖലയിലെ മാതാക്കൾക്കായി പൂഞ്ഞാർ സെന്റ് മേരീസ് പാരീഷ് ഹാളിൽ സെമിനാർ നടത്തി. 'മാതാക്കൾ കുടുംബത്തിന്റെ ദീപം' എന്ന വിഷയത്തെ അധികരിച്ച് റവ. ഫാ. മാത്യു എണ്ണയ്ക്കാപ്പള്ളിയും മാതൃജ്യോതിയുടെ പ്രസക്തിയെക്കുറിച്ച് രൂപതാപ്രസിഡന്റ് ഏലിക്കുട്ടി പുല്ലാട്ടും ക്ലാസ്സെടുത്തു. മേഖലാ പ്രസിഡന്റ് കൊച്ചുത്രേസ്യാ എല്ലാവർക്കും സ്വാഗതം ആശംസിച്ചു.

വി. അൽഫോൻസാമ്മയുടെ തിരുനാളിനു മുന്നോടിയായി പൂഞ്ഞാർ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ സൺഡേ സ്കൂൾ കുട്ടികൾക്കായും, പൂഞ്ഞാർ മേഖലയുടെ ആഭിമുഖ്യത്തിൽ മാതൃജ്യോതി അംഗങ്ങൾക്കായും യഥാക്രമം വി. അൽഫോൻസാമ്മ ഇന്നിന്റെ പ്രേഷിത, വി. അൽഫോൻസാമ്മ മാതാക്കൾക്ക് മാർഗ്ഗദീപം എന്നീ വിഷയങ്ങളെ അധികരിച്ച് പ്രസംഗമത്സരം നടത്തി.

**ഫാ. സെബാസ്റ്റ്യൻ നടുത്തടം (ഡയറക്ടർ)**
**ഫാ. തോമസ് ഇടയാൽ (അസി. ഡയറക്ടർ)**

## ഡി. സി. എം. എസ്.

### ✦ റിസോഴ്സ് ടീം ട്രെയിനിംഗ്

യുവജനങ്ങൾക്കായി സംഘടന നടത്തുന്ന റിസോഴ്സ് ടീം ട്രെയിനിംഗ് 2009 ആഗസ്റ്റ് 7, 8, 9 തീയതികളിൽ മുണ്ടുപാലം ബ്ലസ്ഡ് കുഞ്ഞച്ചൻ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടക്കും.

### ✦ ലീഡേഴ്സ് ക്യാമ്പ്

മാതാപിതാക്കൾക്കായി നടത്തുന്ന ലീഡേഴ്സ് ക്യാമ്പ് 2009 ആഗസ്റ്റ് 15, 16 തീയതികളിൽ മുണ്ടുപാലം ബ്ലസ്ഡ് കുഞ്ഞച്ചൻ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടക്കും.

ഇലഞ്ഞി, മുട്ടുചിറ, കുറവിലങ്ങാട് മേഖലകളിലെ ലീഡേഴ്സ് ക്യാമ്പ് ആഗസ്റ്റ് 22, 23 തീയതികളിൽ മുട്ടുചിറ സീയോൺഭവനിൽ വച്ച് നടക്കും.

## ഡി.സി.എം.എസ്. - എസ്.എച്ച്.ജി. ഗ്രൂപ്പ്

ഡി.സി.എം.എസ്. സംഘടനയുടെ കീഴിൽ സജീവമായി പ്രവർത്തിക്കുന്ന 95 എസ്.എച്ച്.ജി. ഗ്രൂപ്പുകൾ ഉണ്ട്.

## ജസ്റ്റീസ് സൺഡേ രൂപതാതല ആചരണം

ഡി.സി.എം.എസ്. പാലാ രൂപതാ ജസ്റ്റീസ് സൺഡേ രൂപതാതല ആചരണം 2009 ആഗസ്റ്റ് 9-ാം തീയതി ഞായറാഴ്ച ഷലോം പാസ്റ്ററൽ സെന്ററിൽ നടക്കും. 9.30 മുതൽ 4 വരെ.

**ക്ലാസ് നയിക്കുന്നത് :**

✔ ബേബി തോമസ് തിരുവനന്തപുരം (ദളിത് സാഹിത്യകാരൻ)

വിഷയം ദളിത് ക്രൈസ്തവരും സംവരണവും

✔ റവ. ഫാ. മാത്യു ചന്ദ്രൻകുന്നേൽ (വികാരി സെന്റ് മേരീസ് ചർച്ച് ളാലം പാലാ)

വിഷയം ദളിത് ക്രൈസ്തവരും രാഷ്ട്രീയാധികാരവും

## പലിശ രഹിത ലോൺ

തൊഴിലധിഷ്ഠിതവിദ്യാഭ്യാസത്തിനു ഡി.സി.എം.എസ്. സംഘടന പലിശരഹിത ലോൺ നൽകി വരുന്നു. മാതാപിതാക്കൾ 5 ലീഡേഴ്സ് ക്യാമ്പ് കൂടിയിരിക്കണം.എസ്.എച്ച്.ജി. ഗ്രൂപ്പിൽ അംഗമായിരിക്കണം. 48 തവണകളായി 48 മാസംകൊണ്ട് ലോൺ അടച്ചുതീർക്കണം.

## കുടുംബസംഗമം

രാമപുരം, ഉഴവൂർ, പാലവേലി, മരങ്ങാട്, മുല്ലമറ്റം, കുന്നപ്പള്ളി, വെള്ളിലാപ്പള്ളി, സേവ്യർപുരം, മുത്തോലപുരം, അരീക്കര, പിറവം, വെളിയന്നൂർ, കരൂർ, ചിറകണ്ടം, അമനകര, കൊണ്ടാട്, കോതനല്ലൂർ തുടങ്ങിയ സ്ഥലങ്ങളിൽ ഡിസിഎംഎസ് കുടുംബ ബസംഗമം നടന്നു. ഡി.സി.എം.എസ്. ഡയറക്ടർ ഫാ. മാത്യു കിഴക്കേഅരഞ്ഞാണിയിൽ, പ്രസിഡന്റ് പി.ഒ. പീറ്റർ, രൂപതാ കമ്മറ്റിയംഗങ്ങൾ, എസ്.എച്ച്.ജി. കൺവീനർമാർ തുടങ്ങിയവർ ക്ലാസ് നയിച്ചു.

## എസ്.എച്ച്.ജി. ഗ്രൂപ്പുകൾക്ക് പലിശരഹിത ലോൺ

ഡി.സി.എം.എസ്. സ്വയംസഹായഗ്രൂപ്പുകളെ ഗ്രേഡ് ചെയ്ത് പലിശരഹിത ലോൺ നൽകും.

## പാലാ രൂപത കലോത്സവം

2009 സെപ്റ്റംബർ 6, 12 തീയതികളിൽ

**സാഹിത്യമത്സരങ്ങൾ** 2009 സെപ്റ്റംബർ 6-ാം തീയതി ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് ഉച്ചകഴിഞ്ഞ് 2 മണിക്ക് നടത്തും.

**കലാമത്സരങ്ങൾ**

2009 സെപ്റ്റംബർ 12-ാം തീയതി സെന്റ് തോമസ് ഹയർ സെക്കൻഡറി സ്കൂളിൽ വച്ച് രാവിലെ 9 മുതൽ വൈകുന്നേരം 5 മണി വരെ.

**ഫാ. മാത്യു കിഴക്കേഅരഞ്ഞാണിയിൽ (ഡയറക്ടർ)**



ADARRT

## ബോധവത്കരണ ക്ലാസുകൾ

താമരശേരി (ജൂൺ 11-12), കുറിഞ്ഞി (ജൂൺ 13), അണക്കര (ജൂലൈ-3), ചമ്പക്കര (ജൂലൈ-12), ഗവ. പോളിടെക്നിക് കോളജ്, പാലാ (ജൂലൈ-14), എമ്മാനുവേൽ ആശ്രമം, തമ്പലക്കാട് (ജൂലൈ-18), ഇടപ്പാടി (ജൂലൈ-25), മാതൃഭവൻ ഭരണങ്ങാനം (ജൂലൈ-26), ചെറുതോണി (ജൂലൈ-31).

## ലഹരി വിമോചനക്യാമ്പ്

എഫ്.സി.സി. സിസ്റ്റേഴ്സിന്റെ സഹകരണത്തോടെ വാഗമൺ പാരീഷ് ഹാളിൽ വച്ച് ജൂലൈ 6 മുതൽ 15 വരേയും അഡാർട്ടിന്റെ നേതൃത്വത്തിൽ തോട്ടം തൊഴിലാളികൾക്കുവേണ്ടി ലഹരി വിമോചനക്യാമ്പ് നടത്തുകയുണ്ടായി. ക്യാമ്പിൽ 12 പേർ കുടുംബസമേതം പങ്കെടുത്തു.

## അഡാർട്ട് ക്ലബ് ഡയറക്ടേഴ്സ് മീറ്റ്

അഡാർട്ടിന്റെ ആഭിമുഖ്യത്തിൽ സ്കൂളുകളിൽ പ്രവർത്തിക്കുന്ന അഡാർട്ട് ക്ലബുകളുടെ ഡയറക്ടർമാർക്കുവേണ്ടി ജൂലൈ 17-ാം തീയതി ഏകദിന പരിശീലനപരിപാടി നടത്തി. മോൺ. ഈനാസ് ഒറ്റത്തെങ്ങുങ്കൽ അദ്ധ്യക്ഷത വഹിച്ചു. ഫാ. മാത്യു ചന്ദ്രൻകുന്നേൽ അധ്യാപകർക്കു ക്ലാസ്സെടുത്തു. ഡയറക്ടർ ഫാ. ജേക്കബ് വെള്ളമരുതുങ്കൽ സ്വാഗതവും കൗൺസിലർ ഡിജോ ദാസ് നന്ദിയും പറഞ്ഞു.

## അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനം

അഡാർട്ടിന്റെയും കെ.സി.ബി.സി. മദ്യവിരുദ്ധസമിതിയുടെയും ആഭിമുഖ്യത്തിൽ ജൂൺ 25 മുതൽ ജൂലൈ 2 വരേയും അന്താരാഷ്ട്രലഹരിവിരുദ്ധദിനത്തോടനുബന്ധിച്ചു ലഹരിവിരുദ്ധവാരാചരണം നടത്തി. വാരാചരണത്തിന്റെ ഉദ്ഘാടനം ജൂൺ 25-ാം തീയതി 11.30-ന് പാലാ സെന്റ് തോമസ് കോളജിൽ വച്ച് നടത്തി. കെ.സി.ബി.സി. മദ്യവിരുദ്ധ കമ്മീഷൻ ചെയർമാൻ മാർ സെബാസ്റ്റ്യൻ തെക്കെത്തേച്ചേരിൽ മുഖ്യാതിഥി ആയിരുന്നു. മാർ ജോസഫ് കല്ലറങ്ങാട്ട് അദ്ധ്യക്ഷത വഹിച്ചു. മാസ് മീഡിയ ഓഫീസർ കെ. ദേവ് ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. സെന്റ് തോമസ് കോളജ് പ്രിൻസിപ്പൽ ഡോ. കെ. കെ. ജോസ്, അഡാർട്ട് ഡയറക്ടർ ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, പ്രസാദ് കുരുവിള, സി. എൽസാ ടോം, സി. ജോസ്‌ലിൻ ഡി.എസ്.റ്റി. എന്നിവർ പ്രസംഗിച്ചു. മാത്യു മണിയഞ്ചിറ സ്വാഗതപ്രസംഗം നടത്തി.

രാമപുരം മാർ. ആഗസ്തീനോസ് കോളജിൽ ജൂലൈ 2-ാം തീയതി നടത്തിയ സമാപന സമ്മേളനത്തിൽ മോൺ. ഫിലിപ്പ് ഞരളക്കാട്ട് അദ്ധ്യക്ഷനായിരുന്നു. പാലാ ഡി.വൈ.എസ്.പി. വി.ടി. ജേക്കബ് ഉദ്ഘാടനം നിർവ്വഹിച്ചു. അഡാർട്ട് ഡയറക്ടർ ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, മാത്യു മണിയഞ്ചിറ, പ്രസാദ് കുരുവിള, രാമപുരം സി.ഐ. കെ. കുഞ്ഞുമോൻ, എ.ജെ. ജോസഫ്, കെ.എം. തോമസ്, ജോസ് ഫ്രാൻസീസ്, സി. സുരഭില എന്നിവർ പ്രസംഗിച്ചു.

## അഡാർട്ട് രജതജൂബിലി

പാലാ രൂപതയുടെ ആഭിമുഖ്യത്തിലും കേന്ദ്രഗവൺമെന്റിന്റെ കീഴിലും പ്രവർത്തി

ക്കുന്ന കേരളത്തിലെ ആദ്യത്തെ ലഹരിവിമോചനചികിത്സാപുനരധിവാസകേന്ദ്രമായ അഡാർഡ് ജൂലൈ 25-ാം തീയതി രജതജൂബിലി ആഘോഷിച്ചു.

രാവിലെ 10 മണിക്കാരംഭിച്ച പൊതുസമ്മേളനം മാർ ജോസഫ് പവ്വത്തിൽ ഉദ്ഘാടനം ചെയ്തു. മാർ ജോസഫ് കല്ലറങ്ങാട്ട് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ശ്രീ. കെ.എം. മാണി എം.എൽ.എ. മുഖ്യപ്രഭാഷണം നടത്തി. സാമൂഹികക്ഷേമവകുപ്പ് അഡീഷണൽ ഡയറക്ടർ കെ.കെ. മണി, മോൺ. ഫിലിപ്പ് ഞരളക്കാട്ട്, ഫാ. സെബാസ്റ്റ്യൻ പാട്ടത്തിൽ, RAD എൽ.സി. സെബാസ്റ്റ്യൻ, ഫാ. തോമസ് കെ.ഡി., ഫാ. മാത്യു പുതിയിടത്ത്, ഡോ. എസ്.ഡി. സിങ്ങ്, ഡോ. റോയി എബ്രാഹം, ഡോ. സി. ജോവാൻ ചുങ്കപ്പുര, ഫാ. തോമസ് തൈത്തോട്ടം, ഫാ. പോൾ കാരാച്ചിറ, മാത്യു മണിയഞ്ചിറ, കല്ലങ്കോടൻ അബ്ദുള്ള എന്നിവർ പ്രസംഗിച്ചു. എ.എ; അൽ-അനോൺ, അൽ-അറ്റീൻ അംഗങ്ങളുടെ വിവിധ കലാപരിപാടികളും നടന്നു.

2 മണി മുതൽ എ.എ., അൽ-അനോൺ, അൽ-അറ്റീൻ സംസ്ഥാനസംഗമം നടന്നു. സംഗമത്തിന്റെ ഉദ്ഘാടനം മാർ ജോസഫ് പള്ളിക്കാപറമ്പിൽ നിർവ്വഹിച്ചു. വിവിധ ഡീ-അഡിക്ഷൻ സെന്ററുകളിൽനിന്നും എത്തിയ എ.എ, അൽ-അനോൺ, അൽ-അറ്റീൻ അംഗങ്ങൾ അനുഭവവിവരണം നടത്തി. സിറിയക് കാപ്പൻ സ്വാഗതവും പാപ്പച്ചൻ മുത്തോലി കൃതജ്ഞതയും പറഞ്ഞു.

### ✦ ഫിൻഗോഡാപ്പ് കേരള ചാപ്റ്റർ മീറ്റ്

ലഹരിവിമോചനചികിത്സാകേന്ദ്രങ്ങളുടെ കേരളത്തിലെ സംഘടനയായ ഫിൻഗോടാപ്പ് കേരളചാപ്റ്ററിന്റെ ഒരു വിശേഷാൽ യോഗം ജൂലൈ 25-ാം തീയതി അഡാർട്ടിൽ വച്ച് നടത്തി. യോഗത്തിൽ ഫിൻഗോടാപ്പ് കേരള ചാപ്റ്റർ പ്രസിഡന്റ് എൻ.എം. സെബാസ്റ്റ്യൻ അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി ഫാ. തോമസ് കെ.ഡി. പ്രവർത്തനങ്ങൾ വിശദീകരിച്ചു. സാമൂഹികക്ഷേമവകുപ്പ് അഡീഷണൽ ഡയറക്ടർ കെ.കെ. മണി, യോഗം ഉദ്ഘാടനം ചെയ്തു. സോഷ്യൽ വെൽഫെയർ ഡിപ്പാർട്ടുമെന്റ് റീജണൽ ഡയറക്ടർ എൽസി പി. സെബാസ്റ്റ്യൻ, ഫ്രാൻസീസ് മൂത്തേടൻ, ഫാ. തോമസ് തൈത്തോട്ടം, ഫാ. പോൾ കാരാച്ചിറ എന്നിവർ പ്രസംഗിച്ചു.

### ✦ കുടുംബനവീകരണ ധ്യാനം

ജൂൺ 29, 30, ജൂലൈ-1 തീയതികളിൽ അഡാർട്ടിൽ ചികിത്സ കഴിഞ്ഞുപോയവർക്കായി കുടുംബനവീകരണധ്യാനം നടത്തി. ബ്ര. ലാലിച്ചൻ മേരികുളം & ടീം ധ്യാനത്തിന് നേതൃത്വം കൊടുത്തു.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ (ഡയറക്ടർ)**

## സോഷ്യൽ വെൽഫെയർ സൊസൈറ്റി

### ✦ ഭക്ഷ്യ സുരക്ഷാപദ്ധതി

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ തീക്കോയി, രാമപുരം എന്നീ പഞ്ചായത്തുകളിൽ ഭക്ഷ്യസുരക്ഷാപദ്ധതി നടപ്പിലാക്കുന്നു.



### ✦ കാടവളർത്തൽ പരിശീലനം

കേരളാ ലൈവ് സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്ററിന്റെ സഹകരണത്തോടെ തീക്കോയി പാരീഷ് ഹാളിൽ വച്ച് സൗജന്യ കാടവളർത്തൽ പരിശീലനം നടക്കും. ഓഗസ്റ്റ് 11-ന് ഉച്ചകഴിഞ്ഞ് 1.45 ന് ആരംഭിക്കുന്ന പരിശീലനത്തിന് ഡോ. സാജു ജോസഫ് നേതൃത്വം നൽകും.

### ✦ ജൈവഭരണി ഇൻസ്റ്റാൾമെന്റ് പദ്ധതി

സൊസൈറ്റിയുടെ ജൈവസുരക്ഷാപദ്ധതിപ്രകാരം ജൈവഭരണികൾ ഇൻസ്റ്റാൾമെന്റ് വ്യവസ്ഥയിൽ കരസ്ഥമാക്കുവാൻ അവസരം. ജൈവഭരണി, കമ്പോസ്റ്റ് ഉണ്ടാക്കുന്ന ലഘുലേഖ, മണ്ണിര എന്നിവ അടങ്ങുന്ന സെറ്റിന്റെ വില 450 രൂപയാണ്. താല്പര്യമുള്ളവർ പി.എസ്.ഡബ്ല്യു.എസ്. ഓഫീസുമായി ബന്ധപ്പെടുക.

### ✦ ബക്കരിഗാവ് യോജന

'ബക്കരിഗാവ് യോജന' എന്ന പേരിൽ ആടുവളർത്തൽ പദ്ധതി മംഗളഗിരി, ശാന്തിഗിരി, കടനാട്, കുറുഞ്ഞി, ചെമ്പിളാവ്, മംഗളാരാം, വാഗമൺ, വേഴങ്ങാനം, ഭരണങ്ങാനം, അയ്യംമ്പാറ, പയസ്മൗണ്ട്, മീനച്ചിൽ, പാലാ, മണിയംകുന്ന്, പറത്താനം, ഏന്തയാർ, വെള്ളിയാമറ്റം, കുടയത്തൂർ, എന്നീ ഇടവകകളിൽ ആരംഭിക്കുന്നു.

### ✦ രാമപുരം സോൺ കൗൺസിൽ

രാമപുരം സോൺ പ്രൊമോഷൻ കൗൺസിലിന്റെ ഉദ്ഘാടനവും കുടുംബസംഗമവും ഓഗസ്റ്റ് 8 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 1.30 ന് മാർ ആഗസ്തീനോസ് കോളജ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെടുന്നു.

### ✦ ഹരിതഗ്രാമം '09

ഹരിതഗ്രാമം '09 പദ്ധതി പ്രകാരം തേക്ക്, മഹാഗണി, രക്തചന്ദനം, ഈട്ടി, വിവിധ തരത്തിലുള്ള ഒട്ടുമാവിനങ്ങൾ, തേൻവരിക്ക, മുട്ടംവരിക്ക, നെല്ലി, സപ്പോട്ട, റമ്പുട്ടാൻ തുടങ്ങിയ വിവിധ ഇനത്തിലുള്ള വൃക്ഷതൈകൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന പ്രവർത്തനം 26, 27, 28 തീയതികളിലായി നടക്കും.

### ✦ അവാർഡ് നൽകുന്നു

എസ്.എസ്.എൽ.സി., +2 എന്നീ പരീക്ഷകളിൽ എല്ലാ വിഷയത്തിനും A+ കിട്ടിയ സ്വാശ്രയസംഘാംഗങ്ങളുടെ കുട്ടികൾക്ക് പി.എസ്.ഡബ്ല്യു.എസ്. അവാർഡ് നൽകുന്നു.

### ✦ മുട്ടക്കോഴി വിതരണം

കോതനല്ലൂർ, ഇലഞ്ഞി, മുട്ടുചിറ, കുറവിലങ്ങാട് എന്നീ സോണുകളിൽപ്പെട്ട സ്വാശ്രയസംഘങ്ങൾക്ക് പി.എസ്.ഡബ്ല്യു.എസ്. ന്റെ ആഭിമുഖ്യത്തിൽ മുട്ടക്കോഴി വിതരണം സംഘടിപ്പിക്കും.

### ✦ ചുരിദാർ കട്ടിംഗ് സൗജന്യപരിശീലനം

സൊസൈറ്റി വനിതകൾക്കായി പാലാ, ഷലോം, മുട്ടം, സിബിഗിരി പാരീഷ് ഹാൾ, മുട്ടുചിറ സീയോൺഭവൻ എന്നീ സ്ഥലങ്ങളിൽ വച്ച് വനിതകൾക്ക് ചുരിദാർ കട്ടിംഗിൽ സൗജന്യപരിശീലനം സംഘടിപ്പിച്ചു. നാലു ദിവസങ്ങളിലായി നടന്ന പരിശീലനത്തിന് 30 വനിതകൾ പങ്കെടുത്തു.

## ✦ 390000 രൂപാ പലിശരഹിത വായ്പ നൽകി

വിവിധ സ്വാശ്രയസംഘങ്ങളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട 26 ഗ്രൂപ്പുകൾക്ക് 390000 രൂപാ പലിശരഹിത വായ്പയായി വിതരണം ചെയ്തു.

## ✦ അടുക്കളത്തോട്ടം

മണ്ണാറപ്പാറ, കോതനല്ലൂർ, മാൻവെട്ടം, പെരുംതുരുത്ത്, കളത്തൂർ, തിരുമാറാടി, കാക്കൂർ, പിറവം, മുളക്കുളം, വടകര എന്നീ സ്വാശ്രയസംഘങ്ങളുടെ നേതൃത്വത്തിൽ എസ്.എച്ച്.ജി. അംഗങ്ങൾക്കായി അടുക്കളത്തോട്ടമത്സരം സംഘടിപ്പിക്കുന്നു.

## ✦ ആരോഗ്യസെമിനാർ

തീക്കോയി, പൂഞ്ഞാർ സോണുകളുടെ ആഭിമുഖ്യത്തിൽ ആരോഗ്യ സെമിനാർ നടത്തി.

## ✦ ഒരു രൂപയ്ക്ക് ഒരു വീടു പദ്ധതി

ഒരു രൂപയ്ക്ക് ഒരു വീടു പദ്ധതി പ്രകാരം ഉള്ളനാട്, മണ്ണാറപ്പാറ, അടിവാരം എന്നീ സ്ഥലങ്ങളിൽ ഓരോ ഭവനങ്ങൾ നിർമ്മിച്ചു.

## ✦ പുതിയ എസ്.എച്ച്.ജി.

ഭരണങ്ങാനം, മലയിഞ്ചിപ്പാറ, പൂഞ്ഞാർ എന്നീ സ്ഥലങ്ങളിൽ പുതിയ എസ്എച്ച്.ജി. കൾ പ്രവർത്തനമാരംഭിച്ചു.

## ✦ $Co_4$ പുൽക്കൂട വിതരണം

കാർഷികസർവ്വകലാശാല ഉൽപാദിപ്പിച്ച ഏറ്റവും പുതിയ പുല്ലിനമായ $co_4$ പുൽക്കൂടകളുടെ വിതരണം പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി നടത്തി വരുന്നു.

## ✦ സബ്സിഡി നിരക്കിൽ ഡിക്ഷനറി വിതരണം

ഡി.സി. ബുക്ക്സിന്റെ 295 രൂപാ വിലവരുന്ന ഇംഗ്ലീഷ്, മലയാളം, ഹിന്ദി ഡിക്ഷനറികൾ 180 രൂപാ സബ്സിഡി നിരക്കിൽ വിതരണം ചെയ്തുവരുന്നു.

**ഫാ. തോമസ് വാലുമ്മേൽ (ഡയറക്ടർ)**

# പാലാ കമ്മ്യൂണിക്കേഷൻസ്

## ✦ കടലോളം കനിവ്

ഈ വർഷം നമ്മളവതരിപ്പിക്കുന്ന ഏറ്റവും പുതിയ നാടകമാണ് കടലോളം കനിവ്. സ്നേഹത്തിന്റെ ആഴവും പരപ്പും എത്രമാത്രമായിരിക്കണമെന്ന് നമ്മെ കാണിച്ചുതരുന്ന ശക്തമായ കഥ. അനുഗൃഹീത നാടകകൃത്ത് ശ്രീ. ഫ്രാൻസീസ് റ്റി. മാവേലിക്കരയും, പ്രതിഭാധനനനായ സംവിധായകൻ ശ്രീ. വക്കം ഷക്കീറും വീണ്ടും പാലാ കമ്മ്യൂണിക്കേഷൻസിനുവേണ്ടി ഒന്നിക്കുന്നു. ഗാനങ്ങൾ: ശ്രീ. ഏഴാച്ചേരി രാമചന്ദ്രൻ , സംഗീതം ഫാ. ജയിംസ് വെണ്ണായിപ്പള്ളിൽ, പശ്ചാത്തലസംഗീതം: ശ്രീ. ആലപ്പി വിവേകാനന്ദൻ, രംഗകല: ആർട്ടിസ്റ്റ് സുജാതൻ എന്നിവരാണ് മുഖ്യഅണിയറ ശില്പികൾ. മലയാളനാടകഅരങ്ങിന്റെ സജീവസാന്നിധ്യമായ അഭിനയപ്രതിഭകൾ-തോമ്പിൽ



രാജശേഖരൻ, വൈക്കം ബിനു, ജോയ്സ് രാമപുരം, പ്രമോദ് വെളിയനാട്, വിജയമ്മ, ജൂലി ബിനു, സ്മിത റാംസിംഗ് എന്നിവർ നമുക്കായി ഒന്നിക്കുന്നു. ഓഗസ്റ്റ് ആദ്യവാരം കടലോളം കനിവ് അരങ്ങിലെത്തുന്നു.

## ✦ അൽഫോൻസാമ്മ

ഭാരതത്തിൽ നിന്ന് ആദ്യമായി ഒരു വിശുദ്ധ – അൽഫോൻസാമ്മ. അൽഫോൻസാമ്മയുടെ ജീവിതകഥയെ അടിസ്ഥാനമാക്കി 2008 നവംബർ 7-ന് വിശുദ്ധപദവി പ്രഖ്യാപനത്തോടനുബന്ധിച്ച് ആദ്യ അവതരണം നടത്തിയ നാടകം അൽഫോൻസാമ്മ ജൈത്രയാത്ര തുടരുന്നു. മലയാളത്തിലെ പ്രമുഖരായ നടീനടന്മാരെ അണിനിരത്തി പൂർണ്ണമായും റീസെറ്റ് ചെയ്ത അൽഫോൻസാമ്മ നാടകം 2009 ജൂൺ 1 മുതൽ അവതരിപ്പിക്കുന്നു. രചന: ഫ്രാൻസീസ് ടി. മാവേലിക്കര, സംവിധാനം: വക്കം ഷക്കീർ, ശ്രീ. കെ.പി.എ.സി. രാജഗോപാൽ, ആലപ്പി ത്യാഗരാജൻ, രാജപുരം മോഹൻ, ഉദയൻ കാരാപ്പുഴ, അമൽ ജ്യോതിസ്, കുടശ്ശനാട് കനകം, സിനി ഉദയൻ, രേവതി എന്നിവരാണ് അരങ്ങിൽ. ക്രിസ്ത്യൻ ദൈവാലയങ്ങൾ, സ്കൂളുകൾ, ഫൈൻ ആർട്സ് സൊസൈറ്റികൾ എന്നിവയ്ക്ക് യോജിച്ച നാടകം.

## ✦ പ്രിയമാനസം

പാലാ കമ്മ്യൂണിക്കേഷൻസ് ഇതിനോടകം അവതരിപ്പിച്ചിട്ടുള്ള പതിനൊന്നു നാടകങ്ങളിൽ, ഏറ്റവും ശക്തമായ പ്രമേയവുമായാണ് പ്രിയമാനസം കടന്നുവന്നത്. പ്രേക്ഷകരുടെ മുക്തകണ്ഠമായ പ്രശംസ ഈ നാടകത്തിനു ലഭിക്കുകയും ചെയ്തു. ഈ നാടകം വീണ്ടും അവതരിപ്പിക്കണം എന്നു പല കോണുകളിൽ നിന്നും ഉയർന്ന ആവശ്യം പരിഗണിച്ച് പ്രിയമാനസം നാടകം പാലാ കമ്മ്യൂണിക്കേഷൻസ് വീണ്ടും അരങ്ങെത്തെത്തിക്കുകയാണ്. മുമ്പ് പ്രിയമാനസം നാടകത്തെ തങ്ങളുടെ അഭിനയപ്രതിഭകൊണ്ട് ധന്യരാക്കിയ ശ്രീ. കെ.പി.എ.സി. രാജഗോപാൽ, ശ്രീ. ഉദയൻ കാരാപ്പുഴ, സിനി ഉദയൻ എന്നിവർ ഈ നാടകത്തിൽ വീണ്ടും ഒന്നിക്കുന്നു. ആലപ്പി ത്യാഗരാജൻ, രാജപുരം മോഹൻ, അമൽ ജ്യോതിസ്, കുടശ്ശനാട് കനകം, രേവതി എന്നിവരാണ് മറ്റു നടീനടന്മാർ. 2009 ഓഗസ്റ്റ് 15-മുതൽ ഈ നാടകം അവതരിപ്പിക്കുന്നു.

## ✦ ചെണ്ടമേളം

കേരളീയർക്ക് ചെറുതെങ്കിലും ചെണ്ടമേളമില്ലാതെ ഒരു ആഘോഷമുണ്ടോ? ഇതാദ്യമായി പാലാ കമ്മ്യൂണിക്കേഷൻസിന്റെ കീഴിൽ പ്രസിദ്ധ സംഗീതജ്ഞൻ ശ്രീ. പൂഞ്ഞാർ വിജയന്റെ നേതൃത്വത്തിൽ 20-പതിൽ പരം പ്രഗത്ഭരായ ചെണ്ടമേളക്കാർ ചെണ്ടയിലെ എല്ലാ മേളങ്ങളുമായി 2009 ഓഗസ്റ്റ് ആദ്യവാരം അരങ്ങിലേയ്ക്കു കടന്നുവരുന്നു. സഹകരിക്കുക, പ്രോത്സാഹിപ്പിക്കുക.

## ✦ കുട്ടികൾക്കായി ലഘുനാടകം

“ഈ കുട്ടികൾക്ക് എന്തു പിഴച്ചു?” വഴിതെറ്റുന്ന, ഇടറി വീഴുന്ന കൗമാര മനസ്സുകളെ നോക്കി നമ്മൾ വിലപിക്കുന്നു. കുട്ടികൾക്കുനേരെ ചൂണ്ടുവിരൽ നീട്ടുമ്പോൾ തന്നെ മറ്റു നാലു വിരലുകൾ നമ്മുടെ നേരെ തന്നെയാണ് തിരിഞ്ഞിരിക്കുന്നതെന്ന തിരിച്ചറിവു നമുക്കു വേണം. ഇതു മുന്നിൽക്കണ്ട് പാലാ കമ്യൂണിക്കേഷൻസ് മന:ശാസ്ത്രജ്ഞരുടെയും വിദ്യാഭ്യാസവിചക്ഷണന്മാരുടെയും നാടകപ്രവർത്തകരുടെയും സഹകരണത്തോടെ കുട്ടികൾക്കും മാതാപിതാക്കൾക്കും രക്ഷകർത്താ

ക്കൾക്കുമായി ഒരു ലഘുനാടകവും ക്ലാസും ചേർന്ന ഒരു പ്രോഗ്രാം പാലാ കമ്യൂണിക്കേഷൻസ് അണിയിച്ചൊരുക്കുന്നു. നാടകത്തിന്റെ രചന : ഫ്രാൻസീസ് ടി. മാവേലിക്കര. ഇടവകകൾ, സൺഡേ സ്കൂളുകൾ, സ്കൂളുകൾ എന്നിവിടങ്ങളിൽ ശനി, ഞായർ, അവധി ദിവസങ്ങളിൽ വളരെ ചുരുങ്ങിയ ചെലവിൽ അവതരിപ്പിക്കാൻ പാകത്തിൽ രൂപപ്പെടുത്തിയിരിക്കുന്ന ഈ പ്രോഗ്രാം സെപ്റ്റംബർ മാസം 15-ാം തീയതിയോടുകൂടി സജ്ജമാകുന്നു. കൂടുതൽ വിവരങ്ങൾക്കും ബുക്കിംഗിനും ഓഫീസുമായി ബന്ധപ്പെടുക.

### ✦ ശ്രദ്ധയ്ക്ക്

നമ്മുടെ പള്ളികളിലെ തിരുനാളുകൾ അടുത്തുവരുന്നതിനാൽ എത്രയുംവേഗം പ്രോഗ്രാമുകൾ ബുക്കു ചെയ്യുവാൻ ശ്രദ്ധിക്കുമല്ലോ.

**ഫാ. ജയിംസ് വെണ്ണായിപ്പിള്ളിൽ (ഡയറക്ടർ)**

## ഏ.കെ.സി.സി.

### ✦ റിസോഴ്സ് ടീം സമ്മേളനം

രൂപതാ റിസോഴ്സ് ടീം സമ്മേളനം ജൂൺ 28-ന് മുണ്ടാങ്കൽ പാരീഷ് ഹാളിൽ ചേർന്നു. ബിഷപ് മാർ. ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം നിർവ്വഹിച്ചു. റവ. ഡോ. അഗസ്റ്റിൻ കൂട്ടിയാനിയിൽ ക്ലാസ് നയിച്ചു. പ്രസിഡന്റ് എം.എം. ജേക്കബ് അദ്ധ്യക്ഷത വഹിച്ചു. ചർച്ചകൾക്ക് റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ നേതൃത്വം നല്കി.

### ✦ രൂപതാസമിതി

രൂപതാഭാരവാഹികളുടെ യോഗം ജൂലൈ 26-ന് ചേർന്നു. സംഘടനാപ്രവർത്തനങ്ങൾ വിലയിരുത്തി. രൂപതാവാർഷികം സെപ്റ്റംബറിൽ നടത്തുവാനും ആഗസ്റ്റ് സെപ്റ്റംബർ മാസങ്ങളിലായി എല്ലാ യൂണിറ്റ് മേഖലാ കൺവൻഷനുകൾ നടത്തുവാനും തീരുമാനിച്ചു.

### ✦ പാലാ മേഖലാ സമ്മേളനം

പാലാ മേഖലാ സമ്മേളനം കത്തീഡ്രൽ പാരീഷ്ഹാളിൽ ചേർന്നു. പ്രസിഡന്റ് രാജീവ് കൊച്ചുപറമ്പിൽ അദ്ധ്യക്ഷത വഹിച്ചു. റവ. ഡോ. അലക്സ് കോഴിക്കോട്ട് ഉദ്ഘാടനം നിർവ്വഹിച്ചു. സ്വവർഗ്ഗരതി നിയമവിധേയമാക്കാനുള്ള നീക്കത്തിൽ യോഗം പ്രതിഷേധം രേഖപ്പെടുത്തി.

### ✦ ചേർപ്പുങ്കൽ മേഖലാ സമ്മേളനം

ചേർപ്പുങ്കൽ മേഖലാ സമ്മേളനം ചേർന്നു. പ്രസിഡന്റ് രാജു വയലിൽ അദ്ധ്യക്ഷത വഹിച്ചു. റവ. ഫാ. അഗസ്റ്റിൻ കുഴുപ്പൻകുറ്റി ഉദ്ഘാടനം നിർവ്വഹിച്ചു. മേഖലാ പ്രവർത്തനങ്ങൾ സജീവമാക്കാൻ നിർദ്ദേശങ്ങൾ ഉണ്ടായി.

### ✦ മണ്ണയ്ക്കനാട് സെമിനാർ

യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ സെമിനാർ നടന്നു. റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ ക്ലാസ് നയിച്ചു. ഫാ. ജോസഫ് വെട്ടം സംസാരിച്ചു.



### ✦ ഇടവക സന്ദർശനം

യൂണിറ്റ് രൂപീകരണത്തിനായി രൂപതാ മേഖലാ ഭാരവാഹികൾ പാദുവ, ചെമ്പിളാവ്, മഞ്ഞാമറ്റം, മറ്റക്കര, കാഞ്ഞിരമറ്റം, മണലുങ്കൽ, കരിമ്പാനി, പാളയം എന്നീ ഇടവകകൾ സന്ദർശിച്ചു.

### ✦ പ്രതിഷേധങ്ങൾ

സ്വവർഗ്ഗരതി നിയമവിധേയമാക്കാനുള്ള കേന്ദ്രസർക്കാർനീക്കം സംസ്ഥാന സർക്കാരിന്റെ വികലമായ വിദ്യാഭ്യാസനയംമൂലം വിദ്യാർത്ഥികളുടെ എണ്ണത്തിലുണ്ടായ കുറവ്, പാഠനിരൂപണത്തിലൂടെ സമുദായത്തെയും സമുദായനേതൃത്വത്തെയും അധിക്ഷേപിക്കാനുള്ള നീക്കം. ഈ ആനുകാലികപ്രശ്നങ്ങൾ രൂപതാസമിതി ചർച്ച ചെയ്യുകയും പ്രതിഷേധപ്രമേയങ്ങൾ ബന്ധപ്പെട്ടവർക്ക് നൽകുകയും ചെയ്തു.

**സാജു അലക്സ് കോഴിക്കോട്ട് (ജനറൽ സെക്രട്ടറി)**

## നിര്യാതരായി

### സി. ജയിൻ (സി.എം.സി.)

രാമപുരം കർമ്മലീത്താ മഠാംഗമായിരുന്ന സി. ജയിൻ (സി.എം.സി.) (93 വയസ്സ്) 29-06-2009 തിങ്കളാഴ്ച 7 pm ന് കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. ജൂലൈ 1-ാം തീയതി രാവിലെ 10 മണിക്ക് മഠം ചാപ്പലിൽ അമ്മയുടെ സഹോദരിപുത്രൻ റവ. ഫാ. അഗസ്റ്റിൻ കടുകമ്മാക്കലിന്റെ മുഖ്യകാർമ്മികത്വത്തിൽ അർപ്പിച്ച സമൂഹബലിയെത്തുടർന്ന് പാലാ രൂപതാ വികാരി ജനറാൾ വെരി. റവ. ഫാ. ഫിലിപ്പ് ഞരളക്കാട്ടിന്റെ പ്രധാനകാർമ്മികത്വത്തിൽ രാമപുരം സെന്റ് അഗസ്റ്റിൻസ് പള്ളി സിമിത്തേരിയിൽ മൃതദേഹം സംസ്കരിച്ചു.

തന്നാൽ കഴിയുന്ന സഹായം മറ്റുള്ളവർക്ക് ചെയ്തു കൊടുക്കുന്നതിനും അവരുടെ ക്ഷേമൈശ്വര്യങ്ങൾ അന്വേഷിക്കുന്നതിലും തൽപരയായിരുന്ന ജയിനമ്മ സ്നേഹസമ്പന്നമായ ഒരു ഹൃദയത്തിന്റെ ഉടമയായിരുന്നു. മരണക്കിടക്കവരെ സന്യാസാരൂപിയോടുകൂടി മുടക്കംവരാതെ കാനോന നമസ്കാരം, ജപമാല, പ്രാർത്ഥന എന്നിവ നിവർത്തിച്ചിരുന്നത് ഏവർക്കും വലിയൊരു മാതൃക തന്നെയായിരുന്നു. ചെറിയ കാര്യങ്ങളിൽ വിശ്വസ്തയായിരുന്ന ജയിനമ്മയുടെ പാവനസ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ.

### സി. ഫിലിപ്പുനേരി സി.എം.സി.

തുടങ്ങനാട് മഠാംഗമായിരുന്ന സി. ഫിലിപ്പുനേരി (81) 2009 ജൂലൈ 20-ാം തീയതി തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് 1.30 ന് കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. 22-ാം തീയതി രാവിലെ 9.30 ന് മഠം വക ചാപ്പലിൽ സംസ്കാരശുശ്രൂഷകൾ വെരി. റവ. ഫാ. ജോർജ് ചൂരക്കാട്ടച്ചന്റെ നേതൃത്വത്തിൽ ആരംഭിച്ച് തുടങ്ങനാട് സെന്റ് തോമസ് ഫൊറോനാ പള്ളിയിൽ വച്ചു നടന്ന സമൂഹബലിക്കുശേഷം നിരവധി വൈദികരുടെയും സിസ്റ്റേഴ്സിന്റെയും ബന്ധുമിത്രാദികളുടെയും സാന്നിധ്യത്തിൽ സി.എസ്.ടി. സുപ്പീരിയർ ജനറൽ, റവ. ഫാ. മാത്യു കുമ്പയ്ക്കലിന്റെ പ്രധാനകാർമ്മികത്വത്തിൽ മൃതദേഹം സംസ്കരിച്ചു. അമ്മയിൽ അധികാരവിധേയത്വം പ്രത്യേകമായി നിഴലിച്ചിരുന്നു. സംഗീതാദ്ധ്യാപികയായിരുന്ന അമ്മ കുട്ടികളെയും സഹപ്രവർത്തകരെയും ആഴമായി സ്നേഹിച്ചിരുന്നു. അവരെ ഈശോയിലേക്ക് പ്രത്യേകം നയിക്കാനും ശ്രദ്ധിച്ചിരുന്നു. അമ്മയുടെ പാവനസ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

# PRAYER DAY (REF. VOL. XXXV NO.1)

## ( 2009 Aug. 15 - 2009 September. 14)

**Rev. Fathers, Very Rev. Fathers**

| | | |
|---|---|---|
| 1. | Maniangatt Thomas | Aug. 15 |
| 2. | Maniangatt Zacharias | 16 |
| 3. | Maniakkumpara Sebastian | 17 |
| 4. | Manjappallymyalil Jose | 18 |
| 5. | Mannanal Joseph | 19 |
| 6. | Mannookusumbil George | 20 |
| 7. | Mannoor Thomas | 21 |
| 8. | Mannoor Sebastian | 22 |
| 9. | Mannoor Zacharias | 23 |
| 10. | Maprekarottu Sebastian | 24 |
| 11. | Mathilakath Mathew | 25 |
| 12. | Mathothu Kurian | 26 |
| 13. | Mattam Joseph | 27 |
| 14. | Mattam John | 28 |
| 15. | Mattam Kurian | 29 |
| 16. | Mattappally Mathew | 30 |
| 17. | Mattamundayil John | 31 |
| 18. | Mattathil Philip | Sept.1 |
| 19. | Mekkattukunnel Andrews | 2 |
| 20. | Melvettam Thomas | 3 |
| 21. | Menachery Thomas | 4 |
| 22. | Meyickel Joseph | 5 |
| 23. | Moolayil Sebastian | 6 |
| 24. | Moolayil Thomas | 7 |
| 25. | Moolechalil Thomas | 8 |
| 26. | Moolechalil George | 9 |
| 27. | Moolakunnel Alexander | 10 |
| 28. | Moongamackal Vincent | 11 |
| 29. | Moonnanappally Joseph | 12 |
| 30. | Moosariparampil Mathew | 13 |



# അഭിവന്ദ്യ പിതാവിന്റെ ഡയറിയിൽ നിന്ന്

## മാർ ജോസഫ് കല്ലറങ്ങാട്ട്

ജൂലൈ 1

9.30 am പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്ന ബഹു. വൈദികരുടെ തുടർപരിശീലന ക്ലാസ്സിൽ പങ്കെടുത്തു.

ജൂലൈ 2

9.30 am പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്ന ബഹു. വൈദികരുടെ തുടർപരിശീലന ക്ലാസ്സിൽ പങ്കെടുത്തു.

3.00 pm സെന്റ് തോമസ് പ്രസ്സ് വെഞ്ചിരിച്ച് സന്ദേശം നല്കി.

ജൂലൈ 3

9.30 am ദുക്റാന തിരുനാളിനോടനുബന്ധിച്ച് കത്തീഡ്രലിൽ റാസ കുർബാന അർപ്പിച്ച് സന്ദേശം നല്കി.

12.00 noon കത്തീഡ്രൽ ഇടവക പൊടിമറ്റത്തിൽ പി. റ്റി. ജോർജിന്റെ മൃതദേഹത്തിനരുകിൽ ഒപ്പീസ് ചൊല്ലി സന്ദേശം നല്കി.

3.00 pm കുറവിലങ്ങാട് കെ.സി.വൈ.എം. സംഘടനയുടെ കോറൽ ജൂബിലി സമ്മേളനത്തിൽ പങ്കെടുത്തുസന്ദേശം നൽകി.

4.00 pm കുറവിലങ്ങാട് ദേവമാതാ കോളേജിൽ പുനരുദ്ധരിച്ച ലൈബ്രറി ബ്ലോക്കിന്റെ ഉദ്ഘാടനം നടത്തി.

5.00 pm കുറവിലങ്ങാട് സെന്റ് മേരീസ് പള്ളിയുടെ പുതിയതായി നിർമ്മിച്ച കൊടിമരത്തിന്റെ വെഞ്ചിരിപ്പുകർമ്മം നടത്തി.

7.30 pm പാലാ മൈനർ സെമിനാരിയിൽ ദുക്റാന തിരുനാളിനോടനുബന്ധിച്ചുള്ള കലാപരിപാടികളിൽ പങ്കെടുത്തു.

ജൂലൈ 4

10.00 am പുനരുദ്ധാരണം നടത്തിയ വെള്ളിയാമറ്റം സെന്റ് ജോർജ് പള്ളിയുടെ കൂദാശാകർമ്മം നടത്തുകയും വി. കുർബാന അർപ്പിച്ച് കുട്ടികൾക്ക് തൈലാഭിഷേകം നല്കുകയും ചെയ്തു.

3.00 pm അരമനയിൽ വച്ചു നടന്ന ലൂമൻ സ്റ്റഡി സെന്ററിന്റെ മീറ്റിംഗിൽ പങ്കെടുത്തു.

ജൂലൈ 4-5

വേഴങ്ങാനം ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്തി.

ജൂലൈ 6

11.30 am അരമനയിൽ വച്ച് നടന്ന എ.ഡി.സി.പി. യുടെ എക്സിക്യൂട്ടീവ് മീറ്റിംഗിൽ പങ്കെടുത്തു.

3.00 pm അരമനയിൽ വച്ച് നടന്ന ഇൻഫാമിന്റെ മീറ്റിംഗിൽ പങ്കെടുത്തു.

ജൂലൈ 8

4.30 pm പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്ന വിവാഹ ഒരുക്ക സെമിനാറിൽ സന്ദേശം നല്കി.

ജൂലൈ 10

11.00 am അരമനയിൽ വച്ച് അരുവിത്തുറ എസ്.ജി.സി. ചാനലിന്റെ മീറ്റിംഗിൽ പങ്കെടുത്തു.

ജൂലൈ 11

11.00 am കളത്തൂക്കടവ് പള്ളിയിൽ വച്ച് ഒരു വിവാഹം ആശീർവദിച്ചു.

12.30 pm വിവാഹം അന്തീനാട് പള്ളിയിൽ ബഹു. ബർക്കുമാൻസ് കുന്നുംപുറം അച്ചന്റെ ജൂബിലി ആഘോഷത്തിൽ പങ്കുചേർന്ന് സന്ദേശം നല്കി.

ജൂലൈ 12-16

ബഹു. വൈദികരുടെ ആദ്യബാച്ച് ധ്യാനത്തിൽ പങ്കുചേർന്നു.

ജൂലൈ 13

12.30 pm മാത്യു മണിക്കൊമ്പേൽ സി.എം.ഐ. അച്ചന്റെ മൃതസംസ്കാരശുശ്രൂഷയിൽ സംബന്ധിച്ചു.

ജൂലൈ 16

11.00 am പുനർനിർമ്മാണം നടത്തിയ പ്രവിത്താനം ലയോബ മഠത്തിന്റെ വെഞ്ചിരിപ്പ് കർമ്മം നടത്തി.

ജൂലൈ 17

3.00 pm മാൻവെട്ടം ഇടവകയിൽ പെരിയ ബഹു. തോട്ടുവേലിൽ സഖറിയാസ് അച്ചന്റെ അമ്മയുടെ മൃതസംസ്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

ജൂലൈ 18

11.00 am എസ്. എച്ച്. പ്രൊവിൻഷ്യൽ ഹൗസിൽ നടന്ന റിന്യുവൽ അസംബ്ലിയിൽ പങ്കെടുത്ത് സന്ദേശം നല്കുകയും പുതിയതായി പണിയുന്ന കെട്ടിടത്തിന് തറക്കല്ലിടുകയും ചെയ്തു.

3.00 pm ഭരണങ്ങാനത്തു നിന്ന് കെ.എസ്.ടി.യുടെ നേതൃത്ത്വത്തിൽ ആരംഭിക്കുന്ന അൽഫോൻസാമ്മയുടെ ഭൗതികാവശിഷ്ട പ്രയാണം ഉദ്ഘാടനം ചെയ്ത് സന്ദേശം നല്കി.

ജൂലൈ 18-19

ചിറ്റാർ പള്ളിയിൽ ഇടയനടുത്ത സന്ദർശനം നടത്തി.

3.30 pm പ്ലാശനാൽ പള്ളിയിൽ പുതിയതായി നിർമ്മിച്ച പാരീഷ് ഹാളിന്റെ വെഞ്ചിരിപ്പ് കർമ്മം നടത്തി.

ജൂലൈ 19-23

ബഹു. വൈദികരുടെ രണ്ടാം ബാച്ച് ധ്യാനത്തിൽ പങ്കുചേർന്നു.



ജൂലൈ 20

9.00 am ബാങ്ക് ഓഫ് ബറോഡയുടെ പാലാ ശാഖ ഉദ്ഘാടനം ചെയ്തു പ്രസംഗിച്ചു.

3.00 pm മരിയൻ സെന്റർ ആശുപത്രിയിൽ രോഗീസന്ദർശനം നടത്തി.

ജൂലൈ 22

3.00 pm മരിയൻ സെന്റർ, കാർമ്മൽ ആശുപത്രികളിൽ രോഗികളായി കിടക്കുന്ന ബഹു. വൈദികരെ സന്ദർശിച്ചു.

ജൂലൈ 23

3.30 pm അരുവിത്തുറ ഇടവകയിൽപ്പെട്ട ബഹു. വെട്ടുകാട്ടിൽ തോമസച്ചന്റെ അമ്മയുടെ മൃതസംസ്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

ജൂലൈ 24

3.00 pm അരമനയിൽ വച്ച് നടത്തിയ ഇവാൻജലൈസേഷൻ പ്രോഗ്രാമ്സിന്റെ ബൈബിൾ കൺവെൻഷൻ അവലോകന മീറ്റിംഗിൽ പങ്കെടുത്തു.

5.00 pm മുട്ടുചിറ ഹോളി ഗോസ്റ്റ് ആശുപത്രിയിൽ പുതിയതായി ആരംഭിക്കുന്ന പാലിയേറ്റീവ് കെയർ സെന്ററിന് തറക്കല്ലിട്ടു.

6.30 am മേലുകാവുമറ്റം പള്ളിയിൽ വി. കുർബാന അർപ്പിച്ചു.

10.30 am അഡാർട്ടിന്റെ ജൂബിലി സമ്മേളനത്തിൽ പങ്കെടുത്ത് സന്ദേശം നല്കി.

12.30 pm മുത്തോലപുരം ഇടവകയിൽ നിന്നും വൈദീകപട്ടം സ്വീകരിച്ച വാട്ടപ്പള്ളിൽ ജോസഫച്ചന് അനുമോദനം അർപ്പിച്ചു.

ജൂലൈ 25-26

പെരുംതുരുത്ത് പള്ളിയിൽ ഇടയനടുത്ത സന്ദർശനം നടത്തി.

4.00 pm സീയോൻ തീയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്ന ചടങ്ങിൽ തിയോളജി കോഴ്സ് പൂർത്തിയാക്കിയവർക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

ജൂലൈ 27

3.00 pm ചേർപ്പുങ്കൽ മാർ സ്ലീവാ നേഴ്സിംഗ് കോളേജ് സന്ദർശിച്ചു.

ജൂലൈ 28

10.00 am ഭരണങ്ങാനം പള്ളിയിൽ വി. അൽഫോൻസാമ്മയുടെ തിരുനാളിനോട് അനുബന്ധിച്ച് തിരുനാൾ റാസ അർപ്പിച്ചു.

8.30. pm അരമനയിൽ ബഹു. വേങ്ങയിൽ അച്ചന്റെ ബഹുമാനാർത്ഥം നടത്തിയ അത്താഴവിരുന്നിൽ പങ്കെടുത്തു.

ജൂലൈ 29

7.00 am വാകക്കാട് പള്ളിയിൽ വി. കുർബാന അർപ്പിക്കുകയും കുട്ടികളെ എഴുത്തിനിരുത്തുകയും ചെയ്തു.

ജൂലൈ 30

11.00 am അരമനയിൽ മാർ സ്ലീവ മെഡിക്കൽ സെന്ററിന്റെ മീറ്റിംഗിൽ പങ്കെടുത്തു.

ജൂലൈ 31

10.00 am പാലാ സെന്റ് തോമസ് കോളേജിന്റെ 60-ാം വാർഷികസമ്മേളനത്തിൽ പങ്കെടുത്ത് വി.കുർബാന അർപ്പിച്ച് സന്ദേശം നൽകി.

---

# *Bishop's Engagements*

## Mar Joseph Kallarangatt

***August - 2009***

| | | |
|---|---|---|
| August 01 | 09.30am | Kavumkandom: Ordination Dn. Antony Thayyil |
| | 03.00pm | St. Thomas Press Board Meeting |
| 01-02 | | Engaged |
| 03 -08 | | KCBC |
| 04 | 09.30am | Ramapuram: Presbyterium |
| 09-16 | | Manila: Asian Bishop's Conference |
| 17-28 | | Kakkanadu: Synad |
| 29 | | Engaged |
| | 29-30 | Teekoy :Pastoral Visit |
| 31 | 11.00am | Arakulam : Marriage Blessing |
| | 06.00pm | Monthly Recollection |
| September 2009 | | |
| 01 | 03.00pm | Presbytal Council |
| 02 | | |
| 03-October 04 | | Rome |








## പ്രത്യേകം ശ്രദ്ധിക്കാൻ

അഭിവന്ദ്യ പിതാവിന്റെ ഇടയലേഖനങ്ങൾ, പ്രസംഗങ്ങൾ, വിവിധങ്ങളായ മറ്റു പരിപാടികൾ എന്നിവ ടെക്സ്റ്റുകളായും വീഡിയോകളായും ഓൺ ലൈനിൽ ലഭ്യമാണ്.

**സന്ദർശിക്കുക:**

**www.bishopjosephkallarangatt.com**

---

2009 ജൂലൈ മാസം മുതൽ നമ്മുടെ രൂപത ബുള്ളറ്റിനായ സാന്ത്വനപ്രകാശം വെബ്സൈറ്റിൽ നിന്നും ലഭിക്കുന്നതാണ്.

**സന്ദർശിക്കുക:**

**www.palaidiocese.com, www.palaidiocese.in**


## പാലാ കമ്മ്യൂണിക്കേഷൻസ്

അവതരിപ്പിക്കുന്ന 12-ാ മത് നാടകം

**കടലോളം കനിവ്**

**ചെണ്ടമേളം**

എന്നിവ അരങ്ങിലേക്ക്

**ഔദ്യോഗിക ഉദ്ഘാടനം**

2009 ഓഗസ്റ്റ് 17-ന് 6.00 pm ന്

പാലാ മുനിസിപ്പൽ ടൗൺ ഹാളിൽ വച്ച്

ഏവർക്കും സ്വാഗതം

✶ മറ്റു പ്രോഗ്രാമുകൾ ✶

ഗാനമേള, നാടകങ്ങൾ-അൽഫോൻസാമ്മ, പ്രിയമാനസം, വചനവിസ്മയം, മാജിക് ഷോ, ബാൻഡ് മേളം, ചർച്ച് ക്വയർ, റിക്കോർഡിംഗ് സ്റ്റുഡിയോ